# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഡിസംബർ 9 | ദീപം 54 | നാളം 36 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




## കടക്കെണിയിൽ മുങ്ങുന്ന കേരളം




പ്രഫ. റോണി കെ. ബേബി


കേരളം കടുത്ത സാമ്പത്തികപ്രതിസന്ധിയിലൂടെയാണു കടന്നുപോകുന്നതെന്നു സൂചിപ്പിച്ചുകൊണ്ട് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സി.എ.ജി) കഴിഞ്ഞ ദിവസം നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ട് ഭരണാധികാരികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തെ പൊതുകടം 32.07 ശതമാനമായി ഉയർന്നെന്നും മുൻവർഷത്തേക്കാൾ 1.02 ശതമാനമാണ് ഈ വർദ്ധനയെന്നും റിപ്പോർട്ടിൽ പറയുന്നു. കേരളത്തിലെ റവന്യൂവരുമാനത്തിന്റെ 21 ശതമാനവും ഉപയോഗിക്കുന്നത് വായ്പ തിരിച്ചടവിനാണെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി മുൻവർഷത്തെക്കാൾ വർദ്ധിച്ചു. പലതരം നികുതികൾവഴി ലഭിക്കുന്ന റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഭീമമായി വർദ്ധിക്കുന്നു. ചെലവു കൂടുമ്പോഴാണ് കമ്മി വരുന്നത്. കമ്മി നികത്താൻ കടമെടുക്കുന്നു, കടത്തിന്റെ പലിശ കൊടുക്കാൻ വീണ്ടും കടമെടുക്കുന്നു തുടങ്ങിയ പരാമർശങ്ങളാണ് സി എ ജി റിപ്പോർട്ടിൽ നടത്തിയിരിക്കുന്നത്.

### പെരുകുന്ന പൊതുകടം

നിലവിൽ എല്ലാ മാസവും കേരളം വാങ്ങിക്കൂട്ടുന്നത് ഏകദേശം മൂവായിരം കോടിയോളം രൂപയുടെ കടമാണ്. ഓരോ മലയാളിയുടെയും ബാധ്യത നിലവിൽ ഒരു ലക്ഷം രൂപയോളമാണ്. സംസ്ഥാനത്തിന്റെ കടബാധ്യതയിൽ പകുതിയിലേറെ 2025 നകം കൊടുത്തുതീർക്കണമെന്നാണ് സി എ ജി 2018 ൽ കണ്ടെത്തിയത്. 71,698.62 കോടി രൂപയാണ് ഈ കാലയളവിനുള്ളിൽ കൊടുത്തുതീർക്കേണ്ടിവരിക. ഇതുമൂലം വരുംവർഷങ്ങളിൽ സാമ്പത്തികപ്രതിസന്ധി കൂടുതൽ രൂക്ഷമാകും. വരുമാനമിടിയുകയും ചെലവേറുകയും ചെയ്യുമ്പോൾ കമ്മിയുണ്ടാകുമെന്ന ലളിതമായ സാമ്പത്തികചിന്തതന്നെയാണ് കേരളത്തിലെ ഈ പ്രതിസന്ധിക്കു മുഖ്യമായ കാരണം.

2016-17 സാമ്പത്തികവർഷം കേരളത്തിന്റെ റവന്യൂവരുമാനം 75,612 കോടിയായിരുന്നു. ചെലവ് 91,096 കോടിയും. 15,484 കോടി അധികം ചെലവഴിച്ചു. 2015 - 2016 ൽ 69,033 കോടി വരവും 78,690 കോടി ചെലവുമാണ്. 9,657 കോടി അധികം കടം. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റശേഷം ധനമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റു പ്രകാരം 2021 - 2022 ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് റവന്യൂവരവ് 1,30,981.06 കോടിയും റവന്യൂചെലവ് 1,47,891.18 കോടിയുമാണ്. 16,910.12 കോടിയാണ് റവന്യൂകമ്മി. കഴിഞ്ഞ വർഷമിത് 15,201.47 കോടിയായിരുന്നു. അതായത്, 1,708.65 കോടി രൂപയാണ് ഒരു വർഷംകൊണ്ട് റവന്യൂ കമ്മി കൂടിയത്. കഴിഞ്ഞ സാമ്പത്തികവർഷം മാത്രം പൊതുകടത്തിൽ 1.02 ശതമാനമാണ് വർദ്ധനയുണ്ടായിരിക്കുന്നത്. 1956 നവംബർ ഒന്നുമുതൽ 1991 വരെയുള്ള 35 വർഷത്തെ കേരളത്തിന്റെ ആകെ കടം 4,717 കോടി രൂപയായിരുന്നുവെങ്കിൽ പിന്നീടുള്ള 30 വർഷംകൊണ്ട് പൊതുകടം 2,74,136 കോടി രൂപയിൽ എത്തിയിരിക്കുന്നു.

കേരളത്തിന്റെ റവന്യൂവരുമാനത്തിൽ വലിയ കുതിച്ചുചാട്ടം ഉണ്ടാകുമ്പോഴാണ് പൊതുകടം ഇങ്ങനെ ഭീമമായി പെരുകുന്നതെന്നതു ശ്രദ്ധേയമാണ്. 2015 - 2016 ൽ 69,033 കോടി രൂപയായിരുന്നു റവന്യൂവരുമാനമെങ്കിൽ 2019 - 2020 ൽ അത് 90,225 കോടി രൂപയായിരിക്കുന്നു. എന്നാൽ, ഈ റവന്യൂ വരുമാനത്തിന്റെ 21 ശതമാനവും ചെലവഴിച്ചത് മുൻവായ്പകളുടെ പലിശ അടയ്ക്കുന്നതിനാണ്. 1956 ൽ നിലവിൽ വന്ന സംസ്ഥാനത്ത് റവന്യൂ പ്രതിസന്ധി ആദ്യം ഉടലെടുത്തത് 1980-81 ലാണ്. 668 കോടി റവന്യൂ ചെലവുണ്ടായ ആ സാമ്പത്തികവർഷം 26 കോടി കമ്മിയുണ്ടായി. 1981-82 ലും 1982-83 ലും ധനസ്ഥിതി വീണ്ടും മെച്ചപ്പെട്ടു. യഥാക്രമം 96 ഉം 27 ഉം കോടി വീതം മിച്ചമുണ്ടായി. അതിനുശേഷം കഴിഞ്ഞ 35 വർഷത്തിനിടയിൽ ഒരിക്കൽപ്പോലും ബജറ്റിൽ മിച്ചമുണ്ടായിട്ടില്ല.

▶ 5

## ഒമിക്രോൺ അപകടകാരിയോ?







ഡോ. ജെസ്‌ലിൻ ജോഷി


2019 ഡിസംബറിൽ സെൻട്രൽ ചൈനയിലെ വുഹാൻ പട്ടണത്തിൽ നൂറുകണക്കിന് ആളുകളെ ബാധിച്ച പിന്നീട്, ലോകത്തെ മുഴുവൻ പിടിച്ചുലച്ച, 26.2 കോടി കേസുകളും 52 ലക്ഷം മരണവും റിപ്പോർട്ടു ചെയ്യപ്പെട്ട കൊറോണ വൈറസ് അഥവാ കൊവിഡ് 19 ന് രണ്ടു വയസ്സു തികയുന്നു. ലോകാരംഭംമുതൽ ഇതുവരെയുണ്ടായ പൊതുജനാരോഗ്യത്തിനു വലിയ വെല്ലുവിളി ഉയർത്തിയ പകർച്ചവ്യാധികൾ അഥവാ പാൻഡെമിക്കിന്റെ പട്ടികയെടുത്താൽ ആറാം സ്ഥാനമാണ് കൊറോണ വൈറസിന്. മനുഷ്യചരിത്രത്തിലെ ഏറ്റവും മാരകമായ മഹാമാരികളിൽ ഒന്നാം സ്ഥാനത്തുള്ള പ്ലേഗ് അഥവാ ബ്ലാക്ക് ഡെത്ത് 500 ലക്ഷത്തിലധികം മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽത്തന്നെ അക്കാലത്തെ ഭീകരാവസ്ഥ കുറച്ചെങ്കിലും ഇപ്പോൾ നമുക്ക് ഊഹിക്കാൻ സാധിക്കും. ശാസ്ത്രത്തിന്റെ വളർച്ചതന്നെയാണ് തുടർന്നുള്ള പകർച്ചവ്യാധികളെ നേരിടാനും ഒരുപരിധിവരെ നിയന്ത്രണവിധേയമാക്കാനും സഹായിച്ച പ്രധാന ഘടകം.

മനുഷ്യശരീരത്തിലെ കോശങ്ങളിലുള്ള ഡിഎൻഎയിൽ സംഭവിക്കുന്നതുപോലെ വൈറസിലെ ആർ എൻ എ യിൽ സംഭവിക്കുന്ന വ്യതിയാനങ്ങളെയാണ് മ്യൂട്ടേഷൻ എന്നു വിളിക്കുന്നത്. അതു സ്വമേധയാ സംഭവിക്കാം അല്ലെങ്കിൽ ബാഹ്യഘടകങ്ങൾമൂലം സംഭവിക്കാം. ഇങ്ങനെ വ്യതിയാനം സംഭവിച്ച വിവിധതരം വൈറസുകളാണ് ആൽഫ, ബീറ്റ, ഗാമ, ഡെൽറ്റ എന്നീ പേരുകളിലറിയപ്പെട്ട് പിന്നീട് ലോകം കീഴടക്കിയത്. ഇതുവരെ പന്ത്രണ്ടുതരം വകഭേദങ്ങൾ നമ്മൾ കണ്ടുകഴിഞ്ഞു. ഇവയിൽ പ്രധാനമായിട്ടുള്ളത് ആൽഫയും (യു.എസ്.) ഡെൽറ്റയും (ഇന്ത്യ) ആണ്. ഗ്രീക്ക് അക്ഷരമാലപ്രകാരമാണ് ഈ വകഭേദങ്ങൾക്കു പേരിടുന്നത്. ഈ ക്രമപ്രകാരം ന്യൂ എന്നോ സി എന്നോ ആയിരുന്നു പുതിയ വൈറസിനു പേരു വരേണ്ടിയിരുന്നത്. പക്ഷേ, Nu എന്നത് ഇംഗ്ലീഷിൽ പുതിയത് എന്ന് അർത്ഥം വരുന്ന വാക്കുമായി സാമ്യമുള്ളതുകൊണ്ടും Xi എന്നത് ചൈനീസ് പ്രസിഡന്റിന്റെ പേരുമായി സാമ്യമുണ്ട് എന്നതിനാലും പതിമ്മൂന്നാമനായി വന്ന ഈ വകഭേദത്തിനു പതിനഞ്ചാമത്തെ അക്ഷരമായ ഒമിക്രോൺ എന്ന പേരാണു നിർദേശിച്ചിരിക്കുന്നത്.

ദക്ഷിണാഫ്രിക്കയിൽ നവംബർ മാസം 24 നാണ് ബി 1.1.529 വകഭേദമായ ഒമിക്രോൺ ആദ്യം റിപ്പോർട്ടു ചെയ്യപ്പെട്ടത്. ദക്ഷിണാഫ്രിക്കൻ ശാസ്ത്രജ്ഞന്മാരുടെ അശ്രാന്തപരിശ്രമമാണ് ഇങ്ങനെ ഒരു വകഭേദത്തെ കൃത്യസമയത്തു തിരിച്ചറിയാൻ സാധിച്ചതിനു കാരണം. ആദ്യം റിപ്പോർട്ടു ചെയ്യപ്പെട്ടത് അവിടെയാണെങ്കിലും യൂറോപ്യൻ രാജ്യങ്ങളിൽ ഒമിക്രോൺ സാന്നിധ്യം അതിനുമുമ്പേ ഉണ്ടായിരുന്നിരിക്കാമെന്നാണ് ശാസ്ത്രനിഗമനം.

▶ 2

# മംഗലവാർത്തക്കാലത്ത് അമ്മയോടൊപ്പം



പീറ്റർ കുരിശിങ്കൽ

മംഗലവാർത്തയിലൂടെ ജപമാലമണികൾ ഉരുട്ടിക്കൊണ്ടുള്ള ധ്യാനയാത്ര യഥാർത്ഥത്തിൽ അമ്മയോടൊത്തുള്ള ഒരു തീർത്ഥയാത്രതന്നെ. ആ യാത്രയിൽ കടന്നുവരുന്നത് അമ്മയുടെതന്നെ ആത്മഹർഷങ്ങളല്ലേ? ഹർഷങ്ങൾക്കൊപ്പം ഹൃദയനൊമ്പരങ്ങളും!

മംഗലവാർത്തയുടെ സമസ്തസന്തോഷങ്ങളോടെയുള്ള സ്വീകരണംമുതൽ എല്ലാം പൂർത്തിയായിരിക്കുന്നു എന്ന ആത്മസമർപ്പണവാക്യത്തോടൊപ്പം; അമ്മയുടെ സ്വർഗാരോപണത്തോളം, അമ്മയുടെ രാജ്ഞിത്വംവരെ എല്ലാം, അമ്മ മുൻകൂട്ടി കണ്ടുവോ? കണ്ടിരിക്കും. ആ ദീർഘദർശിത്വം വരമായിത്തന്നെ അമ്മയ്ക്കു ലഭ്യമായിരിക്കും. യേശുവിന്റെ ഹൃദയരഹസ്യങ്ങൾ ആദ്യമായി വെളിപ്പെടുത്തിക്കിട്ടിയ വ്യക്തിയായിരിക്കും അമ്മ. അതേ അമ്മേ, ഞങ്ങൾ അങ്ങനെ വിശ്വസിക്കുന്നു. അവന്റെ ആത്മപ്രകാശനത്തിന്റെ കിരണങ്ങൾ ആദ്യമായി ദർശിച്ചത്, അവന്റെ ബലിയർപ്പണത്തിന്റെ അത്യുദാരത അമ്മയുടെ ഹൃദയസമർപ്പണത്തിൽ തെളിഞ്ഞിരിക്കും. അമ്മയിൽ ദൃഷ്ടിയുറപ്പിച്ചാൽ അമ്മയുടെ തനയർക്കതു മനസ്സിലാകും.

ഏതൊരനർഘനിമിഷത്തിനായാണ് അവൻ വളർത്തപ്പെട്ടത്? ഏതൊരനർഘനിമിഷത്തിലേക്കാണവൻ നയിക്കപ്പെട്ടത്? അപ്പോഴെല്ലാം അവനോടൊപ്പം നടന്നുനീങ്ങിയ അമ്മ! മേരിമാതാവ്, ലോകത്തിന്റെ അമ്മ. അവൻ ഏറ്റെടുത്ത രക്ഷണീയദൗത്യത്തോടൊപ്പം നടന്ന് അവനെ ബലിയുടെ തികവിലേക്കു നയിച്ച അമ്മ!



ഒരുപക്ഷേ, അന്നാവുമ്മപോലും ധരിച്ചിട്ടുണ്ടാവില്ല, താൻ ജന്മം നൽകിയത് ദൈവത്തിനു മനുഷ്യാവതാരമെടുക്കേണ്ട ഒരു ദിവ്യജന്മത്തിനാണെന്ന്. വളർച്ചയുടെ ഒരു ഘട്ടത്തിൽ അമ്മേ, അങ്ങ് ഗബ്രിയേൽ ദൂതന്റെ വാക്കുകൾ സർവാത്മനാ സ്വീകരിച്ചു. അവിടുന്ന് പ്രത്യുത്തരമായി നല്കി; "ഇതാ, കർത്താവിന്റെ ദാസി." അമൂല്യമായ രക്ഷാകരകർമം ഏറ്റെടുത്തുകൊണ്ടുള്ള സമ്മതം; സ്വയം സമർപ്പണം!

അന്ന്, ആ പാതിരാവിൽ ആ കാലിക്കൂട്ടിൽ പിറന്നുവീണ ഈ പിഞ്ചോമനയുടെ ഇളംമേനിയിൽ പതിയാനിരുന്ന അടിയുടെ പാടുകൾ അമ്മേ, അമ്മയുടെ മനോദർപ്പണത്തിൽ തെളിഞ്ഞുവോ? പിഞ്ചുകുഞ്ഞിനെയും മാറോടണച്ച് ഈജിപ്തിലേക്കു പലായനം ചെയ്യുമ്പോഴും ഈ വേദന അമ്മയെ പിന്തുടന്നിരുന്നുവോ?

അവന്റെ ശൈശവത്തിൽ കൈ വളരുന്നോ കാൽ വളരുന്നോ എന്ന പ്രതീക്ഷാനാളുകളിൽ, അവന്റെ വളർച്ചയുടെ ദിവ്യാനുഭൂതി ആസ്വദിച്ച നാളുകളിൽ, പുലർകാലത്തിൽ വിടരുന്ന സുരഭിലത അമ്മ ആസ്വദിച്ചിരുന്നുവോ?

അമ്മേ, അമ്മയുടെ ഇമ ചിമ്മാത്ത ദൃഷ്ടിയിലാണല്ലോ അവൻ വളർന്നിരുന്നത്. യുവത്വത്തിന്റെ സമസ്തപൂർണതയിലും അവന്റെ അദ്ധ്വാനം, അവന്റെ വിയർപ്പ്, അവന്റെ തളർച്ച ഒപ്പം അവന്റെ വിരിഞ്ഞ മാറിടം, അവന്റെ നീണ്ട ബാഹുക്കൾ, അംഗുലികൾ... അവനേറ്റ മുറിവുകൾ, അവന്റെ ചോരപ്പാടുകൾ, തുളയ്ക്കപ്പെട്ട അവന്റെ കൈകളും കാലുകളും, ശിരസ്സിൽ മുൾമുടി തറച്ചൊഴുകിയ ചോരപ്പാടുകൾ എല്ലാം അമ്മ കണ്ടുവോ?

അവന്റെ മൂന്നുവർഷം, പരസ്യജീവിതകാലം എന്നല്ലേ വിശേഷിപ്പിക്കപ്പെടുന്നത്. ആ നാളുകളിൽ അവൻ ജനങ്ങളെ പഠിപ്പിച്ചു. അനീതികളെ ചോദ്യം ചെയ്തു. രോഗികളെ സുഖപ്പെടുത്തി. മരിച്ചവരെ ഉയർപ്പിച്ചു, അദ്ഭുതങ്ങൾ പ്രവർത്തിച്ചു. പാപങ്ങൾ മോചിച്ചു. സന്ധ്യാവേളകളിൽ അവൻ സമീപത്തിരുന്ന്, അവൻ സ്വയം അമ്മയ്ക്കു വെളിപ്പെടുത്തുമായിരുന്നില്ലേ? അപ്പോഴെല്ലാം അമ്മയുടെ ചിത്തത്തിൽ കാൽവരിയും കുരിശും തെളിഞ്ഞുവോ?

മനുഷ്യപുത്രൻ ശത്രുക്കൾക്ക് ഏല്പിക്കപ്പെടണം. അവന്റെ നിർമലമുഖം തുപ്പലാൽ അഭിഷേകം ചെയ്യപ്പെടണം, ചമ്മട്ടിയാൽ അവന്റെ തൊലി ഉരിയപ്പെടണം. വിവസ്ത്രനാക്കി അധിക്ഷേപിക്കപ്പെടണം. മരണശിക്ഷ, കുരിശുമരണം ഇതൊക്കെയാണ് തന്റെ മകനെ കാത്തിരിക്കുന്നതെന്ന് അറിഞ്ഞിട്ടും വ്യസനകരമായ ആ വേർപാടിന്റെ നിമിഷങ്ങൾ നേരിടാൻ അമ്മ മകനെ ഒരുക്കുകയായിരുന്നോ? അമ്മ സ്വയം ഒരുങ്ങുകയായിരുന്നോ? എല്ലാം പൂർത്തിയായിരിക്കുന്നു എന്ന യേശുവിന്റെ വാക്കുകൾ കേൾക്കാൻ, അവന്റെ തലചായ്ചുള്ള ആത്മസമർപ്പണം കാണാൻ അമ്മേ, അമ്മ ഒരുങ്ങിക്കഴിഞ്ഞിരുന്നു അല്ലേ?

ഉവ്വ്, ഒരുങ്ങിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണല്ലോ തന്റെ മകൻ ഭീകരമായ വേദന അനുഭവിച്ചുകൊണ്ട് ദാരുണമായി മരണം വരിക്കുമ്പോൾ കുരിശിൻചുവട്ടിൽ യോഹന്നാനുമൊത്ത് അവിടുന്ന് നിലയുറപ്പിച്ചത്, സർവതും ദൈവത്താൻ ഒരുക്കപ്പെട്ടതുപോലെ. അതേ, യേശുവിന്റെ രക്ഷണീയദൗത്യത്തോടു സഹകരിച്ചുകൊണ്ട്, യേശുവിന്റെ ബലിയർപ്പണത്തിന്റെ സാകല്യതയിലേക്ക് അമ്മ സ്വയം സമർപ്പിക്കപ്പെടുമ്പോൾ അമ്പത്തിമൂന്നുമണിജപധ്യാനത്തിലൂടെ ലോകത്തിന്റെ അമ്മയെ കാണാം, ആരാധിക്കാം. അമ്മയ്ക്കൊപ്പം കാൽവരിയിൽ നിലയുറപ്പിക്കാം.

■

---

1-ാം പേജിൽ തുടർച്ച

# ഒമിക്രോൺ അപകടകാരിയോ?

ഇതിനോടകം യുകെ, ഓസ്ട്രേലിയ, സിംബാബ്വേ, ന്യൂസിലൻഡ്, കാനഡ, ബോട്സ്വാന തുടങ്ങിയ പതിനഞ്ചോളം രാജ്യങ്ങളിൽ ഒമിക്രോൺ സ്ഥിരീകരിച്ചിട്ടുണ്ട്

ലോകാരോഗ്യസംഘടന varient of concern അഥവാ ആശങ്കപ്പെടുത്തുന്ന വകഭേദം എന്ന ഗണത്തിലാണ് ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനു കാരണം സ്പൈക് പ്രോട്ടീനിൽ മുപ്പതോളം ജനിതകവ്യത്യാസം ഇതിനു സംഭവിച്ചിട്ടുണ്ട് എന്നുള്ളതാണ്. അതായത്, ഇതുവരെ ഉള്ളതിൽവച്ച് ഏറ്റവും അപകടകാരിയാണിത്. നമുക്ക് സുപരിചിതമായ ഡെൽറ്റാ വകഭേദത്തെക്കാൾ ഇരട്ടിയോളം മ്യൂട്ടേഷൻ ഇവിടെ സംഭവിച്ചിട്ടുണ്ട്. ACE 2 റീസെപ്റ്റർവഴി മനുഷ്യശരീരത്തിലെ കോശങ്ങളിലേക്കു പ്രവേശിക്കാൻ സഹായിക്കുന്ന പ്രോട്ടീനിലുള്ള പത്തോളം മ്യൂട്ടേഷനാണ് ഇവയിൽ പ്രധാനം. ഡെൽറ്റാ വകഭേദത്തിൽ ഇത് രണ്ട് ആയിരുന്നു. ഈ കാരണങ്ങൾകൊണ്ടുതന്നെ ഡെൽറ്റാ വകഭേദത്തെക്കാൾ വേഗത്തിൽ പടർന്നുപിടിക്കുമോ എന്നുള്ളതാണ് ശാസ്ത്രലോകം ഇപ്പോൾ ഉറ്റുനോക്കുന്നത്.




ദക്ഷിണാഫ്രിക്കൻ മെഡിക്കൽ അസോസിയേഷന്റെ മേധാവിയും ഒമിക്രോൺ വകഭേദം ആദ്യം റിപ്പോർട്ടു ചെയ്ത ഡോക്ടറുമായ ആഞ്ചലിക് കോട്സി (Angelique Coetzee) പറയുന്നത് പേശിവേദന, ചുമ, ക്ഷീണം മുതലായവയാണ് ഇതിന്റെ രോഗലക്ഷണങ്ങളെന്നാണ്. അതേസമയം, നമുക്ക് സുപരിചിതമായ മണവും രുചിയും നഷ്ടപ്പെടുക എന്നുള്ള രോഗലക്ഷണം ഇതുവരെ കണ്ടുതുടങ്ങിയിട്ടില്ല. താൻ പരിശോധിച്ച നാല്പതോളം ഒമിക്രോൺ രോഗികളിൽ എല്ലാവർക്കും നടുവേദന, സന്ധിവേദന മുതലായ നേരിയ ലക്ഷണങ്ങൾ മാത്രമാണ് ഉണ്ടായിരുന്നതെന്നും വളരെ ചുരുക്കം പേരിൽ മാത്രമാണ് പനി കണ്ടെത്തിയതെന്നും ആഞ്ചെലിക് വ്യക്തമാക്കി. പലരും ആശുപത്രിയിൽ പ്രവേശിപ്പിക്കാതെതന്നെ സുഖം പ്രാപിച്ചെങ്കിലും ഈ വൈറസിന്റെ പ്രഹരശേഷി എത്രത്തോളം ഉണ്ടെന്ന് ഇനിയും വ്യക്തമാകണമെന്ന് ഡോക്ടർ പറഞ്ഞു. കൂടുതലും 40 വയസ്സിനുതാഴെയുള്ളവരും ഒരു ഡോസ്മാത്രം വാക്സിൻ എടുത്തവർക്കുമാണ് രോഗബാധ ഇതുവരെ ഉണ്ടായത്. ആർ ടി പി സി ആർ ടെസ്റ്റിലൂടെത്തന്നെ ഈ വകഭേദത്തെ നമുക്കു കണ്ടുപിടിക്കാൻ സാധിക്കും. നമുക്ക് ആശ്വാസം നൽകുന്നത്, കഠിനമായ രോഗലക്ഷണങ്ങളൊന്നും ഇതുവരെ കണ്ടുതുടങ്ങിയിട്ടില്ല എന്നുള്ളതും മരണം സംഭവിച്ചിട്ടില്ല എന്നുള്ളതുമാണ്. ദക്ഷിണാഫ്രിക്കയെ അപേക്ഷിച്ച് ഇന്ത്യയിൽ കൂടുതൽ പേർ രണ്ടു ഡോസ് പ്രതിരോധമരുന്നും എടുത്തിട്ടുണ്ട്. ആയതിനാൽത്തന്നെ നമ്മൾ അമിതമായി ആശങ്കപ്പെടേണ്ടതില്ല.

നിലവിൽ ശാസ്ത്രജ്ഞർ അവകാശപ്പെടുന്നത് ഇപ്പോൾ കൊവിഡ് 19 ഇൻഫെക്ഷന് നല്കിവരുന്ന ചികിത്സാരീതികൾ ഒമിക്രോൺ വകഭേദത്തിനും ഫലപ്രദമായിരിക്കുമെന്നാണ്. പുതിയ വകഭേദത്തെ ചെറുത്തുനിൽക്കാൻ സാധിക്കുന്ന ഭേദഗതികൾ വരുത്തിയ വാക്സിനുകൾ പുറത്തിറക്കാനുള്ള ശ്രമത്തിലാണ് Pfizer, Biotech എന്നീ കമ്പനികൾ.

വാക്സിൻ മുഴുവൻ ഡോസും സ്വീകരിക്കുക, മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, കൈകൾ വൃത്തിയായി കഴുകുക, തിരക്കേറിയ സ്ഥലങ്ങൾ ഒഴിവാക്കുക, വീടിനകത്തെ വായുസഞ്ചാരം മെച്ചപ്പെടുത്തുക എന്നുള്ളതാണ് നാം എടുക്കേണ്ട മുൻകരുതലുകൾ.

ഇനിയും കൂടുതൽ പഠനങ്ങളും കേസ് റിപ്പോർട്ടുകളും വന്നതിനുശേഷം മാത്രമേ നമുക്ക് ഒമിക്രോണിനെക്കുറിച്ച് കുറച്ചുകൂടി വ്യക്തത ലഭിക്കുകയുള്ളൂ. പ്രതീക്ഷ കൈവിടാതെ, ആശങ്കപ്പെടാതെ കരുതലോടെയിരിക്കാം.

■

# നമ്മുടെ ചെറുപ്പക്കാരധികവും ഹൃദ്രോഗികളാണെന്നോ?



ഡോ. ജോർജ് തയ്യിൽ

കന്നഡനടൻ പുനീത് രാജ്കുമാറിന്റെ ആകസ്മികമരണവുമായി ബന്ധപ്പെട്ട് ഏറെ ചർച്ചകൾ ആരോഗ്യരംഗത്തു നടന്നുകൊണ്ടിരിക്കുന്നു. യാതൊരു രോഗവും ഇല്ലാതിരുന്ന, ആരോഗ്യപരമായി തികച്ചും 'ഫിറ്റ്' എന്നു കരുതിയിരുന്ന, കേവലം നാല്പത്തിയാറുവയസ്സുള്ള ചെറുപ്പക്കാരൻ എപ്രകാരം മരിച്ചു? പ്രമേഹവും പ്രഷറുമുൾപ്പെടെയുള്ള ജീവിതശൈലീരോഗങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്ന് കുടുംബഡോക്ടർ പറഞ്ഞു. ജിമ്മിലെ വ്യായാമശേഷമുണ്ടായ ദേഹാസ്വാസ്ഥ്യത്തെത്തുടർന്നാണ് പെട്ടെന്നുള്ള മരണം. പുനീത് മാത്രമല്ല, ചെറുപ്പക്കാരായ പല സെലിബ്രിറ്റികളും അടുത്തകാലത്ത് തികച്ചും അപ്രതീക്ഷിതമായി മരണപ്പെട്ടു. വൈദ്യശാസ്ത്രപരമായി ഇതിനു വിശദീകരണങ്ങളുണ്ടോ?

ഹാർട്ടറ്റാക്കും പെട്ടെന്നുള്ള മരണവും സംഭവിക്കുന്ന 50 ശതമാനത്തോളം ആളുകളിലും നേരത്തേ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നില്ലെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അതുപോലെ ഹാർട്ടറ്റാക്കുണ്ടാകുന്ന 40–50 ശതമാനത്തോളം രോഗികൾക്കും സാധാരണ ആപത്ഘടകങ്ങൾ ഉണ്ടാകണമെന്നില്ല. നാം സാധാരണ പറയാറുള്ള 'ഫിസിക്കൽ ഫിറ്റ്നസ്' എന്ന പ്രതിഭാസവും ഹൃദയാരോഗ്യവുമായി വലിയ ബന്ധമില്ലെന്നോർക്കണം. കുറച്ചുകൂടി വ്യക്തമാക്കിയാൽ ശാരീരികമായി ഏറെ 'ഫിറ്റ്' ആയ ഒരാൾക്ക് ഹൃദ്രോഗം ഉണ്ടാകില്ലെന്ന ധാരണയും തെറ്റ്.

രോഗം ഗുരുതരമായവർക്ക് വളരെ ചെലവേറിയ ചികിത്സകൾ നൽകുന്ന സമ്പ്രദായമാണ് ഇന്നു പ്രബലമായിക്കൊണ്ടിരിക്കുന്നത്. രോഗാതുരതയിലേക്കു നയിക്കുന്ന കാതലായ ആപത്ഘടകങ്ങളെ നേരത്തേ തിരിച്ചറിഞ്ഞ് അവയെ പിടിയിലൊതുക്കാനുള്ള ക്രിയാത്മകവും ചെലവു കുറഞ്ഞതുമായ പ്രതിരോധനടപടികൾ സ്വീകരിക്കുന്ന പ്രവണത കുറവാണെന്നു പറയേണ്ടിയിരിക്കുന്നു. രോഗാവസ്ഥ മൂർച്ഛിച്ച് ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ ചികിത്സാപദ്ധതി സംവിധാനം ചെയ്യാൻ അത്ര പ്രയാസമില്ല. എന്നാൽ, രോഗലക്ഷണങ്ങളൊന്നും പ്രകടമാകാത്ത അവസ്ഥയിൽ, രോഗമാരംഭിച്ചിട്ടുണ്ടോയെന്നും അതു ഗുരുതരമാകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്നും തിരിച്ചറിയുക ശ്രമകരമാണ്.

പുകവലി, അമിതരക്തസമ്മർദം, വർദ്ധിച്ച കൊളസ്ട്രോൾ, പ്രമേഹം എന്നീ ആപത്ഘടകങ്ങളുടെ അതിപ്രസരം വിലയിരുത്തിമാത്രം ഹൃദ്രോഗസാധ്യത നിർണയിക്കുന്നതിൽ അപര്യാപ്തതയുണ്ടെന്ന് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഹാർട്ടറ്റാക്കുണ്ടായ 695 രോഗികളെ ഉൾപ്പെടുത്തി സിഡ്നി യൂണിവേഴ്സിറ്റിയിൽ നടന്ന പഠനത്തിൽ 132 പേർക്ക് യാതൊരു ആപത്ഘടകങ്ങളും ഉണ്ടായിരുന്നില്ല. ഹൃദയധമനികളിലെ ജരിതാവസ്ഥ ബാല്യകാലത്തിൽ ആരംഭിക്കും. അതിന്റെ വളർച്ചയും അപകടാവസ്ഥയും വിലയിരുത്താൻ, സിറ്റി-ആൻജിയോഗ്രാഫി, പോസിട്രോൺ എമിഷൻ ടൊമോഗ്രാഫി (പെറ്റ്), ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് തുടങ്ങിയ ആധുനികപരിശോധനാസംവിധാനങ്ങൾ സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഈ പരിശോധനകൾകൊണ്ട് ഹൃദയധമനികളിലെ ഘടനാവ്യതിയാനങ്ങളും കാത്സ്യം സ്കോറും നിരീക്ഷിക്കാം. അതുവഴി ഭാവിയിൽ ഹാർട്ടറ്റാക്കും പെട്ടെന്നുള്ള മരണവും ഉണ്ടാകാനുള്ള സാധ്യത ഏറെ സൂക്ഷ്മതയോടെ വിലയിരുത്താൻ പറ്റുമെന്നു സ്ഥിരീകരിച്ചിട്ടുണ്ട്.

ഹൃദയാഘാതമുണ്ടാകുമ്പോൾ നെഞ്ചുവേദനയനുഭവപ്പെടാത്ത അവസ്ഥയാണ് സൈലന്റ് ഹാർട്ടറ്റാക്ക്. നെഞ്ചുവേദനയ്ക്കു പകരം ചിലരിൽ ഓക്കാനം, ദഹനപ്രശ്നങ്ങൾ, ഗ്യാസ്, തളർച്ച, ശ്വാസതടസ്സം തുടങ്ങിയ അസ്പഷ്ടലക്ഷണങ്ങൾ ഉണ്ടാകുന്നു. പ്രമേഹരോഗികളിൽ ഇതു കൂടുതലായി കാണുന്നു. പ്രമേഹബാധിതരിൽ നെഞ്ചുവേദന അനുഭവപ്പെടാത്തതിന്റെ കാരണം ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന സിരകൾക്കുണ്ടാകുന്ന അപചയമാണ്. സൈലന്റ് അറ്റാക്കിന്റെ മറ്റൊരു കാരണം, ചിലരിലെ നിഷേധമനോഭാവമാണ് (ഡിനയൽ സിൻഡ്രോം). രോഗാവസ്ഥ അംഗീകരിക്കാനുള്ള മടി അഥവാ, രോഗങ്ങളോടുള്ള അവഗണന.

എത്രയായാലും ഹാർട്ടറ്റാക്കിനു പിന്നിൽ ഇനിയും അറിയപ്പെടാത്ത പല നിഗൂഢതകളും സംഭവിക്കുന്നുണ്ടെന്ന രീതിയിൽ ആപത്ഘടകങ്ങളുടെയും രോഗലക്ഷണങ്ങളുടെയും അഭാവവും അതിനെ ചുറ്റിപ്പറ്റിയുള്ള ദുരൂഹതകളും ഇപ്പോഴും നിലനിൽക്കുന്നു. പറയത്തക്ക ആപത്ഘടകങ്ങളുടെ അഭാവത്തിലുള്ള ഹൃദയാഘാതത്തിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഏറെ ശാരീരികഫിറ്റ്നസ് ഉള്ളവരിൽ പെട്ടെന്നുണ്ടാകുന്ന അറ്റാക്കിന്റെ തോത് എട്ടുവർഷം കൊണ്ട് (2006–2014) 11 ൽ നിന്ന് 27 ശതമാനമായി ഉയർന്നെന്ന് സിഡ്നി യൂണിവേഴ്സിറ്റിയിൽ നടന്ന പഠനം സ്ഥിരീകരിക്കുന്നു. ചെറുപ്പക്കാരായ പുരുഷന്മാരിലും സ്ത്രീകളിലും അപ്രതീക്ഷിതമായി ഹൃദയധമനികളിൽ കൊഴുപ്പുനിക്ഷേപം (പ്ലാക്ക്) ഉണ്ടാകുന്നു. ഹൃദ്രോഗത്തിലേക്കു നയിക്കുന്ന പുതിയ ട്രിഗറുകളെ കണ്ടുപിടിക്കേണ്ടതിന്റെ അനിവാര്യത പ്രസക്തമാകുന്നു.

ഹൃദയധമനികളിൽ കാര്യമായ ബ്ലോക്കില്ലാതെയും ഹൃദയാഘാതമുണ്ടാകാമെന്ന തിരിച്ചറിവു പ്രബലമാകുന്നു. ഈ അവസ്ഥയെ മിനോക്ക എന്നു പറയുന്നു. 5–6 ശതമാനം ആൾക്കാരിലാണ് ഇപ്രകാരം അറ്റാക്കുണ്ടാകുന്നത്; പ്രത്യേകിച്ചും പ്രായം കുറഞ്ഞവരിൽ. ഇതിനുള്ള കാരണങ്ങൾ പലതാണ്. താത്കാലികമായ ചെറിയ ബ്ലോക്കുകൾ ഹൃദയധമനികളിൽ ഉണ്ടായി അവിടെ ചെറിയ രക്തക്കട്ടകൾ പ്രത്യക്ഷപ്പെടുന്നു. ചിലരിൽ കുറച്ചുനേരത്തേക്ക് ഹൃദയധമനികൾ ചുരുങ്ങുന്ന അവസ്ഥ ഉണ്ടാകുന്നു. സൂക്ഷ്മധമനികളെ ബാധിക്കുന്ന മൈക്രോവാസ്കുലർ രോഗമാണ് മറ്റൊന്ന്. ചിലരിൽ സ്ട്രെസ് കൊണ്ട് ഹൃദയധമനി പെട്ടെന്നു വിണ്ടുകീറുന്നു (ഡൈസെക്ഷൻ). കൂടാതെ, ശരീരത്തിന്റെ ഇതരഭാഗങ്ങളിൽനിന്ന് ചെറിയ രക്തക്കട്ടകൾ ഒഴുകിവന്ന് കൊറോണറികളെ അടയ്ക്കുന്നു. ഇത്തരം രോഗികളിൽ ആൻജിയോഗ്രാഫി ചെയ്താൽ 50 ശതമാനത്തിൽ കുറഞ്ഞ അപ്രധാന ബ്ലോക്കുകൾ മാത്രമേ കാണുകയുള്ളൂ. ആൻജിയോപ്ലാസ്റ്റി ചെയ്യേണ്ട അവസ്ഥയേ ഉണ്ടാകില്ല.



ഹൃദ്രോഗത്തിനു ഹേതുവായ അജ്ഞാതജീനുകളുടെ പ്രാധാന്യം ഇതുവരെ വിസ്മരിക്കപ്പെട്ടുപോയിട്ടുണ്ടോ? ഹൃദയാഘാതമുണ്ടാക്കുന്നതിൽ ജനിതകസ്വാധീനം എത്രത്തോളമുണ്ടെന്ന് വസ്തുനിഷ്ഠമായി പഠിക്കുന്നതിനായി നടത്തിയ ഗവേഷണപരമ്പരയുടെ ഫലം 'ന്യൂ ഇംഗ്ലണ്ട് ജേർണൽ ഓഫ് മെഡിസിനി'ൽ 2016 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 685 പേരെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ ജനിതകപ്രവണതയും ആപത്ഘടകങ്ങളുടെ സ്വാധീനവും വേർതിരിച്ചു വിശകലനം ചെയ്യപ്പെട്ടു. ഹൃദ്രോഗത്തിനു പിന്നിൽ പ്രവർത്തിക്കുന്ന ജീനുകളുടെ പ്രഭാവം മൂർദ്ധന്യാവസ്ഥയിലായിരുന്ന വ്യക്തികളിൽ ഹൃദ്രോഗസാധ്യത 91 ശതമാനംവരെ ഉയർന്നുകണ്ടു. ഇക്കൂട്ടരിൽ സുപ്രധാന ആപത്ഘടകങ്ങൾ (പുകവലി, അമിതവണ്ണം, വ്യായാമക്കുറവ്, തെറ്റായ ഭക്ഷണശൈലി) കൃത്യമായി നിയന്ത്രിക്കപ്പെട്ടവരിൽ അറ്റാക്കുണ്ടാകാനുള്ള സാധ്യത 50 ശതമാനം കുറയുന്നതായി കണ്ടു. ജീനുകളുടെ സ്വാധീനത്തോടൊപ്പം ആപത്ഘടകങ്ങളുടെ അതിപ്രസരം അതിരുകടന്നപ്പോൾ ഹൃദ്രോഗസാധ്യത പതിന്മടങ്ങായി. തോക്കു നിറയ്ക്കുന്നത് ജീനുകളാണ്, എന്നാൽ, കാഞ്ചി വലിക്കുന്നത് ആപത്ഘടകങ്ങളാണ്. അതായത്, ജനിതകവിധിയെ മാറ്റിമറിക്കാൻ ജീവിതശൈലിയുടെ കർശനമായ നിയന്ത്രണം കൊണ്ടു സാധിക്കുമെന്നു സാരം. ഒരു ജീനല്ല, പല ജീനുകളുടെ സംയുക്തമാണ് ഹൃദ്രോഗത്തിനുള്ള വിത്തു വിതയ്ക്കുന്നത്. വരുംവർഷങ്ങളിൽ ഹൃദ്രോഗത്തിലേക്കു നയിക്കുന്ന 200 ൽപ്പരം ജനിതകസൂചകങ്ങളെ കണ്ടുപിടിക്കാനുള്ള ഗവേഷണപദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്.

ഹൃദ്രോഗമുണ്ടാക്കുന്നതിൽ ഏറ്റവും അപകടകാരിയെന്നു പരക്കെ മുദ്ര കുത്തപ്പെടുന്ന കൊളസ്ട്രോൾ ഹാർട്ടറ്റാക്കുണ്ടാകുന്ന 40–50 ശതമാനം പേരിലും സാധാരണ നിലയിലായിരിക്കുമെന്നതാണു വസ്തുത. പക്ഷേ, ഹൃദ്രോഗം തടയാനും അറ്റാക്ക് വീണ്ടും വരുന്നതു പ്രതിരോധിക്കാനും എല്ലാ വൈദ്യശാസ്ത്രസംഘടനകളും ഉന്നംവയ്ക്കുന്നത് രക്തത്തിലെ എൽ.ഡി.എൽ. കൊളസ്ട്രോൾ പരമാവധി കുറയ്ക്കാനാണ്. നവജാതശിശുക്കളിൽ എൽ.ഡി.എൽ. 25 മില്ലിഗ്രാം/ഡെസിലിറ്ററാണ്. അതുകൊണ്ട് നവജാതർക്ക് ഹൃദയാഘാതമേ ഉണ്ടാകുന്നില്ല എന്നു വാദിക്കുന്നു. അപ്പോൾ ഹൃദ്രോഗത്തെ ഒഴിച്ചുനിർത്താൻ എൽ.ഡി.എൽ. എത്രത്തോളം കുറയ്ക്കാമോ അത്രയും നന്ന് എന്നു പലരും വാദിക്കുന്നു. പക്ഷേ, അപ്പോഴൊക്കെ പ്രസക്തമാകുന്ന ചോദ്യമിതാണ്: കൊളസ്ട്രോൾ കുറവായിട്ടും അറ്റാക്ക് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ?

ഈ സാഹചര്യത്തിലാണ് ഹൃദ്രോഗസാധ്യത മുൻകൂട്ടി തിരിച്ചറിയാൻ ബയോസൂചകങ്ങളുടെ പ്രസക്തി കടന്നുവരുന്നത്. ഹൃദയധമനികളിലെ പരോക്ഷമായ ജരിതാവസ്ഥയുടെ പ്രാധാന്യം എത്രത്തോളമുണ്ട്? കോശങ്ങളുടെ വീക്കത്തോടെ സജീവമാകുന്ന സി. റിയാക്ടീവ് പ്രോട്ടീൻ, ഇന്റർലുക്കിൻ-6, ഫോസ്ഫോലിപ്പെയ്സ് എ രണ്ട്, ഓക്സീകരിക്കപ്പെട്ട എൽ.ഡി.എൽ., നൈട്രോ തൈറോസിൻ, ലെപ്പോ പ്രോട്ടീൻ-എ, ഡി-ഡൈമർ, ഹോമോസിസ്റ്റീൻ, മൂത്രത്തിലെ മൈക്രോ ആൽബുമിൻ, ബി.എൻ.പി., ട്രോപോണിൻ തുടങ്ങിയ സൂചകങ്ങളെല്ലാം ഭാവിയിലുണ്ടാകാൻ പോകുന്ന ഹൃദയാഘാതം കണ്ടുപിടിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നു.

ഹാർട്ടറ്റാക്കുണ്ടാകുന്നത് പല മാനസിക-ശാരീരിക-ജനിതകഘടകങ്ങളുടെ ഉദ്ദീപനപ്രക്രിയയിലെ അവസാന അധ്യായമായിട്ടാണ്. ഇനിയും അനാവരണം ചെയ്യപ്പെടാത്ത പല അജ്ഞാതഘടകങ്ങളും ഈ രോഗത്തിന് ഉത്തേജകമാകുന്നു. ആർക്കൊക്കെ അറ്റാക്കു വരും, ആർക്കു വരില്ല എന്നു കൃത്യമായി പറയാനെളുപ്പമല്ല. ഒന്നും ഒന്നും രണ്ട് എന്നു കണക്കുകൂട്ടുന്നതുപോലെ ഈ നിഗൂഢപ്രതിഭാസത്തെ നിർവചിക്കുക സാധ്യമല്ല. നടൻ പുനീത് ജിമ്മിലെ വ്യായാമത്തെത്തുടർന്ന് മരിച്ച ശേഷം ഇപ്പോൾ ബംഗളൂരുവിലെ ജിമ്മുകളെല്ലാം കാലിയാണ്. വർക്ക് ഔട്ട് ചെയ്യാൻ ഏവർക്കും പേടി. പരിശോധനകൾക്കായി ചെറുപ്പക്കാരെല്ലാം ആശുപത്രികളിലേക്കോടുന്നു. അപകടങ്ങൾ ഉണ്ടാകുമ്പോൾമാത്രം കണ്ണു തുറക്കുന്നവരാണു നമ്മൾ. അമിതമായ വർക്ക് ഔട്ടുകൾക്കുമുമ്പ് വൈദ്യപരിശോധന ചെയ്യണം. ഇ.സി.ജി., ട്രെഡ്മിൽ, എക്കോകാർഡിയോഗ്രാം തുടങ്ങിയ പരിശോധനകൾ ചെയ്യണം. രക്തപരിശോധന നടത്തി ആപത്ഘടകങ്ങൾ നിയന്ത്രിക്കണം. അമിതരക്തസമ്മർദമുണ്ടോയെന്നു കണ്ടെത്തി അതു ക്രമപ്പെടുത്തണം. കൊളസ്ട്രോൾ പരിധിക്കുള്ളിൽ നിർത്തണം. വേണ്ടിവന്നാൽ സ്റ്റാറ്റിൻ മരുന്നുകൾ കഴിച്ച് എൽ.ഡി.എൽ. 50 ൽ താഴെയാക്കണം. നെഞ്ചിൽ അസ്വാസ്ഥ്യം ഇ.സി.ജി.യിൽ വ്യതിയാനങ്ങൾ, പാരമ്പര്യപ്രവണത, ആപത്ഘടകങ്ങളുടെ സാന്നിധ്യം, ഇവയിലേതെങ്കിലുമുണ്ടെങ്കിൽ സി.റ്റി. ആൻജിയോഗ്രാഫി ചെയ്തുനോക്കണം; പ്രത്യേകിച്ച് കഠിനവ്യായാമങ്ങൾ ചെയ്യുന്നതിനുമുമ്പ്. ■

**നടൻ പുനീത് ജിമ്മിലെ വ്യായാമത്തെത്തുടർന്ന് മരിച്ച ശേഷം ഇപ്പോൾ ബംഗളൂരുവിലെ ജിമ്മുകളെല്ലാം കാലിയാണ്. വർക്ക് ഔട്ട് ചെയ്യാൻ ഏവർക്കും പേടി. പരിശോധനകൾക്കായി ചെറുപ്പക്കാരെല്ലാം ആശുപത്രികളിലേക്കോടുന്നു. അപകടങ്ങൾ ഉണ്ടാകുമ്പോൾമാത്രം കണ്ണു തുറക്കുന്നവരാണു നമ്മൾ. അമിതമായ വർക്ക് ഔട്ടുകൾക്കുമുമ്പ് വൈദ്യപരിശോധന ചെയ്യണം. ഇ.സി.ജി., ട്രെഡ്മിൽ, എക്കോകാർഡിയോഗ്രാം തുടങ്ങിയ പരിശോധനകൾ ചെയ്യണം. രക്തപരിശോധന നടത്തി ആപത്ഘടകങ്ങൾ നിയന്ത്രിക്കണം. അമിതരക്തസമ്മർദമുണ്ടോയെന്നു കണ്ടെത്തി അതു ക്രമപ്പെടുത്തണം. കൊളസ്ട്രോൾ പരിധിക്കുള്ളിൽ നിർത്തണം.**

# ഹൃദയാനന്ദത്തിൽ നിറയാൻ



റ്റോം ജോസ് തഴുവംകുന്ന്

**ആ**രോഗ്യത്തിനും ആയുസ്സിനും ഭീഷണിയുയരുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. എങ്ങനെ ജീവിതം മുന്നോട്ടുകൊണ്ടുപോകുമെന്ന ഭയാശങ്കയോടെ വിലയിരുത്തുന്ന കാലം. എല്ലാം മിഥ്യയെന്നു ചുരുക്കിപ്പറയാൻ മനസ്സു പാകപ്പെടുന്ന കാലം. ആരോഗ്യപ്രശ്നങ്ങൾ മനുഷ്യരെയാകമാനം അലട്ടിക്കൊണ്ടിരിക്കുന്നു. നാം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നം സർവസാധാരണമാകുന്ന ഹൃദ്രോഗവും അതിനനുബന്ധമാകുന്ന സങ്കീർണജീവിതക്ലേശങ്ങളുമാണ്.

മനുഷ്യനെന്ന 'മഹാദ്ഭുത'ത്തെ എല്ലായ്പ്പോഴും നിയന്ത്രിക്കാൻ നിയുക്തമാക്കിയിരിക്കുന്നത്, 'ഹൃദയ'മെന്ന ശക്തികേന്ദ്രത്തെയാണ്. മനുഷ്യരിലെ ഹൃദ്രോഗവും അതിലേക്കു നയിക്കുന്ന സാധ്യതകളും അനിയന്ത്രിതമാംവിധം വർദ്ധിക്കുകയാണെന്നു വിദഗ്ധർ കണ്ടെത്തിക്കഴിഞ്ഞു. കണ്ടെത്തലുകൾക്കു നടുവിലും നാമെല്ലാം മണ്ടന്മാരെപ്പോലെ എന്തിന്റെയൊക്കെയോ പിന്നാലെ നിരർത്ഥകമായി ഓടുകയാണ്. ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നഷ്ടമാകുന്നു.

**ഏറ്റവും പുതിയ കണ്ടെത്തൽ**

കുടുംബാധിഷ്ഠിതമായ ഇടപെടലുകൾ ഓരോ വ്യക്തിയിലും ഹൃദ്രോഗസാധ്യതകൾ കുറയ്ക്കുന്നതിൽ വളരെ ഫലപ്രദമാണെന്ന ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനറിപ്പോർട്ട് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഹൃദയസംബന്ധമായ രോഗങ്ങളുടെ സാധ്യതകളും സൗഖ്യങ്ങളും കുടുംബാധിഷ്ഠിത ഇടപെടലുകളിലൂടെ മാറിമറിയുമെന്നുതന്നെയാണു പഠനങ്ങൾ. പൊതുജനാരോഗ്യരംഗത്തെ വിജയത്തിലേക്ക് എത്തിക്കുന്നതിന് കുടുംബമെന്ന മഹായാഥാർത്ഥ്യം ഊട്ടിയുറപ്പിക്കണം. ഇതു പ്രതിസന്ധികളെ തരണം ചെയ്യാൻ മനുഷ്യരെ പ്രാപ്തരാക്കും.

**മനസ്സ്**

പല രോഗാവസ്ഥകളുടെയും അടിസ്ഥാനസഞ്ചാരം മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യനെന്ന വാക്കും മനസ്സെന്ന പദവും തമ്മിൽ ഒന്നുചേർന്നുപോകുന്നതാണ്. മറ്റൊരു ജീവിയെക്കുറിച്ചുള്ള പ്രതിപാദനത്തിലും മനസ്സെന്ന പദം കടന്നുവരാറില്ലല്ലോ! മനസ്സും മനഃസാക്ഷിയും ദൈവോന്മുഖമായ സഞ്ചാരത്തിലാകുമ്പോഴാണ് ഹൃദയമെന്ന കേന്ദ്രം പ്രബലമായ പ്രവർത്തനക്ഷമത നേടുന്നത്. ഇതൊക്കെ നേർസഞ്ചാരത്തിലാകണമെങ്കിൽ ദൈവം തന്ന നല്ല സാധ്യതകളെ മനസ്സോടു ചേർത്തുവച്ച് ക്രമപ്പെടുത്താനും ഉപയുക്തമാക്കാനുമാകണം. പ്രതിസന്ധികളെ ചോദിച്ചുവാങ്ങാൻ ഇറങ്ങിപ്പുറപ്പെടരുത്. മനസ്സാണ് ഏറ്റവും വലിയ കോട്ട. ഇതു സുശക്തമായി നിലകൊള്ളണമെങ്കിൽ മനുഷ്യന്റെ ജീവിതസാഹചര്യം മനസ്സോട് ഇഴചേരുംവിധം സുഖദായകമാകണം.

**കുടുംബം**

ഹൃദയമെവിടെയോ അവിടെയാണു ഭവനം. സ്വന്തം കുടുംബസങ്കല്പം ഹൃദയത്തിൽ സംവഹിക്കുന്നവരാണ് മനുഷ്യർ. മുത്തച്ഛൻ, മുത്തശ്ശി, മക്കൾ, കൊച്ചുമക്കൾ എന്നിങ്ങനെ സ്നേഹവും വാത്സല്യവും ഇഴചേർന്ന, ദൈവത്താൽ ഒന്നിപ്പിക്കപ്പെട്ട അതുല്യഹൃദയ ഒരുമയുടെ ഇടമാണ് കുടുംബം.

കുറവുകളിലും നിറവുകളിലും കൂടാരം വിടാത്ത ഒരു ബന്ധത്തിന്റെ ഊഷ്മളത കുടുംബത്തിൽ നിലനിന്നിരുന്നു. ദാരിദ്ര്യമെന്നതിലും 'സമൃദ്ധി' കണ്ടെത്തിയിരുന്ന നല്ല മനുഷ്യരുടെ ചേർന്നിരിപ്പായിരുന്നു കുടുംബങ്ങളുടെ ബലം. ആശയും ആശ്രയവും പാരസ്പരികതയുടെ നൂലിഴയിൽ കോർത്ത് മുന്നേറിയിരുന്ന മനുഷ്യർ. സ്നേഹമെന്നത് തനിക്കൊപ്പമുള്ളവരുടെ കൂടാരത്തിലായിരിക്കുന്നതാണെന്ന് ഓരോ മനുഷ്യനും വിശ്വസിക്കുന്നു. ഒന്നിച്ചുള്ള വാസം മനുഷ്യരിൽ ഹൃദയവിശാലതയും സഹിഷ്ണുതയും സമാധാനവും നല്കിയിരുന്നു. ദുഃഖം പങ്കുവച്ചു കുറയ്ക്കുകയും സന്തോഷം പങ്കിട്ടു വളർത്തുകയും ചെയ്തിരുന്ന ദൈവസ്നേഹനിറവുള്ള കുടുംബപശ്ചാത്തലം ഹൃദയധമനികളിൽ പിരിമുറുക്കം ഇല്ലാതാക്കിയിരുന്നു. പ്രതിസന്ധികളെ തരണം ചെയ്തിരുന്നതു ധീരതകൊണ്ടായിരുന്നില്ല; ഒരുമയും ദൈവകൃപയും കൊണ്ടുമാത്രമായിരുന്നു.

**വീടും കെട്ടിടങ്ങളും**

ഇന്ന് വീടുകൾ കുറയുകയും കെട്ടിടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഒട്ടനവധി മാതാപിതാക്കളും വൃദ്ധജനങ്ങളും നാട്ടിലെ 'കെട്ടിട'ങ്ങളിൽ ഒറ്റപ്പെട്ടുപോകുന്നു. സകലർക്കുംവേണ്ടി ജീവിച്ചവർക്കു ശേഷിപ്പുകാലം ഏകാന്തതയുടെതാകുമ്പോൾ രക്തധമനികളിൽ രക്തം കട്ടപിടിക്കുകയോ ഹൃദയത്തിന്റെ താളം തെറ്റുകയോ ചെയ്യുന്നതിൽ അദ്ഭുതമുണ്ടോ?



മനുഷ്യർ ഹൃദയമുള്ളവരായിരിക്കണമെന്നു നാം പറയാറുണ്ട്. കാരണം, ഹൃദയമാണ് മനുഷ്യപ്പറ്റിന്റെ മൂലഘടകമെന്നു സാരം. ഒറ്റപ്പെട്ടുപോകുന്ന വൃദ്ധജനങ്ങളുടെ നെഞ്ചിടിപ്പിന്റെ താളഗതി അനാരോഗ്യത്തിലേക്കുള്ളതാകും. വേഴാമ്പൽ കാത്തിരിക്കുന്നത് വാട്ട്സാപ്പിൽ പെയ്തിറങ്ങുന്ന മഴയെയല്ല; മറിച്ച്, നനഞ്ഞിറങ്ങുന്ന 'ലൈവ് മഴ'യെയാണ്. ഉറ്റവരുടെയും ഉടയവരുടെയും സജീവസാന്നിധ്യത്തിലാണ് സർവതിനെയും പ്രതിരോധിക്കുന്ന 'ഇമ്യൂണിറ്റി' പവർ മനുഷ്യരിൽ രൂപംകൊള്ളുന്നത്. ഏകാന്തതയുടെ 'തടവറ' രൂപം കൊടുക്കുന്ന രോഗാതുരമായ 'സമൃദ്ധി' മനുഷ്യരിൽ ചിരിക്കുന്ന മുഖമുള്ള കരയുന്ന ഹൃദയത്തെ വളർത്തിയെടുക്കും.

സകല ഭാഗ്യങ്ങളുടെയും നടുവിൽ ശൂന്യതാബോധം സൃഷ്ടിക്കുന്ന വൈകാരികതയിൽ ബിപിയും ഷുഗറും കൊളസ്ട്രോളും തുടങ്ങി രോഗങ്ങളെല്ലാം കൂട്ടായെത്തും. ചികിത്സയും മൃതസംസ്കാരവും കെങ്കേമമാകും... ജീവിതം വെറുമൊരു മിഥ്യയും പാഴ്വേലയുമാകും.

**സന്തോഷം**

സന്തോഷവാനായ മനുഷ്യൻ ദീർഘകാലം ജീവിക്കുന്നുവെന്നാണ് ഷേക്സ്പിയർ പറയുന്നത്. ആൾക്കൂട്ടത്തിന്റെ നടുവിലെ ആരവമല്ല സന്തോഷമെന്നത്, വ്യക്തിപരമായ അനുഭവത്തിലെ ആനന്ദം നിറഞ്ഞ അനുഭൂതിയാണ്. നമുക്കൊപ്പമുള്ളവർ നമ്മോടൊത്താകുമ്പോൾ ഹൃദയാനന്ദം വന്നുചേരും. ഉറ്റവരുടെ കൈത്താങ്ങിന് ഉയിരുള്ള ഹൃദയസ്പന്ദനമുണ്ട്; വീഴില്ലെന്നൊരു ആത്മവിശ്വാസവുമുണ്ട്. അതുകൊണ്ടാണല്ലോ പഴമക്കാർ പറയുന്നത്, സന്തോഷത്തോടെ വഹിക്കുന്ന ചുമടിനു ഭാരം കുറഞ്ഞിരിക്കുമെന്ന്. രാജ്യത്തിന്റെ സമ്പത്തും പുരോഗതിയുടെ അടിസ്ഥാനവുമാണ് യുവജനങ്ങൾ. യുവത്വം നഷ്ടപ്പെടുമ്പോൾ കർമശേഷിയും വളർച്ചയും തകരാറിലാകുന്നു; താളം തെറ്റുന്നു. സമൂഹത്തിനു തന്നെ സന്തോഷവും ആത്മവിശ്വാസവും നഷ്ടപ്പെടുന്നു. ക്ലേശപൂർണമായ അവസാനകാലവും വിദേശത്തുവച്ചുള്ള മരണവും ഇന്നു സർവസാധാരണമാകുന്നു. നാടിന്റെ 'പ്രവാസത്വര' നല്ലതിനോ സന്തോഷം കൊണ്ടെത്തിക്കുന്നതിനോ എന്നു ചിന്തിക്കേണ്ട കാലം വളരെ വൈകിയിരിക്കുന്നു.

**പഠനം**

നല്ല ജീവിതത്തിനുള്ള പരിശീലനമാകണം വിദ്യാഭ്യാസമെന്ന ചിന്ത കൈമോശം വന്നുകഴിഞ്ഞു. സാക്ഷരതയ്ക്കും സംസ്കാരത്തിനും ഏറെ പേരുകേട്ട നമ്മുടെ നാട് യോഗ്യതാസർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ ഏറെ മുന്നിലാണ്. കേരളത്തിലെ പഠനംകൊണ്ട് ഈ നാട്ടിലോ മറുനാട്ടിലോ ജീവിതഗന്ധിയായ പുരോഗതിക്ക് അവസരമുണ്ടോയെന്നു ചിന്തിക്കണം. 'പഠനമെങ്കിൽ വിദേശപഠനം' എന്നുള്ള ആധുനികയുവതയുടെയും കൗമാരക്കാരുടെയും ചിന്തയിൽ ഒരു 'സാമ്പത്തികവിജയം' പതിയിരിക്കുന്നുവെന്നതു മറക്കരുത്. ഇവിടെ ഉന്നതവിദ്യാഭ്യാസം കഴിഞ്ഞ് വൈറ്റ്കോളർ ജോബ് തേടുന്ന യുവത വിദേശത്തുപോയി വ്യക്തമായ 'തൊഴിലിട'ത്തിലേക്കുള്ള പഠനം സാധ്യമാക്കുന്നു. ഒപ്പം, എന്തു തൊഴിൽ ചെയ്തും പണം നേടുന്നു; പഠനശേഷം സ്ഥിരം തൊഴിലും സ്വന്തമാക്കുന്നു. ഇവിടെ തൊഴിലില്ലെന്നു യുവത പറയുന്നു. എന്നാൽ, പഠനം ചെലവേറിയതുമാകുന്നു. പഠനവും തൊഴിലും ഇഴചേരാത്തതുമൂലം ജീവിതം അസംതൃപ്തമാകുന്നു. ഹൃദയത്തിന്റെ സുഖം നഷ്ടമായി പലവിധ രോഗങ്ങൾക്കും അടിമകളാകുന്നു. കുടുംബാധിഷ്ഠിത ഇടപെടലുകൾ തീർത്തും നഷ്ടമായി നാട്ടിൽ ഒറ്റപ്പെട്ട് 'മരിക്കാത്തതുകൊണ്ട് ജീവിക്കുന്ന'വരുടെ എണ്ണമേറുന്നു.

**എന്താണു പരിഹാരം?**

ആരോഗ്യകരമായ കുടുംബാന്തരീക്ഷം പുനഃസ്ഥാപിക്കപ്പെടണം. ബലവാനു മാത്രമല്ല, ബലഹീനനുംകൂടിയുള്ളതാണീ ലോകം. സ്വന്തം വീടും നാടും രാജ്യവും അമൂല്യമെന്നു മക്കളെ ബോധ്യപ്പെടുത്തണം. വിദേശങ്ങളെക്കുറിച്ചുള്ള ഭാഷണത്തിനു നൂറു നാവുള്ള നമുക്കും നമ്മുടെ ഭരണകർത്താക്കൾക്കും നമ്മുടെ നാട് വിദേശത്തെപ്പോലുള്ള പുരോഗമനസിദ്ധാന്തങ്ങളിലേക്കു വളരാത്തതിനെക്കുറിച്ചു ചിന്തിച്ച് പരിഹാരം കണ്ടുകൂടേ? തൊഴിൽമേഖലയെക്കുറിച്ച് വിശാലമായ കർമപദ്ധതിയും ആസൂത്രണവും എന്തുകൊണ്ടുണ്ടാകുന്നില്ല? രാജ്യത്തിന്റെ വൈവിധ്യങ്ങളെ പുരോഗതിയുടെ വൈവിധ്യങ്ങളിലേക്കു ചിട്ടപ്പെടുത്തിയാൽ വിദേശരാജ്യങ്ങളെ ഞെട്ടിക്കുന്ന മൾട്ടിനാഷണൽ കമ്പനികൾ ഉടലെടുക്കും. കമ്പനികളുടെയും രാജ്യത്തിന്റെയും ആകമാനമുള്ള പുരോഗതിയിലേക്കു നമ്മുടെ മനുഷ്യവിഭവശേഷിയെ ഉപയുക്തമാക്കിയാൽ പഠനം കാലികവും പ്രായോഗികവും ചെലവു കുറഞ്ഞതുമാകും. സ്ഥിരജോലിയും ദിവസംമുഴുവനുമുള്ള ജോലിയുമെന്ന സങ്കല്പംവിട്ട് ദിവസത്തിലെ ഓരോ മണിക്കൂറും മത്സരിച്ചു ജോലിയെടുക്കാൻ ഓടിനടക്കുന്ന കർമോത്സുകരായ യുവതയെ രൂപപ്പെടുത്തണം.

നമ്മുടെ മക്കളെ നമ്മുടെ രാജ്യത്തുതന്നെ നിലനിർത്തി നാടിന്റെ പുരോഗതിയിൽ പങ്കാളികളാക്കാൻ സാധിക്കാത്തതു ചിന്തയ്ക്കു വിധേയമാക്കണം. അധികാരഭ്രമവും സമ്പത്തിനോടുള്ള ആർത്തിയും അഴിമതിയും ധൂർത്തും പക്ഷപാതങ്ങളും അക്രമരാഷ്ട്രീയചിന്തകളും ജാതിമതവർഗവർണവൈജാത്യങ്ങളിലൂന്നിയുള്ള മുതലെടുപ്പുമൊക്കെ മാറണം. രാജ്യം ഓരോ പൗരന്റെയും സ്വന്തമാണെന്ന ബോധമുണ്ടാകണം. ചരിത്രകാരന്മാരെ ഇകഴ്ത്താനും രാജ്യത്തെ മുന്നിൽനിന്നു നയിച്ചവരെ അവഗണിക്കാനും പാടുപെടുമ്പോൾ ഒരു കാര്യം ഓർക്കുന്നതു നന്ന്. അവരുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. 'നമ്മുടെ മനോഭാവവും പ്രവർത്തനങ്ങളും ലോകഗതിക്കനുസരണം വ്യത്യാസപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അതിനർത്ഥം നാം ലോകത്തിന്റെ പിന്നിലാകുന്നവെന്നാണ്' എന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളോർക്കുക. ■

> **ബലവാനു മാത്രമല്ല, ബലഹീനനുംകൂടിയുള്ളതാണീ ലോകം. സ്വന്തം വീടും നാടും രാജ്യവും അമൂല്യമെന്നു മക്കളെ ബോധ്യപ്പെടുത്തണം. നമ്മുടെ മക്കളെ നമ്മുടെ രാജ്യത്തുതന്നെ നിലനിർത്തി നാടിന്റെ പുരോഗതിയിൽ പങ്കാളികളാക്കാൻ സാധിക്കാത്തതു ചിന്തയ്ക്കു വിധേയമാക്കണം. രാജ്യം ഓരോ പൗരന്റെയും സ്വന്തമാണെന്ന ബോധ്യമുണ്ടാകണം.**

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ്
പാത്തിക്കൽപുത്തൻപുരയിൽ

അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി എല്ലാം ചെയ്തുതരുന്ന ദൈവത്തെത്തന്നെ.

സങ്കീർത്തനം 57:2

## എഡിറ്റോറിയൽ

# സ്ത്രീസുരക്ഷയും ശക്തീകരണവും വിദ്യാഭ്യാസകേരളം ചർച്ച ചെയ്യണം

ഉത്തര, വിസ്മയ, അർച്ചന, സുചിത്രമാരെയും ഇനിയും പുറംലോകം അറിയാത്തതും അറിയിക്കാത്തതുമായ മറ്റനേകം പേരെയുംപോല ഇപ്പോഴിതാ ആലുവയിൽനിന്നു മൊഫിയ; സ്ത്രീധനപീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്യേണ്ടിവന്ന നിയമവിദ്യാർത്ഥിനി. ഭർത്തൃപീഡനം സഹിക്കവയ്യാതെ നീതിതേടി പോലീസ് സ്റ്റേഷനിലെത്തിയെങ്കിലും അപമാനിതയായി മടങ്ങേണ്ടിവന്നു അവൾക്ക്, ഒടുവിൽ ജീവിതത്തിൽനിന്നുതന്നെ.

ഗാർഹിക, സ്ത്രീധനപീഡനങ്ങൾക്കെതിരേ ശിക്ഷാനടപടികൾ കർക്കശമാക്കിയെന്ന് ഓരോ ദാരുണസംഭവത്തിനുശേഷവും സർക്കാർ ആവർത്തിച്ചു പറയുമ്പോഴും, ജീവനൊടുക്കിയവരുടെയും കൊല്ലപ്പെട്ടവരുടെയും പട്ടികയിൽ പുതിയ പേരുകൾ എഴുതിച്ചേർക്കേണ്ടിവരുന്നതിൽ സാംസ്കാരികകേരളം ലജ്ജിക്കുകതന്നെ വേണം. നിയമവും പോലീസും വനിതാകമ്മീഷനും എന്നുവേണ്ട സർക്കാർ സംവിധാനങ്ങളെല്ലാം ശക്തമാണ്. പക്ഷേ, ഗുണഫലങ്ങൾ പ്രായോഗികമായി ജനങ്ങളിലേക്ക് എത്തുന്നില്ല എന്നാണ് വർത്തമാനകാലസംഭവങ്ങൾ സൂചിപ്പിക്കുന്നത്.

സ്ത്രീധനപരാതികൾ വർദ്ധിച്ചപ്പോഴാണ് സ്ത്രീധനനിരോധനചട്ടങ്ങളിൽ ഭേദഗതിവരുത്തി സർക്കാർ ഉത്തരവിറക്കിയത്. തുടർന്ന്, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ത്രീധനം തടയാനുള്ള ഓഫീസർമാരെ നിശ്ചയിച്ച് വനിതാ ശിശുക്ഷേമസമിതി ഉത്തരവിറക്കി. വനിതാ ശിശുവികസനവകുപ്പു ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും നിയമിച്ചു. നിയമവും ഓഫീസർമാരുമുണ്ട്, കടലാസിൽ എല്ലാം ഭദ്രം; സ്ത്രീകൾക്കു ഭദ്രതയില്ലെന്നു മാത്രം.

1961 മേയ് ഒന്നിനാണ് ഇന്ത്യയിൽ സ്ത്രീധനനിരോധനനിയമം പ്രാബല്യത്തിലാകുന്നത്. വിവാഹത്തിനു തൊട്ടുമുമ്പോ ശേഷമോ വസ്തുവകകൾ, സ്ഥലം, പണം തുടങ്ങിയവ സ്ത്രീധനമായി നല്കുന്നത് നിയമംമൂലം നിരോധിച്ചു. ഈ നിയമം എല്ലാ മതങ്ങൾക്കും ബാധകമാണ്. സ്ത്രീകൾക്കു കൂടുതൽ സംരക്ഷണം നല്കാൻ 1985 ൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ 498 എ. എന്ന വകുപ്പുകൂടി നിലവിൽവന്നു. സ്ത്രീധനം ആവശ്യപ്പെട്ടു പീഡിപ്പിച്ചാൽ മൂന്നു കൊല്ലം വരെ തടവും പിഴയുമാണു ശിക്ഷ. സ്ത്രീധനപീഡനമരണത്തിന് ഏഴുകൊല്ലം തടവാണു ശിക്ഷ. സ്വന്തം വീട്ടിൽ സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പീഡനങ്ങൾ തടയാനുള്ള ഗാർഹികപീഡനനിരോധനനിയമവും 2006 മുതൽ ശക്തമാണ്. നിയമവും സുരക്ഷയും ബോധവത്കരണവും ഇത്രമാത്രം ശക്തമായിട്ടും, സ്ത്രീകൾ ഏറ്റവുമധികം കൊല്ലപ്പെടുകയും പീഡനത്തിരയാവുകയും ചെയ്യുന്നത് വീട്ടകങ്ങളിലാണെന്ന യാഥാർത്ഥ്യം നമ്മെ ഞെട്ടിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യുന്നു!

സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചോദിക്കുകയോ ചെയ്താൽ സർവകലാശാലാബിരുദം തിരിച്ചെടുക്കുന്ന നിയമം കൊണ്ടുവരേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഈയിടെ പറഞ്ഞത് കേരളം സഗൗരവം ശ്രദ്ധിച്ചു. സ്ത്രീകൾക്കെതിരേയുള്ള ആക്രമണങ്ങൾ ചെറുക്കാൻ നിരവധി നിയമപരിരക്ഷകൾ രാജ്യത്തുണ്ടായിട്ടും സ്ത്രീധനപീഡനങ്ങളും കൊലപാതകങ്ങളും ആവർത്തിക്കുന്നതു ദൗർഭാഗ്യകരമാണെന്നും ഗവർണർ പറഞ്ഞു. ബിരുദ സർട്ടിഫിക്കറ്റ് നല്കുന്നതിനുമുമ്പായി സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം എഴുതിവാങ്ങണമെന്നും ഇതു തെറ്റിച്ചാൽ നടപടിയെടുക്കണമെന്നും കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും ചാൻസലർകൂടിയായ ഗവർണർ പറഞ്ഞത് പൊതുസമൂഹം മനസ്സിരുത്തി വിലയിരുത്തേണ്ടതാണെന്നു തോന്നുന്നു. ഗാർഹിക, സ്ത്രീധനപീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത ആലുവാ സ്വദേശി മൊഫിയ പർവീണിന്റെ മാതാപിതാക്കളെ സന്ദർശിച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചുരുക്കത്തിൽ, സ്ത്രീധനത്തിന്റെ പേരിൽ നമ്മുടെ കുടുംബങ്ങളിലരങ്ങേറുന്ന അതിക്രമങ്ങൾക്കറുതി വരുത്താൻ കേരളത്തിലെ വിദ്യാഭ്യാസരംഗം ഉണരണം. ലിംഗസമത്വവും സ്ത്രീശക്തീകരണവും പൊതുസമൂഹത്തിൽ ചർച്ചയാകുന്ന ഇക്കാലത്ത് എന്തേ വിദ്യാഭ്യാസകേരളം അതു ഗൗരവമായെടുക്കാതെ പോകുന്നു? ആൺകുട്ടിയോടൊപ്പം തുല്യവ്യക്തിത്വവും അന്തസ്സും അഭിപ്രായസ്വാതന്ത്ര്യവുമുള്ള വ്യക്തിയാണു പെൺകുട്ടിയെന്ന യാഥാർത്ഥ്യം കുടുംബവും പൊതുസമൂഹവും അംഗീകരിക്കണമെന്നു പറയുമ്പോഴും, ഇത്തരത്തിലുള്ള പ്രബോധനങ്ങളും തിരിച്ചറിവുകളും കൊടുക്കാൻ നമ്മുടെ സർവകലാശാല സിലബസുകളിലെങ്കിലും മതിയായ പ്രാധാന്യത്തോടെ ഇടം കണ്ടെത്തേണ്ടത് കാലം ആവശ്യപ്പെടുന്ന സുകൃതമാണ്. പെൺമക്കളെ കച്ചവടച്ചരക്കാക്കാതിരിക്കാനും അപ്രകാരമുള്ള കരാറുകൾ വിവാഹാലോചനയുടെ തുടക്കത്തിൽത്തന്നെ അവസാനിപ്പിക്കാനും മാതാപിതാക്കൾ ആർജവമുള്ളവരാകണം. സ്ത്രീധനം ചോദിക്കുകയോ വാങ്ങുകയോ ഇച്ഛിക്കുകയോ പോലുമില്ലെന്നും, സ്ത്രീയാണ് യഥാർത്ഥ ധനമെന്നു കരുതുമെന്നും ആധുനികവിദ്യാഭ്യാസവും വിവരവുമുള്ള ചുണക്കുട്ടികളായ നമ്മുടെ യുവാക്കന്മാർ ഉറച്ച തീരുമാനമെടുത്താൽ അതു മാറ്റത്തിന്റെ വലിയൊരു തുടക്കമാകും. ■

# കടക്കെണിയിൽ മുങ്ങുന്ന കേരളം



1-ാം പേജിൽ തുടർച്ച

**കിഫ്ബി എന്ന വെള്ളാന**

സർക്കാർ ഏറെ കൊട്ടിഘോഷിക്കുന്ന കേരള അടിസ്ഥാനസൗകര്യവികസനനിധി (കിഫ്ബി) കേരളത്തിന്റെ പൊതുകടം ഉയരുന്നതിന്റെ പ്രധാനപ്പെട്ട കാരണമായി ഈ റിപ്പോർട്ടിലും സി എ ജി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കിഫ്ബിയുടെ വായ്പയും ചെലവും ബജറ്റിൽ ഉൾപ്പെടുത്തുന്നില്ലെന്നും സി എ ജി റിപ്പോർട്ടിൽ പറയുന്നു. കിഫ്ബിയുടെയും ക്ഷേമപെൻഷനുകൾ നൽകാൻ സർക്കാർ വായ്പയെടുക്കുന്ന കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെയും കണക്കുകൾ കൂട്ടിയാണ് സംസ്ഥാനത്തിന്റെ പൊതുകടം സി എ ജി നിർണ്ണയിച്ചിരിക്കുന്നത്. ബജറ്റിൽ കിഫ്ബിയുടെ കണക്കുകൾ ഉൾപ്പെടുത്താതെ കടത്തിന്റെ വ്യാപ്തി കുറച്ചുകാണിക്കുന്ന സർക്കാരിന്റെ കള്ളത്തരങ്ങൾ സി എ ജി യുടെ റിപ്പോർട്ടിലൂടെ വീണ്ടും മറനീക്കി പുറത്തുവന്നിരിക്കുകയാണ്. 2018 – 2019 ലും സി എ ജി ഇത്തരം കണ്ടെത്തലുകൾ നടത്തിയിരുന്നെങ്കിലും തങ്ങളുടെ വീഴ്ച മറച്ചുവയ്ക്കാൻ സർക്കാർ സി എ ജിക്ക് എതിരേ രംഗത്തുവരികയായിരുന്നു. മുമ്പു കേട്ടുകേൾവിയില്ലാത്തവിധം നിയമസഭയിൽ മുഖ്യമന്ത്രിതന്നെ പ്രമേയം അവതരിപ്പിച്ച് ഭരണഘടനാസ്ഥാപനമായ സിഎ ജിയുടെ പരാമർശങ്ങൾ നീക്കം ചെയ്യുകയായിരുന്നു. സി എ ജിയുടെ പുതിയ റിപ്പോർട്ടിലും കിഫ്ബിക്കെതിരേ സമാനമായ ആരോപണങ്ങൾ വന്നതോടെ പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാരിന്റെ വാദങ്ങൾ പൊളിയുകയാണ്. കിഫ്ബി വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരേ രൂക്ഷമായ വിമർശനമാണ് സി എ ജി റിപ്പോട്ടിൽ നടത്തിയിരിക്കുന്നത്.

കിഫ്ബി സംസ്ഥാനത്തിനു വലിയ ബാധ്യതയാണെന്നും മസാലബോണ്ട് പൊതുകടത്തിന്റെ ഭാഗം തന്നെയാണെന്നും സി എ ജി റിപ്പോർട്ടിൽ പറയുന്നു. ഭരണഘടനാവ്യവസ്ഥ പാലിക്കാതെയാണ് കിഫ്ബി വായ്പ എടുക്കലെന്ന ഗുരുതരമായ ആരോപണവും സി എ ജി റിപ്പോർട്ടിലുണ്ട്. വിദേശകടമെടുപ്പിനുള്ള അധികാരം കേന്ദ്രത്തിനു മാത്രമാണ്. അതുകൊണ്ടുതന്നെ കേരളം നടത്തിയത് ഭരണഘടനാവ്യവസ്ഥകളുടെ ലംഘനമാണെന്നും റിപ്പോർട്ടിൽ അടിവരയിട്ടു പറയുന്നു. 64,338 കോടി രൂപയുടെ 918 പദ്ധതികൾക്കാണ് കിഫ്ബി ബോർഡ് നാളിതുവരെ ധനാനുമതി നൽകിയിട്ടുള്ളത്. ഈ തുകയുടെ തിരിച്ചടവ് എല്ലാം ഭാവിയിൽ പെരുകുമ്പോൾ സംസ്ഥാനത്തിനു ഭാരിച്ച ബാധ്യതയാവും വരാൻ പോകുന്നത്. നവംബർ 11 ന് കിഫ്ബി ദിനത്തിൽത്തന്നെയാണ് കിഫ്ബിക്കെതിരായ രൂക്ഷപരാമർശങ്ങൾ അടങ്ങിയ സി എ ജി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കപ്പെട്ടത് എന്നതും ശ്രദ്ധേയമാണ്.

കേരളത്തിന്റെ പൊതുകടം ഭീമമായി കുതിച്ചുകയറിയതിന്റെ പിന്നിൽ കിഫ്ബി വഴിയുള്ള കടമെടുപ്പ് മുഖ്യകാരണമായി എന്നു കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. കിഫ്ബിവഴി കടമെടുത്ത തുകകൂടി ആകെ പൊതുകടത്തിന്റെ കൂടെക്കൂട്ടുമ്പോൾ കേന്ദ്രം നിഷ്കർഷിച്ച കടമെടുപ്പുപരിധിക്കു മുകളിലേക്കു പ്രതിവർഷം കേരളത്തിന്റെ പൊതുകടമെടുപ്പു പരിധി നീങ്ങുന്നതായി കാണാം. സാമ്പത്തികമായി ലാഭകരമല്ലെന്നു നീതി ആയോഗും കേന്ദ്ര സർക്കാരും വിലയിരുത്തിയ സിൽവർ ലയിൻ പദ്ധതിക്ക് കിഫ്ബിവഴി ധനസമാഹരണം നടത്തുമെന്ന സർക്കാരിന്റെ പ്രഖ്യാപനം കിഫ്ബിയെ മുൻനിറുത്തിയുള്ള അശാസ്ത്രീയമായ സാമ്പത്തിക മിസ്മാനെജ്മെന്റിന് ഏറ്റവും നല്ല ഉദാഹരണമാണ്.

**വേണ്ടത് ഇച്ഛാശക്തിയുള്ള നടപടികൾ**

കടക്കെണിയിൽ അക്ഷരാർത്ഥത്തിൽ മുങ്ങിത്താഴുകയാണ് കേരളം. അഞ്ചു വർഷംമുമ്പ് ഒന്നര ലക്ഷം കോടിയായിരുന്ന പൊതുകടം ഇപ്പോൾ ഇരട്ടിയോടടുക്കുന്നു. കടമെടുപ്പ് ഇങ്ങനെ പോയാൽ അടുത്ത മൂന്നു കൊല്ലംകൊണ്ട് നാലു ലക്ഷം കോടിയിലേക്ക് എത്തുമെന്നാണ് ധനകാര്യവകുപ്പുതന്നെ കണക്കുകൂട്ടിയിരിക്കുന്നത്. പലിശ, ശമ്പളം, പെൻഷൻ എന്നിവയ്ക്കുവേണ്ടിവരുന്ന തുക മാത്രം അടുത്ത രണ്ടു വർഷംകൊണ്ട് ഒരു ലക്ഷം കോടി കടക്കുമെന്നാണു കണക്കാക്കിയിരിക്കുന്നത്. 2020 – 2021 ൽ 67,807.66 കോടിയാണ് ഈയിനത്തിൽ ചെലവ്. 2021 – 2022 ൽ ഇത് 84,883 കോടിയായും 2022–23 ൽ 95,950 കോടിയായും 23–24 ൽ 23–24 ൽ 1,04,354 കോടിയായും ഉയരുമെന്നു കണക്കുകൂട്ടുന്നു. 2026 മാർച്ചിനകം മുൻവർഷങ്ങളിൽ എടുത്ത കടത്തിൽ 81,056.92 കോടി മടക്കി നൽകേണ്ടതുണ്ട്. അതിനു വീണ്ടും വീണ്ടും കടമെടുക്കുകയല്ലാതെ മറ്റൊരു വഴിയും തൽക്കാലം കേരളത്തിനുമുമ്പിലില്ല. നികുതിവരുമാനം 20 ശതമാനം കണ്ട് വർധിപ്പിക്കുമെന്നായിരുന്നു ഒരോ ബജറ്റിലെയും പ്രഖ്യാപനം. പക്ഷേ, പത്തു ശതമാനത്തിനപ്പുറത്തേക്ക് ഒരു വർഷവും കടന്നില്ല. പിന്നെ ആകെയുള്ള പ്രതീക്ഷ ജി എസ്റ്റിയിലാണ്. പക്ഷേ, അതിന് കേന്ദ്രത്തിന്റെ കനിവുണ്ടാകണം. പക്ഷേ, നിലവിലുള്ള പ്രതിസന്ധി മറികടക്കാൻ ജി എസ് റ്റി വരുമാനത്തിലുള്ള വർധനകൊണ്ടുമാത്രം കഴിയില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയുള്ള നടപടികൾ ഉണ്ടാകണം. അല്ലെങ്കിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് കേരളത്തെ കാത്തിരിക്കുന്നത്. ■

# വിശ്വാസത്തോണിയിൽ ആലോലമാടി ഒരു സ്നേഹക്കൂടാരം

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**





**ആഷ്‌ലി ടെസ് ജോൺ**

**ജീ**വിതത്തോട് രണ്ടുതരം സമീപനമുള്ള ആൾക്കാരുണ്ട്. ഒരു കൂട്ടർ തങ്ങളിൽ ആരംഭിച്ച്, തങ്ങളിൽ അഭിരമിച്ച് തങ്ങളിലൊടുങ്ങുന്നവർ. രണ്ടാമത്തെ കൂട്ടർ ഓരോ ചുവടും കല്ലിലും മുള്ളിലും കനലിലും ചവിട്ടി, കൂടെ നടക്കുന്നവർക്കായി കൈത്തലം നീട്ടി, ഒത്തുതീർപ്പുകളിലൊതുങ്ങാതെ മുന്നോട്ടു പോകുന്നവർ... വള്ളിച്ചിറ അവണൂർ വീട്ടിൽനിന്ന് പുറപ്പെടുന്ന ഈ വണ്ടി, ഇതിലേതു റൂട്ടിലാണ് ഓടുന്നതെന്ന് വായനക്കാർക്കു തീരുമാനിക്കാം.

'ഒത്തിരി മക്കളുള്ള അമ്മമാരൊക്കെ ഒത്തിരി ചിരിക്കുന്നവരാണോ?' എന്നു തോന്നുംവിധം ചിരി ഉതിരുന്നുണ്ട് ടിന്റുവിന്റെ വാക്കുകൾക്കൊപ്പം. "ഈശോയുടെ കൃപയാണ് എല്ലാം. എന്നെ ചേർത്തുനിർത്തും, എപ്പോഴും തിരുഹൃദയത്തോട്. മക്കളെയെല്ലാം ഈശോ കൈയിലും തോളത്തും എടുത്തിട്ടുണ്ട്. അതാണ് എന്റെ ധൈര്യം.

കോട്ടയം ജില്ലയിൽ പാലായ്ക്കടുത്ത് വള്ളിച്ചിറയിലാണ് ഞങ്ങളുടെ വീട് (അവണൂർ). എന്റെ സ്വന്തം വീട് പൂഞ്ഞാറിലാണ് (കരിയാപുരയിടം). വിവാഹശേഷം ബോണിയുടെ ജോലി സംബന്ധമായി ചെന്നൈയിലാണ് ഞങ്ങൾ താമസിക്കുന്നത്. അവിടെയാണ് കുട്ടികളെല്ലാം വളർന്നത്. ബോണിയുടെ അപ്പനും അമ്മയും ഞങ്ങളുടെകൂടെ വന്നുനിന്നു. അത് വലിയ ഒരു കരുത്തായിരുന്നു. ഇപ്പോൾ ആറാമത്തെ മോന്റെ ഡെലിവറിക്കായി നാട്ടിലെത്തിയതാണ് ഞങ്ങൾ. അവനിപ്പോ രണ്ടര മാസമായി." ടിന്റു തുടർന്നു.

"2015 ൽ ചെന്നൈയിലുണ്ടായ വെള്ളപ്പൊക്കം ഞങ്ങളുടെ ജീവിതത്തെയാകെ മാറ്റിയെഴുതി. ഞങ്ങളുടെ വീടും വസ്തുക്കളുമെല്ലാം വെള്ളം കയറി, ചെളിമൂടി നശിച്ചു. കാണക്കാണെ വെള്ളം കയറിവരുന്നത് നിസ്സഹായതയോടെ കണ്ടുനിൽക്കേണ്ടിവന്നു. കുഞ്ഞുങ്ങളെ മാത്രം കൈയിലെടുത്താണ് അന്നവിടെനിന്ന് ഇറങ്ങിപ്പോന്നത്. പിന്നെ കൂട്ടുകാരുടെയൊക്കെ സഹായം കൂട്ടായ നാളുകൾ... ദൈവത്തോടടുത്ത്, പ്രാർത്ഥനയിലുറച്ച ദിവസങ്ങൾ. ചെന്നൈയിൽ ഹൊസൂർ രൂപതയിലാണ് ഞങ്ങൾ. കേരളത്തിലല്ലെങ്കിലും, ആത്മീയയുണർവിനു പ്രേരണ നൽകുന്ന ധാരാളം പുരോഹിതന്മാരും കൂട്ടുകാരും 'ഏയ്ഞ്ചൽസ് ആർമി' പോലുള്ള കൂട്ടായ്മകളും എല്ലാം നമ്മുടെ കൂടെയുണ്ട്. ഒരിക്കലും രണ്ടു കാര്യങ്ങൾ ഒരേ സമയത്ത് കോൺസൺട്രേറ്റ് ചെയ്യാൻ പറ്റാത്ത ഞാൻ, ഈ കുഞ്ഞുങ്ങളെ വളർത്തി, കുടുംബവും നോക്കി മുന്നോട്ടു പോകുന്നത് പരിശുദ്ധ മാതാവും വിശുദ്ധരും മാലാഖമാരുമെല്ലാം കൂടെയുള്ളതുകൊണ്ടാണ്." 12 വയസിൽ താഴെയുള്ള 6 കുഞ്ഞുങ്ങളുമായി ഒരു എഞ്ചിനീയർ തന്റെ ജീവിതത്തിന്റെ പിരിയൻഗോവണി ഓടിക്കയറുകയാണ്, എപ്പോഴും കരുതുന്നവന്റെ കൈ പിടിച്ച്.



*പാലാ വള്ളിച്ചിറ അവണൂർ വീട്ടിൽ ബോണിയും ടിന്റുവും മക്കളോടൊപ്പം*

"ഞങ്ങൾ സമപ്രായക്കാരാണ്. ഒരുമിച്ചു പഠിച്ചവരും. പക്ഷേ, ഒരേ പ്രകൃതമുള്ളവരല്ല. എന്റെ കൺസെപ്റ്റിൽ 'ഇത്ര കുഞ്ഞുങ്ങൾ' അങ്ങനെയൊന്നും ഉണ്ടായിരുന്നില്ല. ദൈവം തന്നപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചു. അതിന്റെ ഫുൾക്രെഡിറ്റ് ടിന്റുവിനാണ്. വിശ്വാസം കണ്ടുപിടിച്ചതു തന്നെ ടിന്റുവാണോന്ന് നമുക്കു സംശയം തോന്നും, അവളുടെ പ്രാർത്ഥന കാണുമ്പോൾ. എനിക്കത്രയും പ്രാർത്ഥിക്കാനുള്ള കൃപ എന്നു കിട്ടുമെന്നറിയില്ല. ചില കാര്യങ്ങളിൽ അസ്വസ്ഥത ഉണ്ടാവുമ്പോൾ ഞാൻ ദേഷ്യപ്പെടും. അപ്പോൾ ടിന്റു കല്ലിനു കാറ്റു പിടിച്ചതുപോലെ തണുത്തുറഞ്ഞിരിപ്പാണ്. പയ്യെ എന്റെ ദേഷ്യവും ആറും. ഞാൻ പലപ്പോഴും വിശ്വാസജീവിതത്തിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്ന ആളാണ്. പക്ഷേ, ടിന്റു അക്കാര്യത്തിൽ ഒരു പാറ പോലെയാണ്. അഗാധസമർപ്പണമുള്ളവൾ. ആ വിശ്വാസം അവൾ കുഞ്ഞുങ്ങൾക്കും പകർന്നുകൊടുക്കുന്നുണ്ട്. അവളുടെ പ്രാർത്ഥന എനിക്കെപ്പോഴും ശക്തിയാണ്. ഏതു സമയത്തും എന്തു കാര്യവും എനിക്കും മക്കൾക്കുംവേണ്ടി ചെയ്യാൻ മടിയില്ലാത്ത ആ സ്വഭാവം ഒരദ്ഭുതവും." പുറംപൂച്ചുകളിൽ അഭിരമിക്കാത്ത യുവാവാണ് ബോണി. താനെന്താണോ അതങ്ങനെ തന്നെ ജീവിക്കാനും പറയാനും ഇഷ്ടമുള്ള ഒരാൾ.

"ബോണി എഞ്ചിനീയറിങ് കഴിഞ്ഞ് എം.ബി.എ. ചെയ്തു. ഇപ്പോൾ ബിസിനസ് ഫീൽഡിലാണ്. എല്ലാം നന്നായി അനലൈസ് ചെയ്യും. എന്നെ എന്നെക്കാളും നന്നായി അറിയാം ബോണിക്ക്. ബോണി നന്നായി പാടും, ഡാൻസ് കളിക്കും, പഠിപ്പിക്കും. ഒത്തിരി കൂട്ടുകാരും ആഘോഷങ്ങളുമെല്ലാം ഇഷ്ടപ്പെടുന്നൊരാൾ. ബോണിയുടെയും എന്റെയും കാഴ്ചപ്പാടുകളിൽ വ്യത്യാസമുണ്ടെങ്കിലും ഞങ്ങളെ ഒരുമിച്ചു നിറുത്തുന്നത് ഞങ്ങളുടെ ഇടയിലുള്ള ക്രിസ്തുവാണ്." തങ്ങളുടെ മാത്രമല്ല, എത്രയോ ദാമ്പത്യങ്ങളെയും ചേർത്തു കെട്ടിയിരിക്കുന്ന കാണാച്ചരടിന്റെ ഒരറ്റം അവന്റെ കൈയിലാണെന്ന് ഓർമപ്പെടുത്തി ടിന്റു പറഞ്ഞു.

മൂത്തമോൾ റിയാനയ്ക്ക് പതിനൊന്നു വയസ്സായി. ഒരമ്മ നോക്കുംപോലെ അവൾ ഇളയ കുട്ടികളെ നോക്കിക്കൊള്ളും. ബ്രെഡ് ടോസ്റ്റ് ചെയ്യാനും കേക്കു ബേക്ക് ചെയ്യാനുമൊക്കെ ഇഷ്ടമുള്ള കുട്ടി. രണ്ടാമൻ ജോവി സ്നേഹപ്രകൃതക്കാരനാണ്. അനുജന്മാരെ കളിപ്പിക്കാനും ചെസ് കളിക്കാനുമൊക്കെ അവനിഷ്ടമാണ്. റോയിസ് എല്ലാവരേയും ഡീൽ ചെയ്യാൻ മിടുക്കനാണ്. മൈക്കിൾ എല്ലാക്കാര്യങ്ങളും വിവേകത്തോടെ ചെയ്യും. മാർക്ക് കുസൃതിക്കുടുക്കയായി ഓടിനടക്കുന്നു. ജോൺ രണ്ടര മാസമായിട്ടേ ഉള്ളൂ. ആദ്യത്തെ നാല് ഡെലിവറിയും നടത്തിയത് സി. മേരി മാർസലസായിരുന്നു (കിടങ്ങൂർ എൽഎൽഎം ഹോസ്പിറ്റൽ). സിസ്റ്ററിന്റെ അടുത്തെത്താൻവേണ്ടി മാത്രം പെയിൻ തുടങ്ങിയിട്ടും ചെന്നൈയിൽനിന്നു ട്രെയിൻ കയറി, 'കർത്താവിന്റെ സംരക്ഷണം' ചൊല്ലി, ടാബ്‌ലറ്റ് കഴിച്ച് കിടങ്ങൂരെത്തി സുരക്ഷിമായി രണ്ടാമത്തെ കുഞ്ഞിനു ജന്മം നൽകിയത് ടിന്റു ഓർത്തെടുത്തു.

"സിസ്റ്റർ അവനെ മദ്രാസ് മെയിൽ എന്നാണു വിളിച്ചിരുന്നത്. കരിയർ പോയെന്നോ, സമ്പാദിക്കാൻ പറ്റുന്നില്ലെന്നോ തോന്നാറില്ല. കുട്ടികളെ വിശ്വാസത്തിലും ജ്ഞാനത്തിലും വളർത്തേണ്ടത് എന്റെ കടമയല്ലേ? ഞാനത് എന്നാലാവും പോലെ ചെയ്യാൻ ശ്രമിക്കുകയാണ്. ജോലി, കരിയർ അതൊക്കെ ഇനിയും ആവാല്ലോ അല്ലേ?" പെൺകുട്ടീ, ഇത്ര ചെറുപ്പത്തിലേ നീ നേടിയ ഈ വിശ്വാസം നിന്നെ പൊറുപ്പിക്കാതെവിടെപ്പോകാൻ? എന്നു മനസ്സിൽ മെല്ലെ പറഞ്ഞു ഞാൻ.

ദൈവത്തിലേക്ക് എത്ര വഴി എന്നു ചോദിച്ചപ്പോൾ 'എത്ര കോടി മനുഷ്യരുണ്ടോ അത്രയും കോടി വഴികൾ' എന്നു പറഞ്ഞ ബെനഡിക്ട് മാർപാപ്പയുടെ ഉത്തരം ഓർമിപ്പിച്ചു, ബോണിയുടെയും ടിന്റുവിന്റെയും വാക്കുകൾ. മെല്ലെ മെല്ലെ ചുവടുകൾ വച്ച്, നൃത്തംചവിട്ടി, കുട്ടികളെ തോളിലേന്തി, കുടുംബത്തോടും സുഹൃത്തുക്കളോടുമൊപ്പം ആർപ്പുവിളിച്ചാഹ്ലാദിച്ച്, ജീവിതയാത്രയുടെ എല്ലാ വിരസതകളെയുമകറ്റി മുന്നോട്ടു പോകട്ടെ ഈ ചെറിയ വലിയ കുടുംബം. ■




**മാഗി ജോസ് മേനാംപറമ്പിൽ**



## കോക്കനട്ട് സൂഫ്‌ളെ

***ചേരുവകൾ***

| | |
|---|---|
| 1. മുട്ട മഞ്ഞ | – 5 |
| പഞ്ചസാര | – 100 ഗ്രാം |
| 2. പാൽ | – 500 മില്ലി |
| 3. ജെലറ്റിൻ | – 20 ഗ്രാം കുതിർത്തത് |
| തേങ്ങാപ്പാൽ | – 200 ഗ്രാം |
| 4. വിപ്പ്ഡ് ക്രീം | – 250 മില്ലി |
| 5. ചോക്ലേറ്റ് ചിപ്സ് | – അലങ്കരിക്കുവാൻ |

***പാകം ചെയ്യുന്ന വിധം***

- മുട്ടമഞ്ഞയും പഞ്ചസാരയും യോജിപ്പിച്ച് അടിക്കുക
- പാൽ തിളപ്പിച്ച് മുട്ടമിശ്രിതത്തിൽ ചേർത്തു നന്നായി ഇളക്കി യോജിപ്പിക്കണം.
- ഇത് തിളയ്ക്കുന്ന വെള്ളത്തിനു മുകളിൽ പിടിച്ചു ഡബിൾ ബോയിലിങ് രീതിയിൽ കുറുക്കി കസ്റ്റേർഡ് തയ്യാറാക്കുക. ഇതു ചൂടാറാൻ വയ്ക്കണം.
- ഇതിൽ ജലാറ്റിൻ കുതിർത്തതും തേങ്ങാപ്പാലും ചേർത്തു നന്നായി യോജിപ്പിച്ചു വയ്ക്കണം.
- ഇതിലേക്ക് വിപ്പ്ഡ് ക്രീം സാവധാനം ചേർത്തു യോജിപ്പിച്ച ശേഷം മോൾഡുകളിലാക്കി രണ്ടു മണിക്കൂർ ഫ്രിഡ്ജിൽ വച്ചു തണുപ്പിക്കുക.
- അല്പം കട്ടിയാകുമ്പോൾ പുറത്തെടുത്ത് ചോക്ലേറ്റ് ചിപ്സ് മുകളിൽ വിതറി അലങ്കരിക്കുക.




**ഡിസംബർ 12**
**മംഗളവാർത്ത**
**മൂന്നാം ഞായർ**

**ഉത്പത്തി 21: 1–12**
**ഏശ 40: 1 –11**
**1 കോറി 1: 26–31**
**വി. ലൂക്കാ 1: 57–66**

# ദൈവദർശനം മനുഷ്യനെ ശ്രേഷ്ഠനാക്കുന്നു



**മാർ ജേക്കബ് മുരിക്കൻ**

മംഗളവാർത്തക്കാലത്തിലെ മൂന്നാം ഞായറാഴ്ചയിലെ വായനകളുടെ മുഖ്യ ആശയം ഭാവാത്മകമായി ജീവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് ദൈവികദർശനങ്ങളാണെന്ന വസ്തുതയാണ്. ദർശനങ്ങളില്ലാതാകുമ്പോൾ മനുഷ്യൻ അപകടകാരിയാകുന്നു. മനുഷ്യാവതാരദർശനങ്ങൾ നൽകുന്ന ആനന്ദമാണ് ഈ ആശയങ്ങളുടെ ചൈതന്യം.

> **നല്ല ഇടയന്റെ കരങ്ങളിൽ ആടുകൾക്കു സുരക്ഷിതത്വവും സമാധാനവും ഉണ്ടാവും. മനുഷ്യജീവിതത്തിൽ അനുതാപത്തിന്റെ അനിവാര്യതയാണ് രക്ഷകന്റെ ഗണത്തിൽപ്പെടാനുള്ള യോഗ്യത. ഏക ഇടയനായ അവിടുന്നിലും ഏകതൊഴുത്തായ സഭയിലും ചേർന്നിരിക്കുന്ന ജീവിതദർശനങ്ങളാണ് ദൈവരാജ്യാനുഭവത്തിലേക്കു നയിക്കുന്നത്.**

ഉത്പത്തിപ്പുസ്തകത്തിൽ നിന്നുള്ള ആദ്യവായനയിൽ, മനുഷ്യന്റെ നിസ്സഹായതയും ദൈവത്തിന്റെ ശക്തിയുമാണ് പ്രായം കഴിഞ്ഞ അബ്രാഹത്തിനും സാറായ്ക്കും ജനിക്കുന്ന പുത്രൻ ഇസഹാക്ക്. കർത്താവിന്റെ അനുഗ്രഹവും ദൈവത്തിന്റെ വാഗ്ദാനപൂർത്തീകരണവുമാണ് ഇസഹാക്ക്. അതുകൊണ്ട് അവൻ 'വാഗ്ദത്തപുത്ര'നായി വിശേഷിപ്പിക്കപ്പെടുന്നു. ഇസഹാക്ക് എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ദൈവം നിന്റെമേൽ പുഞ്ചിരിക്കട്ടെ' എന്നാണ്. ദൈവം സദാ മനുഷ്യന്റെമേൽ പുഞ്ചിരിയാകുന്ന സംപ്രീതി പൊഴിക്കുന്നുവെന്നതും അത് അടയാളങ്ങളിലൂടെ കാലാകാലങ്ങളിൽ വെളിപ്പെടുത്തുന്നതുമാണ് ഇസഹാക്കിന്റെ ജനനം. നൂറാംവയസ്സിൽ അബ്രാഹത്തിനു പ്രായംകവിഞ്ഞ ഭാര്യ സാറായിൽ ഒരു പുത്രൻ ജനിച്ചുവെന്നത് എല്ലാവരിലും സന്തോഷം ഉളവാക്കിയ സംഭവമാണ്. ലോകരക്ഷകനായ ഈശോമിശിഹായുടെ ജനനത്തിൽ മനുഷ്യകുലത്തിനുമുഴുവൻ ലഭിക്കാനിരിക്കുന്ന വലിയ ആനന്ദത്തിന്റെ മുന്നാസ്വാദനമാണ് ഇസഹാക്കിന്റെ ജനനത്തിലുളവായ സന്തോഷം. മനുഷ്യൻ ദൈവത്തിൽ സന്തോഷം അന്വേഷിക്കുകയും അനുഭവിക്കുകയും വേണം. ദൈവത്തിൽ സന്തോഷം അനുഭവിച്ച അബ്രാഹത്തിനും സാറായ്ക്കും തങ്ങളുടെ സന്തോഷം സമൂഹത്തിലേക്കു പ്രസരിപ്പിക്കാനും കഴിഞ്ഞു. ഈ സന്തോഷം ഈശോമിശിഹായിലൂടെ പൂർണമാക്കപ്പെട്ട രക്ഷയിൽ കേന്ദ്രീകൃതവുമാണ്. ദൈവികദർശനങ്ങളിലധിഷ്ഠിതമായ ജീവിതം നയിച്ച അബ്രാഹത്തിനും സാറായ്ക്കും സന്താനമില്ലായ്മ പരിമിതിയല്ലാതാകുകയും പുതിയ സാധ്യതകളുടെ വാതിൽ തുറക്കപ്പെടുകയും ചെയ്തു.

ഏശയ്യാപ്രവാചകന്റെ പുസ്തകത്തിലൂടെ രണ്ടാം വായനയിൽ 'കർത്താവിനു വഴിയൊരുക്കുവിൻ' എന്ന സ്വരമാണു കേൾക്കുന്നത്. കർത്താവിന്റെ ആഗമനം സമീപസ്ഥമായിരിക്കുന്നുവെന്നത് ഭൂതലത്തിനു മുഴുവൻ ആനന്ദവും പ്രതീക്ഷയും നൽകുന്നു. മനുഷ്യന്റെ വീഴ്ചകൾക്കും തെറ്റുകൾക്കും നിത്യമായി ശിക്ഷ കല്പിച്ചിരിക്കുന്ന ദൈവമല്ല; പ്രത്യുത, അനുതപിക്കുന്നവരോടു മടുപ്പില്ലാതെ ക്ഷമിക്കുകയും കരുണ കാണിക്കുകയും ചെയ്യുന്ന ദൈവത്തെപ്പറ്റിയാണ് പ്രവാചകൻ അറിയിക്കുന്നത്. ഈ കരുണയുടെ സദ്വാർത്തയാണ് കർത്താവിന്റെ ആഗമനം വിളിച്ചറിയിക്കുന്നത്.

കർത്താവിന്റെ ആഗമനം നല്ലയിടയന്റെ അനുഭവമായിരിക്കും പ്രദാനം ചെയ്യുന്നതെന്ന് പ്രവാചകൻ മുൻകൂട്ടി വ്യക്തമാക്കുന്നു. നല്ല ഇടയന്റെ കരങ്ങളിൽ ആടുകൾക്കു സുരക്ഷിതത്വവും സമാധാനവും ഉണ്ടാവും. മനുഷ്യജീവിതത്തിൽ അനുതാപത്തിന്റെ അനിവാര്യതയാണ് രക്ഷകന്റെ ഗണത്തിൽപ്പെടാനുള്ള യോഗ്യത. ഏക ഇടയനായ അവിടുന്നിലും ഏക തൊഴുത്തായ സഭയിലും ചേർന്നിരിക്കുന്ന ജീവിതദർശനങ്ങളാണ് ദൈവരാജ്യാനുഭവത്തിലേക്കു നയിക്കുന്നത്.

കൊറിന്ത്യർക്കുള്ള ലേഖനത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനു നിദാനമായിരിക്കുന്നത് മനുഷ്യന്റെ മേന്മയല്ല; പ്രത്യുത, അതു പൂർണമായും ദൈവത്തിന്റെ ദാനമാണെന്ന് ഓർമിപ്പിക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുപ്പിലാണ് മനുഷ്യന്റെ സന്തോഷം കുടികൊള്ളേണ്ടത്. മനുഷ്യരെ ലോകമുമ്പിൽ പ്രധാനിയാക്കുന്ന മാനദണ്ഡങ്ങളായ അറിവ്, സ്വാധീനം, സമ്പത്ത്, പദവി ഇവയൊന്നുമല്ല അവനെ ശ്രേഷ്ഠനാക്കുന്നത്; മറിച്ച്, ദൈവകൃപയാണ്. സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ കേവലം സൃഷ്ടിയായ മനുഷ്യന് അഹങ്കരിക്കാനൊന്നുമില്ലെന്നതും മനുഷ്യന്റെ നിസ്സാരതയിലും നിസ്സഹായാവസ്ഥയിലും ദൈവം തന്റെ കൃപ വർഷിക്കുന്നുവെന്നതും അനുഭവവേദ്യമായ സത്യമാണ്. ഈശോമിശിഹായെ ദൈവം മനുഷ്യനു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവുമാക്കിയിരിക്കുന്നു. ആയതിനാൽ, മിശിഹായിൽ ആനന്ദിക്കാനും അഭിമാനിക്കാനും തക്ക ദർശനമാണ് മനുഷ്യനാവശ്യം.



വി. ലൂക്കായുടെ സുവിശേഷത്തിൽ, യോഹന്നാൻ മാംദാനയുടെ ജനന അറിയിപ്പ് യൂദയായിലെ മലനാട്ടിൽ വലിയ സംസാരവിഷയമായി. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം 'കൃപയുള്ളവൻ' എന്നാണ്. ദൈവം സംസാരവിഷയമായ സംഭവമായിരുന്നു യോഹന്നാന്റെ ജനനം. ദൈവം സംസാരവിഷയമാകുമ്പോഴാണ് ഒരു നാടും ജനതയും അനുഗൃഹീതമാകുന്നത്. യോഹന്നാന്റെ ജനനത്തിൽ അവന്റെ പിതാവ് സഖറിയായുടെ അടയ്ക്കപ്പെട്ട നാവ് തുറക്കപ്പെട്ടു. അവിശ്വാസം പറഞ്ഞപ്പോഴാണ് സഖറിയായുടെ നാവ് ദൈവദൂതൻ പൂട്ടിയത്. സഖറിയ എഴുത്തുപലകയിൽ 'യോഹന്നാൻ' എന്നെഴുതിയപ്പോൾ അവൻ സംസാരിക്കാൻ തുടങ്ങി. അവന്റെ സംസാരം പുതിയ ഭാഷയായിരുന്നു. അതു സുവിശേഷമാണ്. ഈശോമിശിഹായായിരുന്നു ആ സംസാരത്തിന്റെ കേന്ദ്രം. ബാബേൽ ഗോപുരസംഭവത്തിൽ ഭിന്നിച്ച മനുഷ്യന്റെ ഭാഷ സഖറിയായുടെ വായ് പൂട്ടിയപ്പോൾ ദൂതൻ അടച്ചു. സഖറിയാ ദൈവദർശനമുൾക്കൊണ്ടപ്പോൾ പുതിയ ഒറ്റഭാഷയുണ്ടായി. അതു സുവിശേഷത്തിന്റെ മർമമായ സ്നേഹമാണ്. പുതിയ ഉടമ്പടിയിൽ മനുഷ്യനെ ഒന്നിപ്പിക്കുന്ന ഭാഷ സ്നേഹമാണ്. ഈ സ്നേഹദർശനമാണ് ഇന്നു മനുഷ്യനാവശ്യം.

■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**M.A.V. Kurianadu**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**സെബിൻ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.**

**(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)**

**സെബിൻ**

# മാനിക്കപ്പെടാതെ പോകുന്ന മനുഷ്യാവകാശങ്ങൾ



മേരി സെബാസ്റ്റ്യൻ

**ഡിസംബർ 10**
**അന്താരാഷ്ട്ര മനുഷ്യാവകാശദിനം**

മനുഷ്യാവകാശമെന്ന ആശയത്തിനു മാനവചരിത്രത്തോളം പഴക്കമുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുന്നേതന്നെ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഡയോജനീസ് തുടങ്ങിയ ഗ്രീക്കുദാർശനികർ തങ്ങളുടെ തത്ത്വസംഹിതകളിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ സനാതനമൂല്യങ്ങൾക്ക് അടിക്കുറിപ്പെഴുതി കടന്നുപോയവരാണ്. വി. ഗ്രന്ഥങ്ങളിൽ ഇസ്രായേൽജനത്തിന്റെ ചരിത്രത്തിൽ നിരവധിയിടങ്ങളിൽ സത്യത്തിനും നീതിക്കുംവേണ്ടിയുള്ള പ്രവാചകന്മാരുടെ ഇടപെടലുകൾ കാണാൻ സാധിക്കും. മനുഷ്യമഹത്ത്വവും ധാർമികമൂല്യങ്ങളും സംരക്ഷിക്കുവാൻ യേശു തന്റെ കാലഘട്ടത്തിലെ രാഷ്ട്രീയസംവിധാനങ്ങളെയും ഭരണാധികാരികളെയും വെല്ലുവിളിക്കുകയും വിമർശിക്കുകയും ചെയ്തതായി പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ, എക്കാലവും എല്ലാമതങ്ങളും മതനേതാക്കളും മനുഷ്യാവകാശങ്ങൾക്കുവേണ്ടി നിലനിന്നിട്ടുള്ളവയാണ്. എന്നിരുന്നാലും മനുഷ്യാവകാശങ്ങൾ ഒരു മൗലികനിയമമായി ലോകമെമ്പാടും പ്രാബല്യത്തിൽ വന്നത് ഇരുപതാം നൂറ്റാണ്ടിലാണ്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയായിരുന്നു പൂർവകാലങ്ങളിൽ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളും അവകാശങ്ങളും. എന്നാൽ, ഇന്ന് ശുദ്ധവായു, ശുദ്ധഭക്ഷണം, ശുദ്ധജലം, ഭവനം, ആരോഗ്യം, ചികിത്സ, വിദ്യാഭ്യാസം, സ്ത്രീപുരുഷസമത്വം, സ്ത്രീസുരക്ഷ, സഞ്ചാരസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ജോലിക്കനുസരിച്ചുള്ള വേതനം തുടങ്ങിയ നിരവധി ഘടകങ്ങൾ മനുഷ്യാവകാശങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, പുതിയ അവകാശങ്ങൾ രൂപപ്പെടുകയും അവ മനുഷ്യാവകാശങ്ങളായി അംഗീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നിയമസംഹിതകൾ ഏറുന്നതനുസരിച്ച് നിയമലംഘനങ്ങളുടെ തോതും വർദ്ധിച്ചുവരുന്നു. സത്യസനാതനമൂല്യങ്ങൾ ഓരോ പൗരനും വ്യക്തിപരമായി സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ മാത്രമാണ് ജീവിതം സഫലവും ധന്യവുമായിത്തീരുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമൻ നാസികൾ ലോകമെമ്പാടും നടത്തിയ മനുഷ്യാവകാശലംഘനങ്ങളും ജൂതർക്കെതിരായി നടത്തിയ കൊടുംപാതകങ്ങളും തന്മൂലം വന്നു ഭവിച്ച പറഞ്ഞാലൊടുങ്ങാത്ത ദുരിതങ്ങളുമാണ് ആഗോള മനുഷ്യാവകാശപ്രഖ്യാപനത്തിനു വഴിതെളിച്ചത്. 1948 ഡിസംബർ പത്ത് മനുഷ്യാവകാശദിനമായി ഐക്യരാഷ്ട്രസംഘടന തിരഞ്ഞെടുക്കുകയും ലോകരാജ്യങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്തുകൊണ്ടു ചരിത്രത്തിൽ പുതിയൊരു അധ്യായം എഴുതിച്ചേർത്തു. 'ഇതു ലോകത്തിലെ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും അടിത്തറയാണ്' എന്നു പ്രഖ്യാപിച്ചുകൊണ്ടാണു മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം നടത്തിയത്.

1950 ജനുവരി 26 ന് നിലവിൽവന്ന ഇൻഡ്യൻ ഭരണഘടനയിൽ മനുഷ്യാവകാശങ്ങളുടെ നിരവധി വകുപ്പുകളും ഉപവകുപ്പുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ രാജ്യത്ത് ഇന്നു നടക്കുന്ന അനീതിയും അഴിമതിയും അക്രമവും താങ്ങാവുന്നതിലധികം സംഘർഷവും ഭീതിയും ആശങ്കയുമാണു നൽകിക്കൊണ്ടിരിക്കുന്നത്.

ഓരോരുത്തർക്കും അർഹമായതു കൊടുക്കുകയെന്നതാണു നീതിക്കുള്ള നിർവചനം. അപ്പോൾ അനീതിയെന്നതു മനുഷ്യാവകാശലംഘനമാണ്. വലിയ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിയ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പല ഭരണപരിഷ്കാരങ്ങളും സാധാരണജനത്തിനു താങ്ങാവുന്നതല്ല. ഒരു വർഷം പിന്നിട്ട കർഷകസമരത്തിന്റെ പ്രത്യാഘാതങ്ങൾക്ക് ആരു പരിഹാരം നൽകും? പൊലിഞ്ഞുപോയ അനേകരുടെ ജീവന് എന്തു വിലയാണു നല്കുക?



മനുഷ്യാവകാശങ്ങളെ ഹനിക്കുന്ന ഏതൊരു പ്രവൃത്തിയും ഭരണഘടനാവിരുദ്ധമായിരിക്കുമെന്ന് ഇന്ത്യൻ ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഫലത്തിൽ എല്ലാം ജലരേഖകൾമാത്രം. ചില സമീപകാല സംഭവങ്ങൾ അതാണു വിളിച്ചറിയിക്കുന്നത്. അന്തരിച്ച സ്റ്റാൻ സ്വാമിയെന്ന വൈദികനെ കുറ്റം തെളിയിക്കപ്പെടാതെയും വിചാരണകൂടാതെയും ഭരണകൂടം കൽത്തുറുങ്കിലാക്കി. പാർക്കിൻസൺസ്, കാഴ്ചക്കുറവ്, വാതം തുടങ്ങിയ പലവിധ രോഗങ്ങളാൽ അവശനായിരുന്ന ഈ വയോധികനു ഭക്ഷണം കഴിക്കാൻ ഒരു സ്പൂണിനുവേണ്ടി കൈനീട്ടിയിട്ടും അതു നിഷേധിച്ച നിയമപാലകരുടെ നാടാണിത്. പ്രാഥമികസൗകര്യങ്ങളോ വേണ്ടത്ര ചികിത്സയോ പ്രായത്തിനുതക്ക പരിഗണനയോ ലഭിക്കാതെയുള്ള അദ്ദേഹത്തിന്റെ ദാരുണമരണം ഇന്ത്യാചരിത്രത്തിൽ എക്കാലവും ഒരു കറുത്ത പാടായി അവശേഷിക്കും.

ക്രിസ്തുമതം ആസൂത്രിതമായി പീഡിപ്പിക്കപ്പെടുന്നുവെന്ന് ഒറീസ്സയിലും ഗുജറാത്തിലും കേരളത്തിലും അരങ്ങേറിയ മുൻകാലസംഭവങ്ങൾ പലതും നമ്മെ ഓർമപ്പെടുത്തുന്നു. ഫാ. ടോം ഉഴുന്നാലിന്റെ തടവറവാസത്തിന്റെ നൊമ്പരപ്പെടുത്തുന്ന ഓർമകൾ മലയാളികൾ ഇന്നും മറന്നിട്ടില്ല. വാഴ്ത്തപ്പെട്ട സി. റാണി മരിയയും ഫാ. ജെയിംസ് കോട്ടായിലുമൊക്കെ രക്തസാക്ഷിത്വം വരിച്ചതു പാവങ്ങളും നിർദ്ധനരും നിരക്ഷരവുമായ ജനങ്ങൾക്കിടയിൽ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ധാർമികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുവെന്ന ആരോപണത്തിന്റെ വെളിച്ചത്തിലാണ്.

മനുഷ്യവകാശം യാഥാർത്ഥ്യമാകണമെങ്കിൽ ഭരണകൂടവും പൗരസമൂഹവും മനുഷ്യാവകാശസ്ഥാപനങ്ങളും മാധ്യമങ്ങളും വിദ്യാഭ്യാസവിചക്ഷണരും രംഗത്തു വരുകയും ജാതിമതവർഗലിംഗവിവേചനങ്ങൾക്കെതിരേ പൊരുതുകയും, വിവേചനവും രണ്ടാംകിടപൗരത്വവും ഇല്ലായ്മ ചെയ്യുകയും വേണം. അവകാശങ്ങളെ പരസ്പരം ബഹുമാനിച്ചും കടമകളെ ഓർമപ്പെടുത്തിയും സൗഹാർദത്തോടെ മുമ്പോട്ടു പോകുമ്പോഴാണ് എന്തെങ്കിലും ചെറുനന്മകൾ ഓരോരുത്തരിലും രൂപം കൊള്ളാൻ കാരണമാകുന്നത്. മനുഷ്യാവകാശനിയമഗ്രന്ഥം കാണാതെ പഠിച്ചതുകൊണ്ടോ അപഗ്രഥനം ചെയ്യുന്നതുകൊണ്ടോ ഒന്നും അവകാശങ്ങൾ ആർക്കും സ്വന്തമാക്കാൻ കഴിയില്ല. അതു സാധിക്കണമെങ്കിൽ ഓരോ പൗരനും സത്യവും നീതിയും ജീവിതാദർശമായി സ്വീകരിച്ചേ തീരൂ. ■

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

■ മാത്യൂസ് ആർപ്പൂക്കര

# കാട്ടുമുയലും കാട്ടുപന്നിയും

**കാട്ടുമുയൽ**

**നീണ്ട** ചെവിയും ഉരുണ്ട ശരീരവും ചെറുവാലും മുയലുകളുടെ സവിശേഷതകളാണ്. മുൻകാലുകളെക്കാൾ പിൻകാലുകൾക്കു നീളം കൂടുതലുണ്ട്. ചാടി നടക്കാൻ പറ്റിയ വിധമാണിത്. പിൻകാലുകൾ നിലത്തൂന്നി രണ്ടു കാലിൽ ഉയർന്നുനില്ക്കാൻ ഇവയ്ക്കു കഴിയുന്നു. ചാടിച്ചാടി സഞ്ചരിക്കുന്നു. നമ്മുടെ കാടുകളിലും പരിസരപ്രദേശങ്ങളിലും കുഗ്രാമങ്ങളിലെ കുറ്റിക്കാടുകളിലും കണ്ടുവരുന്ന സസ്തനിയാണ് കാട്ടുമുയൽ. പിളർന്ന മേൽച്ചുണ്ടും മൂർച്ചയേറിയ ഉളിപ്പല്ലും കിഴങ്ങുകളും മറ്റും കരണ്ടുതിന്നാൻ പറ്റിയ വിധമാണ്. പല്ലുകൾ ആയുഷ്കാലമത്രയും വളർന്നുകൊണ്ടിരിക്കുമെന്നതാണൊരു പ്രത്യേകത. ഇവയ്ക്കു കോമ്പല്ലുകളില്ല. കാട്ടുമുയൽ പൂർണമായും സസ്യഭുക്കുകളാണ്. ഇലകൾ, പൂക്കൾ, മരത്തോൽ, കിഴങ്ങുകൾ, കായ്കൾ എന്നിവയാണ് ഇഷ്ടഭക്ഷണം. ഇവയുടെ കേൾവിശക്തി അസാധാരണമാണ്. ചെവിമുഖാന്തരമാണ് പരിസരബോധമുണ്ടാകുന്നത്. ചെവികൾ യഥേഷ്ടം അനക്കാനാവും.



**കാട്ടുപന്നി**

കേരളത്തിന്റെ കാട്ടുമൃഗങ്ങളിൽ മറ്റൊരിനമാണ് കാട്ടുപന്നി. ഇവറ്റ നാടൻപന്നികളുടെ മുൻഗാമികളാണെന്നു കരുതുന്നതിൽ തെറ്റില്ല. ഇരുണ്ട ചാരനിറമാണ്. അണപ്പല്ലുകളാണു തേറ്റകളായി രൂപം പ്രാപിച്ചിരിക്കുന്നു. ഇതുപയോഗിച്ചു മണ്ണുമാന്തി, കായ്കളും വിത്തുകളും തിന്നുന്നു. ശത്രുവിനെ നേരിടാനും തേറ്റകൾ ഉപയോഗിക്കുന്നു. അതിവേഗം പാഞ്ഞെത്തി തേറ്റകൊണ്ട് ആക്രമിക്കുകയാണു ചെയ്യുക. അതുകൊണ്ട് അപകടകാരികളാണിവ. തലയിൽനിന്ന് ഉടലിലേക്കു വളർന്നുനില്ക്കുന്ന കുഞ്ചിരോമങ്ങൾ ഇവയുടെ പ്രത്യേകത യാണ്. കാട്ടുപന്നിയുടെ ഉയരം രണ്ടര അടിയോളമാണ്. ഇവ ഗ്രാമങ്ങളിൽ കൃഷിനാശമുണ്ടാക്കാറുണ്ട്. വിളകൾ നശിപ്പിക്കുന്ന ഇവർ കൃഷിക്കാരുടെ ബദ്ധശത്രുക്കളാണ്. പകൽ സഞ്ചാരികളാണെങ്കിലും രാത്രിയും തീറ്റ തേടിയിറങ്ങാറുണ്ട്. കേരളത്തിലെ കാടുകളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന സസ്തനികളിൽ ഒന്നാണ് കാട്ടുപന്നികൾ.



■



അഡ്വ. സി. ലിനറ്റ് ചെറിയാൻ SKD

# അറിയണം ഈ നിയമവഴികൾ സ്ത്രീപീഡനങ്ങൾ പെരുകുന്ന നാട്ടിൽ

ജനാധിപത്യമര്യാദയുടെ ലംഘനം ഏറ്റവും കൂടുതൽ നടക്കുന്നത് കുടുംബങ്ങളിലാണ്. ഗാർഹികപീഡനത്തിന് ഇന്ത്യയിൽ മൂന്നാം റാങ്കുണ്ട് നമ്മുടെ നാടിന്. സ്ത്രീധനരഹിതകേരളത്തിലെത്താൻ നമ്മൾ ഇനിയും ഒരുപാടു ദൂരം നടക്കേണ്ടതുണ്ട്. സ്വന്തം കഴിവിൽ പരിപൂർണ വിശ്വാസമുള്ള, പരാശ്രയികളല്ലാത്ത, ഒരു പുതുപെൺതലമുറയ്ക്കുമാത്രമേ ആത്യന്തികമായി വിവാഹവും സ്ത്രീധനവും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ഇല്ലാതാക്കാൻ സാധിക്കൂ.

സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടത് ഒരു പരിഷ്കൃത ജനാധിപത്യസമൂഹത്തിൽ



അനിവാര്യമാണ്. മനുഷ്യപുരോഗതിക്കായി നാം ഉപയോഗപ്പെടുത്തുന്ന നൂതനസാങ്കേതികവിദ്യകൾ തന്നെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗിക്കുന്നുവെന്നത് ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്കു പുറമേയാണ്. അവരുടെ സ്വകാര്യത ലംഘിക്കുന്ന ഇത്തരം അതിക്രമങ്ങൾ ഇന്ത്യൻ പീനൽകോഡ്, കേരള പോലീസ് ആക്റ്റ്, IT ആക്റ്റ് എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് സ്ത്രീകൾക്കെതിരായുള്ള ഇത്തരം അതിക്രമങ്ങളെ നാം പ്രധാനമായും നേരിടുന്നത്.

### ക്രിമിനൽ നിയമങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ

ഇന്ത്യൻ പീനൽകോഡിലെ സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട വകുപ്പാണ് 354. മാനഭംഗപ്പെടുത്തണം എന്ന ഉദ്ദേശ്യത്തോടെ ഒരാൾ ആക്രമിക്കാൻ വന്നാലോ, അല്ലെങ്കിൽ താൻ അപമാനിക്കപ്പെട്ടു എന്ന തോന്നലുണ്ടായാലോപോലും ഒരു സ്ത്രീക്ക് ഈ വകുപ്പുപ്രകാരം കുറ്റകൃത്യം ചെയ്ത ആൾക്കെതിരേ നിയമനടപടി കൈക്കൊള്ളാം. വിവാഹത്തിനോ നിർബന്ധിത ശാരീരികബന്ധത്തിനോ സ്ത്രീയെ വശീകരിച്ചു കടത്തിക്കൊണ്ടു പോയാൽ, പത്തുവർഷംവരെ തടവും പിഴയും കിട്ടാവുന്ന കുറ്റകൃത്യമാണ്. ഈ പറഞ്ഞ ആവശ്യത്തിനായി സ്ത്രീയെ കടത്തിക്കൊണ്ടുവന്നാലും ശിക്ഷാർഹമാണ്. 375-ാം വകുപ്പുപ്രകാരം ബലാൽസംഗത്തിന് ഏഴുമുതൽ പത്തുവരെ വർഷമോ ജീവപര്യന്തമോ തടവും പിഴയും ലഭിക്കും. പോലീസ് സ്റ്റേഷനിലുള്ളവർ, ജയിലധികാരി, ആശുപത്രി മേധാവി എന്നിവർ ഒരു സ്ത്രീയെ അവളുടെ സമ്മതമില്ലാതെ ലൈംഗികബന്ധത്തിനടിമപ്പെടുത്തുക, ഗർഭിണി, പന്ത്രണ്ടു വയസ്സിനു താഴെയുള്ള പെൺകുട്ടി ഇവരെ ബലാൽസംഗം ചെയ്യുക തുടങ്ങിയവയൊക്കെ ഈ വകുപ്പിനു കീഴിൽ പത്തുവർഷംമുതൽ ജീവപര്യന്തമോ പിഴയോ ലഭിക്കാവുന്ന കുറ്റമാണ്. ഇത്തരം കേസിൽ ഇരയാകുന്ന സ്ത്രീയുടെ പേരോ മേൽവിലാസമോ വെളിപ്പെടുത്തിയാൽ രണ്ടു വർഷം തടവും പിഴയും ലഭിക്കുന്ന കുറ്റമായി പരിഗണിക്കും. വിവാഹബന്ധം വേർപെടുത്താതെ ഭാര്യ ജീവനോടെയുള്ളപ്പോൾ മറ്റു വിവാഹം കഴിച്ചാൽ ഏഴു വർഷംവരെ തടവും പിഴയും കിട്ടും.

### സ്ത്രീധനമരണം

വിവാഹം കഴിഞ്ഞ് ഏഴു വർഷത്തിനുള്ളിൽ ഒരു സ്ത്രീ അസാധാരണസാഹചര്യത്തിൽ മരിക്കുകയും, മരിക്കുന്നതിനുമുമ്പ് അവരെ ഭർത്താവും ബന്ധുക്കളും ഉപദ്രവിച്ചതായി തെളിവുണ്ടായിരിക്കുകയും ചെയ്താൽ 306 വകുപ്പുപ്രകാരം സ്ത്രീധനമരണമായി കരുതുന്നു. സ്ത്രീയെ ഭർത്താവോ ബന്ധുക്കളോ പീഡിപ്പിക്കുന്നതും കുറ്റകൃത്യമാണ്.

ഒരു സ്ത്രീയുടെ മാന്യതയ്ക്കു കോട്ടം തട്ടുന്ന വിധത്തിൽ ഏതെങ്കിലും വാക്ക് ഉച്ചരിക്കുകയോ ആംഗ്യം കാണിക്കുകയോ എന്തെങ്കിലും പ്രചരിപ്പിക്കുകയോ ചെയ്താൽ ഇന്ത്യൻ പീനൽ കോഡ് 509 വകുപ്പുപ്രകാരം ഒരു വർഷം തടവോ പിഴയോ രണ്ടും ഒരുമിച്ചോ അനുഭവിക്കാൻ കുറ്റം ചെയ്തയാൾ ബാധ്യസ്ഥനാണ്. ഒരു സ്ത്രീയെയും പോലീസ് സ്റ്റേഷനിലേക്കു ചോദ്യം ചെയ്യാൻ വിളിപ്പിക്കാൻ പാടില്ല. അവർ താമസിക്കുന്നതോ നിർദേശിക്കുന്നതോ ആയ സ്ഥലത്തുവച്ച് ഒരു വനിതാ പോലീസ് ഓഫീസറുടെയോ കുടുംബാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ സാന്നിധ്യത്തിൽ മാത്രമേ, ചോദ്യം ചെയ്യാൻ പാടുള്ളൂ.

കേരളാ പോലീസ് നിയമമനുസരിച്ച്, ഒരു സ്ത്രീക്കുനേരേ പൊതുസ്ഥലത്തുവച്ച് ലൈംഗികചേഷ്ടകളോ പ്രവൃത്തികളോ ചെയ്യുന്നതും അവരുടെ സ്വകാര്യതയ്ക്കു ഭംഗം വരുത്തുന്ന ഫോട്ടോയോ വീഡിയോയോ എടുക്കുന്നതും ശിക്ഷാർഹമാണ്.

### സ്ത്രീധന നിരോധനനിയമം

1961 ലെ സ്ത്രീധനനിരോധനനിയമം അനുസരിച്ച്, സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും നൽകാൻ പ്രേരിപ്പിക്കുന്നതുമൊക്കെ അഞ്ചുവർഷം തടവും 15000 രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. സ്ത്രീധനം നേരിട്ടോ അല്ലാതെയോ ആവശ്യപ്പെടുന്നവർക്കു രണ്ടു വർഷംമുതൽ ആറു മാസംവരെ തടവും 10,000 രൂപ പിഴയും ലഭിക്കും.

### ഗാർഹികപീഡന നിരോധനനിയമം

വീടുകളിൽ സ്ത്രീയുടെ ആരോഗ്യം, ജീവൻ, സമാധാനം എന്നിവയ്ക്കു ഭീഷണിയാകുന്ന തരത്തിൽ ആ വീട്ടിൽ താമസിക്കുന്ന ഏതെങ്കിലും പുരുഷൻ പ്രവർത്തിക്കുന്നതിനെ ഗാർഹികപീഡനം എന്നു പറയുന്നു. ശാരീരിക, ലൈംഗികപീഡനങ്ങൾക്കുപരി വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോപോലും കളിയാക്കുകയോ മാനസികമായി പീഡിപ്പിക്കയോ ചെയ്യുക, വീട്ടിൽ ചെലവു തരാതിരിക്കുക, കുടുംബവസ്തുക്കൾ വിൽക്കുക തുടങ്ങിയവയൊക്കെ ഗാർഹികപീഡനപരിധിയിൽപ്പെടും. പീഡനത്തിനിരയാകുന്ന സ്ത്രീ ജില്ലാ പ്രൊട്ടക്ഷൻ ഓഫീസറെ അറിയിച്ചാൽ, അതുവഴി നിയമസംരക്ഷണം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിവഴി ലഭിക്കും. പരാതിക്കാരിക്കു നേരിട്ടോ വക്കീൽ മുഖാന്തിരമോ പ്രസ്തുത കോടതിയെ സമീപിക്കാവുന്നതും കോടതിവഴി വീട്ടിൽ താമസിക്കുന്നതിനു സംരക്ഷണ ഉത്തരവും കുട്ടികളുടെ കസ്റ്റഡി ഉത്തരവും മറ്റും ലഭിക്കുന്നതുമാണ്. ഉത്തരവു ലംഘിക്കുന്നവർക്ക് തടവും 2,00,000 രൂപ പിഴയും ലഭിക്കും. ക്രിമിനൽ നടപടി നിയമം 125-ാം വകുപ്പുപ്രകാരം ഒരു പുരുഷൻ തന്റെ പങ്കാളിയെയും മക്കളെയും മാതാപിതാക്കളെയും സംരക്ഷിക്കാൻ ബാധ്യസ്ഥനാണ്. നിയമപ്രകാരമല്ലാത്ത മക്കൾക്കും ചെലവിനു കിട്ടാൻ അവകാശമുണ്ട്.

### സൈബർ കുറ്റകൃത്യങ്ങൾ

സൈബർ കുറ്റകൃത്യത്തിനിരയായ ഒരാൾക്കു ലോകത്ത് എവിടെ വേണമെങ്കിലും പരാതിപ്പെടാം. എല്ലാ ജില്ലകളിലും പോലീസ് സ്റ്റേഷനോടു ചേർന്ന് സൈബർ സെല്ലുകൾ ഉണ്ട്. ലോക്കൽ പോലീസ് സ്റ്റേഷനിലാണ് പരാതിപ്പെടേണ്ടത്. പരാതിയോടൊപ്പം, പേര്, മെയിൽ ഐഡി, ഫോൺ നമ്പർ, അഡ്രസ് എന്നിവ നൽകണം. തെളിവായി സംശയമുള്ളവരുടെ പേരുവിവരം, defaced web Page ന്റെ Soft and hard copy, server logs തുടങ്ങി സാധ്യമായ വിവരങ്ങൾ നൽകണം. മറ്റൊരാളുടെ കംപ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവിടങ്ങളിൽ കടന്നുകയറുക, ഇലക്ട്രോണിക് മാധ്യമങ്ങളിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുക, പ്രചരിപ്പിക്കുക, അവരുടെ ലൈംഗിക കാര്യങ്ങൾ പ്രസിദ്ധീകരിക്കുക, പ്രചരിപ്പിക്കുക, സോഷ്യൽ മീഡിയയിൽ മറ്റൊരാളുടെ പേരിൽ ഫേക്ക് അക്കൗണ്ടുണ്ടാക്കുക, സ്വന്തം അക്കൗണ്ടിൽ മറ്റാരുടെയെങ്കിലും സാന്നിധ്യം (hacking), നമ്മുടെ അക്കൗണ്ടിൽനിന്നു പണം ചോദിച്ച് മെസേജ് അയയ്ക്കുക, നെറ്റിലൂടെ ഒരാളെ ഭീഷണിപ്പെടുത്തുക ഇതൊക്കെ വലിയ ശിക്ഷകൾ കിട്ടുന്ന സൈബർ കുറ്റകൃത്യങ്ങളാണ്. ടി കുറ്റങ്ങൾക്കെതിരേ http://www.cyber Archived 2013-07-11 at the Way back Machine. cell india.com എന്ന സൈറ്റിലൂടെയും പരാതിപ്പെടാം.

ട്രെയിൻ യാത്രയ്ക്കിടയിൽ ശല്യമുണ്ടായാൽ 9846200100 എന്ന നമ്പരിൽ പരാതിപ്പെടുക. ബസ് യാത്രയ്ക്കിടയിൽ ശല്യമുണ്ടായാൽ പോലീസിൽ പരാതിപ്പെടാം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യനിയമസഹായം നൽകുന്നതിനായി ലീഗൽ സർവീസ് അതോറിറ്റികൾ എല്ലാ കോടതികളോടനുബന്ധിച്ചുമുണ്ട്. അവിടെ അന്വേഷിച്ച്, അപേക്ഷിച്ചാൽ സൗജന്യനിയമസഹായം ലഭിക്കും.

സ്ത്രീകൾക്കെതിരേയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടുന്നതിനും സ്ത്രീയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഒരു സാമൂഹികക്രമം കൊണ്ടുവരുന്നതിനുമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പല നിയമനിർമാണങ്ങളും നടത്തിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

### ഇന്ത്യൻ ശിക്ഷാനിയമം

**1. ബലാത്സംഗം** (Rape) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 375-ാം വകുപ്പിൽ ബലാത്സംഗം നിർവചിച്ചിരിക്കുന്നു. 376 (1)-ാം വകുപ്പിൽ ബലാത്സംഗത്തിന്റെ ശിക്ഷ ഏറ്റവും കൂടിയത് ജീവപരന്ത്യം തടവും കുറഞ്ഞത് ഏഴു വർഷവുമായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ, 376(2)-ാം ഉപവകുപ്പുപ്രകാരം ഏറ്റവും കുറഞ്ഞ ശിക്ഷ പത്തു വർഷമാക്കിയിരിക്കുന്നു.

**2. മാനഭംഗം** (Outraging Modesty) ഇന്ത്യൻ ശിക്ഷാനിയമം 354-ാം വകുപ്പുപ്രകാരം മര്യാദലംഘനം നടത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു സ്ത്രീയുടെ ശരീരത്തു സ്പർശിച്ചാൽ രണ്ടു വർഷം തടവുശിക്ഷ ലഭിക്കും.



**3. സ്ത്രീധനമരണം** (Dowry Death) ഇന്ത്യൻ ശിക്ഷാനിയമം 304-ാം വകുപ്പുപ്രകാരം വിവാഹത്തിനു ശേഷം ഏഴു വർഷത്തിനുള്ളിൽ തീപ്പൊള്ളൽ കൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും അസ്വാഭാവിക സാഹചര്യങ്ങളിലോ ഒരു സ്ത്രീയുടെ മരണം സംഭവിക്കുകയും മരണത്തിനു തൊട്ടുമുമ്പ് സ്ത്രീധനം ആവശ്യപ്പെട്ടുകൊണ്ടു ഭർത്താവോ ബന്ധുക്കളോ അവളെ പീഡിപ്പിച്ചിട്ടുണ്ടെന്നു കാണുകയും ചെയ്താൽ ആ മരണത്തെ സ്ത്രീധനമരണം എന്നു പറയാം. സത്രീധനമരണത്തിനു കുറ്റക്കാരായവർക്കു ജീവപര്യന്തം തടവുശിക്ഷവരെ ലഭിക്കാം. ശിക്ഷ ഏഴു വർഷത്തിൽ കുറയാൻ പാടില്ല.

**4. ഭർത്താവോ ഭർത്താവിന്റെ ബന്ധുക്കളോ ചെയ്യുന്ന ക്രൂരത** (Cruelty by husband or relatives of husband)

ഇന്ത്യൻ ശിക്ഷാനിയമം 498 (A) വകുപ്പിൽ സ്ത്രീപീഡനത്തെപ്പറ്റി പ്രതിപാദിക്കുന്നു. ഒരു സ്ത്രീയുടെ ഭർത്താവോ അല്ലെങ്കിൽ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവോ ഒരു സ്ത്രീയെ ക്രൂരതയ്ക്കു വിധേയയാക്കുകയാണെങ്കിൽ മൂന്നു വർഷത്തോളം വരുന്ന തടവുശിക്ഷയോ പിഴയോ ലഭിക്കാവുന്നതാണ്.

**5. ആളപഹരണവും തട്ടിക്കൊണ്ടുപോകലും** (Kidnapping and Abduction) ഇന്ത്യൻ ശിക്ഷാനിയമം 366-ാം വകുപ്പുപ്രകാരം ഒരു സ്ത്രീയെ അപഹരിച്ചുകൊണ്ടുപോകുകയോ തട്ടിക്കൊണ്ടുപോകുകയോ അവളുടെ ഇഷ്ടത്തിനു വിപരീതമായി വിവാഹത്തിനോ ലൈംഗികവേഴ്ചയ്ക്കോ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പത്തു വർഷംവരെ തടവുശിക്ഷ ലഭിക്കാം.

(തുടരും)

# ഹൃദയംതൊട്ട സാന്ത്വനം



ജോസ് വഴുതനപ്പിള്ളി

**രോ**ഗം മൂർച്ഛിച്ചുനിൽക്കുന്ന അവസ്ഥയിൽ നാം ഒരു രോഗിയെ കാണാൻ പോകുന്നു എന്നു സങ്കല്പിക്കുക. എന്താണു ക്രിസ്തീയചൈതന്യമുള്ള ഒരു വ്യക്തി അവിടെ പറയേണ്ടത്? വായിൽതോന്നിയത് കോതയ്ക്കു പാട്ട് എന്ന മട്ടിൽ അവർക്കു വേദന തോന്നിക്കുന്ന വാക്കുകളാണോ?

"ഓ, ഇതുപോലെ ഒരു കേസ് എനിക്കറിയാം ഇത് ഭേദമാകാനൊന്നും പോകുന്നില്ല." വിദ്യാഭ്യാസം ലഭിച്ചവർപോലും ഇത്തരം പ്രസ്താവനകൾ നടത്തി രോഗിയെക്കണ്ട് പൊടിയും തട്ടി മടങ്ങുന്ന രംഗം നമുക്കു കാണാം. രോഗിയും ബന്ധുക്കളും വലിയ വേദനയിൽക്കൂടി കടന്നുപോകുന്ന അവസരത്തിൽ നാം അവരുടെ ദുഃഖം വർദ്ധിപ്പിക്കുകയാണോ വേണ്ടത്? അവരുടെ ഉറ്റവർ ആരെങ്കിലും അപ്പോൾ മരണം സംഭവിച്ചതെങ്ങനെയെന്നും മറ്റുമുള്ള കാര്യങ്ങൾ വിശദീകരിക്കും.

നമ്മുടെ നാട്ടിലെ കാര്യം നമുക്കറിയാം. അനുശോചനം രേഖപ്പെടുത്തുവാൻ വന്നവർ യാന്ത്രികമായി എന്തൊക്കെയോ ബന്ധുക്കളോടു പറഞ്ഞശേഷം മാറിനിന്നു രാഷ്ട്രീയക്കാര്യമോ, ചവറുവർത്തമാനമോ പറയുന്നതും കണ്ടിട്ടുണ്ടാവും.

മരിച്ച് ഏതാനും ദിവസങ്ങൾ ബന്ധുക്കൾ എല്ലാവരും വീട്ടിലുണ്ടാകും. പിന്നീടുള്ള ദിവസങ്ങളിലാണ് ഒരുതരം ശൂന്യത അനുഭവപ്പെടുക. ആ സമയത്താണ് ആരെങ്കിലും സമാശ്വസിപ്പിക്കാൻ ഉണ്ടാവേണ്ടത്. അപ്പോഴൊക്കെ നമുക്ക് അവരോടൊപ്പം അല്പസമയം ചെലവഴിക്കാനാകുമെങ്കിൽ അതൊരു വലിയ കാര്യമാണ്. ഒരു ദുരന്തത്തിനുശേഷമുള്ള കുറെ കാലത്തേക്ക് അടുത്ത വീടുകളിൽനിന്നു



മനസ്സിനു ബലം നൽകുന്ന, സാന്ത്വനപ്പെടുത്തുന്ന ചുരുക്കം ചില വാക്കുകളാണു പറയേണ്ടത്.

എന്റെ ബാല്യത്തിലാണ് എന്റെ അപ്പൻ മരിക്കുന്നത്. അന്ന് ഒരു സിസ്റ്റർ വന്ന് എന്നെയും അമ്മയെയും തന്നോടു ചേർത്തുനിർത്തി, സ്നേഹത്തോടെ എന്റെ തലയിൽ തലോടിയത് ഞാനിന്നും ഓർക്കുന്നു. ഒരായിരം വാക്കുകളിലൂടെ ഉദ്ഘോഷിക്കാൻ പറ്റാനാവാത്തത്ര കാര്യങ്ങൾ പറയാതെ പറഞ്ഞു. ഇതാണ് യഥാർഥ സാന്ത്വനം. 'ഓർമകളുടെ കൂമ്പാരങ്ങളിൽ എവിടെയോ എന്റെ ഒരു തുള്ളി കണ്ണുനീർ തുടച്ചുമാറ്റിയ, എന്നോടു സ്നേഹം കാട്ടിയ ഒരാളെ ഞാൻ എങ്ങനെ മറക്കും?' എന്നൊരു കവി ചോദിക്കുന്നുണ്ട്.

ഉറ്റബന്ധുക്കൾ എന്നന്നേക്കുമായി വിട്ടുപിരിയുന്നതു ഹൃദയഭേദകമായ ഒരു അനുഭവമാണ്. നമ്മോടൊപ്പം ഇന്നലെവരെ ഉണ്ടും ഉറങ്ങിയും കഴിഞ്ഞവർ, നമുക്ക് താങ്ങും തണലുമായിരുന്നവർ ഒരു നിമിഷം പെട്ടെന്നു യാത്രയാകുമ്പോൾ അതു നമ്മെ വല്ലാതെ തളർത്തിക്കളയും. ഒരു മരണം സംഭവിച്ച വീട്ടിൽ ചെല്ലുമ്പോൾ ബന്ധുക്കളെ നാം എങ്ങനെ സമാശ്വസിപ്പിക്കണം എന്നു പലർക്കും അറിഞ്ഞുകൂടാ. നമുക്കുള്ളിലെ ശോകം പറഞ്ഞറിയിക്കാൻ നമുക്കു പലപ്പോഴും അനുയോജ്യമായ വാക്കുകൾ കിട്ടാറില്ല. ഒരു ഫോർമൽ ചരമപ്രസംഗത്തിനു സാധാരണക്കാരായ നമുക്കു മുതിരേണ്ട കാര്യമില്ലല്ലോ. വെറുതെ ഒന്ന് അടുത്തുചെന്നുനിന്ന് നമ്മുടെ ദുഃഖം അറിയിക്കുക. അതു മതി.

ഗുജറാത്തികൾക്കിടയിൽ ഒരു പതിവുണ്ട്; അയൽക്കാർ ഒത്തുചേർന്നു ശുഭ്രവസ്ത്രമണിഞ്ഞ് അവിടെച്ചെന്നു കുറെനേരം ഇരിക്കുക. ഭക്ഷണം എത്തിക്കുകയും എല്ലാവരും ഒത്തുചേർന്നിരുന്നു പ്രാർത്ഥിക്കുകയും തുണയാവുകയുമൊക്കെ ചെയ്യുന്ന ചില നല്ല രീതികൾ പലയിടങ്ങളിലുമുണ്ട്.

നിങ്ങൾക്ക് സപ്പോർട്ടിനായി ഞാനുണ്ട് എന്നൊരു സന്ദേശമാണ് അപ്പോഴൊക്കെ നാം നൽകേണ്ടത്. ചിലപ്പോൾ അല്പം ഏകാന്തതയായിരിക്കും ആ വീട്ടിലുള്ളവർ ആഗ്രഹിക്കുക.

ഇടയ്ക്കു ഫോൺ ചെയ്യാം, വിശേഷങ്ങൾ ചോദിക്കാം. എന്തെങ്കിലും സഹായം വേണോ എന്നാരായാം.

സന്ദർശനത്തിനു പോകുമ്പോൾ മരിച്ചയാളെക്കുറിച്ചുള്ള നല്ല ഓർമകൾ അയവിറക്കുന്നതു നല്ലതാണ്. നല്ല കാര്യങ്ങൾ പറയാം. അതൊക്കെ കേൾക്കാൻ അവർക്കും സന്തോഷമായിരിക്കും. എന്നാൽ ഓർമിക്കുക ഒന്നും അധികമാത്രയിൽ വേണ്ട. ന്യൂനങ്ങളായ ഒരു പരാമർശവും ആരെക്കുറിച്ചും ഇത്തരം വേളകളിൽ പറയാൻ പാടില്ല.

ഒരു നല്ല സുഹൃത്തിന്റെ ഗദ്ഗദങ്ങളും ഹൃദയവികാരങ്ങളും അവർക്കു കേൾക്കാനാകും. 'ഈ ലോകത്തിലെ മോഹനവും ശ്രേഷ്ഠവുമായതൊക്കെയും കൈകൊണ്ടു സ്പർശിക്കാനോ, കണ്ണുകൊണ്ടു കാണാനോ പാടില്ലാത്തതായിരിക്കും; അവയെ നാം ഹൃദയംകൊണ്ടാണ് സംവേദിച്ചറിയുക' എന്നാണ് ഹെലൻ കെല്ലറുടെ വാക്കുകൾ.

ലാസറിനെ ഉയിർപ്പിച്ചവന്റെ സൗമനസ്യവും സാഹോദര്യവും സ്നേഹവുമായിട്ടാവട്ടെ ഓരോ സ്നേഹസമ്പന്നരുടെയും ഇത്തരം സന്ദർശനങ്ങൾ.

■

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ



ടി.പി. ശാസ്തമംഗലം

# തോലനെ തോല്പിച്ച വികടരചന

**ഈ** ലേഖകൻ കലാലയത്തിൽ പഠിക്കുമ്പോഴാണ് 'ചട്ടക്കാരി' എന്ന ചിത്രം പ്രദർശനശാലകളിൽ വന്നത്. മലയാളം ഐച്ഛികവിഷയമായെടുത്തു പഠിച്ചിരുന്ന ഞങ്ങളെ അന്ന് ഏറെ ആകർഷിച്ച ഒരു ഗാനം അതിലുണ്ട്:

"മന്ദസമീരനിൽ ഒഴുകിയൊഴുകിയെത്തും  
ഇന്ദ്രചാപം നീ  
മന്ദസ്മിതങ്ങൾ മാടിവിളിക്കും  
ഇന്ദുഗോപം നീ"

വയലാർ രാമവർമ്മ എഴുതി ജി. ദേവരാജൻ സംഗീതം നല്കി യേശുദാസ് പാടി അനശ്വരമാക്കിയ ഈ ഗാനത്തിന്റെ വരികൾ അന്ന് ഞങ്ങൾ ഉച്ചഭക്ഷണത്തിന്റെ ഇടവേളസമയത്ത് ക്ലാസിൽ ചർച്ച ചെയ്യുകയുണ്ടായി. മന്ദസമീരൻ ഇളംകാറ്റാണെന്നും ഇന്ദ്രചാപം മഴിവില്ലാണെന്നും മന്ദസ്മിതം പുഞ്ചിരിയാണെന്നും അറിയാവുന്ന ഞങ്ങൾക്ക് ഈ വരികളിലെ ഒരു വാക്കു മാത്രം അന്യംനിന്നു-'ഇന്ദുഗോപം.' എത്ര ആലോചിച്ചിട്ടും ഇതിന്റെയർത്ഥം ആർക്കും പിടികിട്ടിയില്ല. ഉച്ചയ്ക്കുശേഷമുള്ള ക്ലാസ്സിൽ കവിയും സരസനുമായ കുളത്തൂർ കൃഷ്ണൻ നായർസാറിനോട് ഞങ്ങൾ ആ വാക്കിന്റെയർത്ഥം ചോദിച്ചു. മിന്നാമിനുങ്ങ് എന്നാണ് അതിന്റെ അർത്ഥമെന്ന് അറിയിക്കുക മാത്രമല്ല, വയലാറിന്റെ ഈ നാലു വരികളുടെ സ്വാരസ്യവും ഞങ്ങളിൽ വിസ്മയമുണർത്തും വിധം അദ്ദേഹം വിശദമാക്കിത്തന്നു. ഗാനത്തെക്കുറിച്ച് സാർ പറഞ്ഞ വാക്കുകൾ ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു.

കാലം മാറിയതോടെ എന്തു വിടുവായത്തവും ഗാനങ്ങളിൽ ആകാമെന്ന സ്ഥിതിവന്നു. ഇതാ നോക്കുക:

"മൊഞ്ചത്തിപ്പെണ്ണേ ഉണ്ണിമായേ  
തഞ്ചത്തിലൊപ്പന പാടി വായോ  
തേനൂറുമെന്റെ പ്രേമം നീയേ  
പാലിട്ട പഞ്ചസാര ചായ നീയേ  
ഉപ്പിലിട്ട മാങ്ങ നീയേ  
തെങ്ങിൻമേലെ തേങ്ങ നീയേ  
നിരത്തിൻമേലെ മത്തി നീയേ  
റോട്ടിൻമേലെ ടാറു നീയേ"

(ചിത്രം - മണിയറയിലെ അശോകൻ; രചന-ഷിഹാസ് അമ്മദ് കോയ; സംഗീതം - ശ്രീഹരി കെ. നായർ; ആലാപനം - ദുൽഖർ സൽമാൻ, ജേക്കബ് ഗ്രിഗറി.)

നായികയെ വർണിക്കാൻ ശ്രമിക്കുകയാണ് നായകനുവേണ്ടി തൂലികയെടുത്ത ഗാനരചയിതാവ്. പാലൊഴിച്ച ചായ (പാൽച്ചായ) എന്നും പഞ്ചസാരയിട്ട ചായ എന്നും നാം കേട്ടിട്ടുണ്ട്. ഇവിടെ ചായയിൽ പാലിടുന്നു, പഞ്ചസാര ഒഴിക്കുന്നു. ഈ തല തിരിഞ്ഞ ഏർപ്പാടിന് പാട്ടെഴുത്തുകാരനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണാവോ?

ഉപ്പിലിട്ട മാങ്ങ കണ്ടിട്ടില്ലേ? നന്നേ ചുക്കിച്ചുളിഞ്ഞിരിക്കും. പ്രായം ചെന്ന മുത്തശ്ശിമാരല്ലാതെ മറ്റാരെങ്കിലും ഇപ്രകാരം ചുക്കിച്ചുളിഞ്ഞിരിക്കുമോ? ഉപ്പിലിട്ട മാങ്ങയായി വിശേഷിപ്പിച്ചിട്ടും നായിക പരിഭവിക്കാത്തതാണ് എന്നിൽ അദ്ഭുതമുളവാക്കുന്നത്. മാങ്ങ വന്നാൽ പിന്നെ ഗാനത്തിൽ കണിശമായും തേങ്ങയും വരണമല്ലോ. പ്രത്യേകിച്ചു പ്രാസമൊപ്പിക്കാൻ പാടുപെടുന്ന പാട്ടെഴുത്തുകാരന്റെ ഭാഗത്തുനിന്നാവുമ്പോൾ. തേങ്ങയെന്നു വെറുതേ പ്രയോഗിച്ചെന്നുവേണ്ട തെങ്ങിൻമേലെയുള്ളതുതന്നെ ആയിക്കൊള്ളട്ടെ എന്നു കരുതി കരുതലുള്ള അദ്ദേഹം. നിരത്തും റോഡും രണ്ടാണെന്നു ധരിച്ചുവച്ചിരിക്കുന്നു മാതൃഭാഷയോടു വലിയ പ്രതിപത്തിയൊന്നുമില്ലാത്ത ഈ ഗാനരചയിതാവ്. നിരത്തിൻമേലെയുള്ള മത്തി എന്നു പറയുന്നതിന്റെ യുക്തി എത്ര ചിന്തിച്ചിട്ടും എനിക്കു പിടികിട്ടുന്നില്ല. 'റോട്ടിൻ മേലെ ടാറ് നീയേ' എന്നുകൂടി എഴുതിയിട്ടേ ഇന്നത്തെ ഭാഷ കടമെടുത്തു പറഞ്ഞാൽ പാട്ടെഴുത്തുകാരന്റെ കലിപ്പു തീരുന്നുള്ളൂ. വികടകാവ്യങ്ങൾ നിമിഷനേരംകൊണ്ട് അവതരിപ്പിക്കാനുള്ള കഴിവ് (അതു കഴിവാണെങ്കിൽ) പ്രകടിപ്പിച്ച, ഫലിതരസികനും മലയാള-സംസ്കൃതകവിയുമായ തോലൻപോലും എഴുതാൻ മടിച്ച, ഇന്ന് അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ ലജ്ജിച്ചു തല താഴ്ത്തുമായിരുന്ന തരത്തിലുള്ള വരികളാണ് ഷിഹാസ് അമ്മദ് കോയയുടെ ഭാഗത്തുനിന്നു പുറത്തുവന്നിരിക്കുന്നത്.

കാവ്യരചനയും ഗാനരചനയുമൊക്കെ പലരുടെയും മോഹമാണ്. അതിനു കവിത്വം വേണം, പദസ്വാധീനമുണ്ടായിരിക്കണം, കുറച്ചെങ്കിലും വിജ്ഞാനമാർജ്ജിച്ചിരിക്കണം. ഇവയൊന്നുമില്ലാതെ തൂലികയും നീട്ടിപ്പിടിച്ച് ഇറങ്ങിത്തിരിച്ചാൽ ഇങ്ങനെയിരിക്കും. 'പാലിട്ട പഞ്ചസാര ചായ' ആസ്വാദകർക്ക് പകർന്നുകൊടുക്കേണ്ടിവരും. അവർ എന്തും തൊണ്ട തൊടാതെ വിഴുങ്ങുമെന്നു കരുതുന്നത് അങ്ങേയറ്റം മൗഢ്യമാണ് എന്നു മാത്രം പറഞ്ഞുകൊള്ളട്ടെ.

■




**വൈ**കുന്നേരം ദേവാലയം.

അൾത്താരയിൽ ദീപങ്ങൾ മിഴി തുറന്നു. പൂവുകൾ പരസ്പരം തലയാട്ടിച്ചിരിച്ചു. അവിടെ അൾത്താരയ്ക്ക് അഭിമുഖമായി ഒരു ചെറുപ്പക്കാരനും ചെറുപ്പക്കാരിയും. ബലിവേദിയിൽ തിരുവസ്ത്രങ്ങളണിഞ്ഞ കാർമികൻ എത്തി.

"ജോസഫ്, ഈ നില്ക്കുന്ന മേരിയെ ഭാര്യയായി സ്വീകരിക്കാൻ നിനക്കു സമ്മതമാണോ?"

"സമ്മതം." ചെറുപ്പക്കാരന്റെ ഉറച്ച മറുപടി. അവൻ ഒളികണ്ണിട്ട് തന്റെ ഭാര്യയാകാൻ പോകുന്ന പെൺകുട്ടിയെ നോക്കി. അവളുടെ മുഖത്ത് നാണവും സന്തോഷവും അവൻ കണ്ടു. അതേ നിമിഷം വൈദികൻ അവളോടു ചോദിച്ചു:

''മേരീ, ഈ നില്ക്കുന്ന ജോസഫിനെ ഭർത്താവായി സ്വീകരിക്കാൻ നിനക്ക് സമ്മതമാണോ?"

''സമ്മതം.'' അവളുടെ ചുണ്ടുകൾ മന്ത്രിക്കുന്നത് അവൻ കണ്ടു. അവന്റെ ഉള്ളിൽ സന്തോഷം... അഭിമാനം.

ഇതാ നിനക്കൊരു ഇണയുണ്ടാകാൻ പോകുന്നു. ഇണയായും തുണയായും ഒരുവൾ...

മറ്റൊരു ദേവാലയം, മറ്റൊരു വൈദികൻ.. പക്ഷേ, അൾത്താരയ്ക്കു മുമ്പിൽ നില്ക്കുന്ന ചെറുപ്പക്കാർ അവർതന്നെ. എന്നാൽ, വിവാഹവേഷത്തിലാണെന്നു മാത്രം. ഗായകസംഘത്തിന്റെ ഭക്തിസാന്ദ്രമായ ഈരടികൾ അന്തരീക്ഷത്തിൽ...

ഇന്നുമുതൽ മരണംവരെ... വൈദികൻ നീട്ടിക്കൊടുത്ത ബൈബിളിൽ കൈകൾ വച്ച് നവവധൂവരന്മാർ ഏറ്റുചൊല്ലുന്നു.. ആരോഗ്യത്തിലും അനാരോഗ്യത്തിലും.. സമ്പത്തിലും ദാരിദ്ര്യത്തിലും..

വധുവരന്മാരുടെ ശബ്ദം നേർത്തുനേർത്തുവന്നു. സംഗീതോപകരണങ്ങൾ അതിവേഗം ചലിച്ചുതുടങ്ങി. ദേവാലയത്തിന്റെ മേൽക്കൂരയിലിരുന്ന് പ്രാവുകൾ കുറുകി. എന്റെ പ്രിയേ നീ തീർസാ നഗരംപോലെ മനോഹരിയാണ്. ജറുസലേംപോലെ സുന്ദരിയും. വരൻ വധുവിനെ നോക്കി ഹൃദയത്തിൽ മന്ത്രിച്ചു. അനന്തരം, അവർ കൈകൾ കോർത്ത് ദേവാലയകവാടത്തിലേക്കു നടന്നു. വധൂവരന്മാർ സനലും സ്മിതയുമായിരുന്നു...

സനൽ ആ കാഴ്ചയുടെ നിർവൃതിയിലായിരുന്നു. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ... അടുത്തനിമിഷം സനലിന്റെ കാഴ്ചയിൽ മറ്റൊരു ദൃശ്യം തെളിഞ്ഞുവന്നു. കുറച്ചു മുമ്പു കണ്ട ആ നവവധു ഇപ്പോൾ ശവപ്പെട്ടിക്കുള്ളിലാണ്. വാടാത്ത പൂക്കൾക്കിടയിൽ വാടിയ പൂവുപോലെ..

സ്മിതാ... സനലിന്റെ ഹൃദയം തേങ്ങി. അവന്റെ ചുണ്ടുകൾ മന്ത്രിച്ചു.

"സനൽ," ഏതോ ഓർമകളിൽ നഷ്ടപ്പെട്ടുനില്ക്കുകയായിരുന്ന സനലിനെ നോക്കി അലോഷ്യസ് വിളിച്ചു.

രണ്ടാമത്തെ വിളിയിലാണ് സനൽ ഉണർന്നത്. ചീറിപ്പാഞ്ഞു പോകുന്ന വണ്ടികൾ. കൈയിൽ തണുത്തുതുടങ്ങിയ ചായ. മുമ്പിൽ അലോഷ്യസ്.. അവിടെയും ഇവിടെയുമായി ചില അപരിചിതർ.

സനൽ സ്ഥലകാലബോധത്തിലേക്കു തിരികെവന്നു.

"ഞാൻ പറഞ്ഞത് തനിക്കു മനസ്സിലായോ?'' അലോഷ്യസ് വീണ്ടും ചോദിച്ചു.

"തനിക്കൊരു ജീവിതം വേണം. തന്റെ മക്കൾക്കൊരു അമ്മ വേണം. തന്റെ കുടുംബത്തിനൊരു നാഥ വേണം. അതിനു താൻ ഒരു രണ്ടാം വിവാഹം ചെയ്തേ തീരൂ. സ്ത്രീകൾ വിധവകളാകുമ്പോൾ രണ്ടാമത് വിവാഹം കഴിക്കുന്നവർ വളരെ കുറവായിരിക്കും. കാരണം, ഏകാന്തതയെ മറികടക്കാൻ പുരുഷനെക്കാൾ ഏറെ സാമർത്ഥ്യമുണ്ട് അവർക്ക്. താൻ ആലോചിച്ചുനോക്കിക്കേ, ആദം എന്ന പുരുഷന്റെ ഏകാന്തതയ്ക്ക് ദൈവം കണ്ടെത്തിയ പോംവഴിയും പരിഹാരവുമായിരുന്നു ഹവ്വ എന്ന സ്ത്രീ. ഹവ്വയ്ക്കു വേണ്ടിയല്ല ദൈവം പുരുഷനെ സൃഷ്ടിച്ചത്, ആദത്തിനുവേണ്ടി ഹവ്വയെ സൃഷ്ടിക്കുകയായിരുന്നു. അതിന്റെ അർത്ഥം പുരുഷനും സ്ത്രീയും ഏകാന്തത നേരിടുന്നതും അതിജീവിക്കുന്നതും വ്യത്യസ്തമായ രീതിയിലാണെന്നാണ്. പുരുഷന്മാർ രണ്ടാമത് വിവാഹം ചെയ്യുന്നത് ആദ്യഭാര്യയെ സ്നേഹമില്ലാഞ്ഞിട്ടോ അവരെ മറന്നുകളയാമെന്നു തീരുമാനിക്കുന്നതുകൊണ്ടോ അല്ല. പുരുഷന് ഒറ്റയ്ക്കു കുടുംബം നയിക്കുക, മക്കളെ വളർത്തുക ഇതെല്ലാം ബുദ്ധിമുട്ടേറിയ കാര്യമാണ്. ഭർത്താവ് മരിച്ച എത്രയോ സ്ത്രീകൾ തങ്ങളുടെ ജീവിതത്തിൽ സംഭവിച്ചതിനെ ക്രിയാത്മകമായി നേരിട്ടുകൊണ്ട് സന്തോഷപൂർവം ജീവിക്കുന്നുണ്ട്. പക്ഷേ, താരതമ്യേന അത്തരം പുരുഷന്മാരുടെ എണ്ണം കുറവല്ലേ? എന്താണു കാരണം? പുരുഷൻ കായികമായി കരുത്തനാണെങ്കിലും വൈകാരികമായി ദുർബലനാണ്. അവനൊരു തുണ വേണം, പിന്തുണ വേണം... ഏതോ സിനിമയിൽ നായകൻ പറയുന്നതുപോലെ, വീട്ടിൽ താമസിച്ചു വച്ചുവിളമ്പാനും മക്കളെ പെറ്റുപോറ്റാനും രാത്രിയിൽ സ്നേഹകാമങ്ങൾക്കു കീഴ്പ്പെടാനും ഇത്തിരി കള്ളടിച്ചു വന്ന് വച്ചുതരുന്ന വീക്കുകൾ സന്തോഷത്തോടെ ഏറ്റുവാങ്ങാനും പിന്നെ വടിയായി തെക്കേലെ മാവുവെട്ടി കത്തിക്കുമ്പോൾ വാവിട്ടു നിലവിളിക്കാനൊന്നുമല്ല ഒരു പെണ്ണിനെ വേണ്ടത്. പെണ്ണ് എന്ന് പറയുന്നത് യഥാർത്ഥത്തിൽ ഒരു കൂട്ടാണ്, ഒരു സുഹൃത്താണ്. സ്ത്രൈണനന്മകളാണ് അതിന്റെ മൂല്യം. പരസ്പരം മനസ്സിലാക്കാനും ആശ്വസിപ്പിക്കാനും കഴിയുന്ന, കുമ്പസാരക്കൂടുപോലെ എല്ലാം തുറന്നുപറയാൻ കഴിയുന്ന, ഒരുപാട്ട് ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന, ഗാലറിയിലിരുന്ന് ഒരേ മനസ്സോടെ കളികാണുന്ന ഒരാൾ... അതാണ് ഭാര്യയും സുഹൃത്തും... ഭൂരിപക്ഷം പുരുഷന്മാർ ആഗ്രഹിക്കുന്നതും അത്തരമൊരു സ്ത്രീയെ ഭാര്യയായി കിട്ടാനാണ്. എല്ലാ കരുതലും സ്നേഹവും സ്ത്രീകൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നു കരുതുന്ന ഇക്കാലത്ത് ഒട്ടുമിക്ക പുരുഷന്മാരും കൊടുക്കാൻ മാത്രം വിധിക്കപ്പെടുന്നവരും കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടേണ്ടി വരുന്നവരുമാണ്.



സ്മിത തനിക്ക് എന്തായിരുന്നുവെന്നും എങ്ങനെയുള്ള ഭാര്യയായിരുന്നുവെന്നും അറിയാവുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്, തനിക്ക് ആ കുറവു നികത്താൻ ഒരു കൂട്ടുവേണമെന്ന്."

"സ്മിതയ്ക്കു പകരം വേറൊരാൾ അല്ലേ?" സനൽ ഇടയ്ക്ക് കയറി. "എന്നിട്ട് സ്മിതയുടെ കുറവു പരിഹരിച്ച് ഞാൻ ഇനിയുള്ള കാലം സുഖമായി ജീവിക്കും! എല്ലാ കഥകളും അവസാനിപ്പിക്കുന്നതുപോലെ പിന്നീട് വിവാഹം കഴിച്ച് അവർ സുഖമായി ജീവിച്ചു എന്ന രീതിയിൽ? സ്മിതയെപ്പോലെ അവൾ എന്റെ കുഞ്ഞുങ്ങളെയും സ്നേഹിക്കും അല്ലേ?'' സനൽ ആത്മനിന്ദയോടെ ചിരിച്ചു.

"രണ്ടു മക്കളേ ഉള്ളൂവെങ്കിൽ പോലും രണ്ടു മക്കളെയും ഒരുപോലെ കാണാൻ കഴിയാത്ത അമ്മമാരുള്ള ലോകമാ ഇത്. അപ്പോഴാണ് തന്റേതല്ലാത്ത മക്കളെ ഒരമ്മയെപോലെ സ്നേഹിക്കാൻ ഒരുവൾക്കു കഴിയുമെന്ന് താൻ വിശ്വസിക്കുന്നത്, അല്ലേ?"

"ഒരാളെപ്പോലെ അയാൾ മാത്രേയുള്ളൂ. അതെനിക്കറിയാം. ഒരിക്കലും ഒരാളുടെ സ്നേഹത്തിന് തുല്യമല്ല മറ്റൊരാളുടെ സ്നേഹം. ഒരാളുടെ നഷ്ടം നമ്മെ വല്ലാതെ അഫക്റ്റ് ചെയ്യുന്നത് അയാളെപ്പോലെ അയാൾ മാത്രമേ ഉള്ളൂ എന്നതുകൊണ്ടാ. എന്നിട്ടും അയാൾക്കു പകരം നമ്മൾ വേറൊരാളെ അവിടെ പ്ലേയ്സ് ചെയ്യുന്നുണ്ടെങ്കിൽ അതിനു കാരണം ഒന്നേയുള്ളൂ, നമുക്ക് മുന്നോട്ടു പോകാതിരിക്കാനാവില്ല. ഒരു യാത്രയ്ക്കിടയിൽ കാറിന്റെ ടയർ പൊട്ടിപ്പോയാൽ സ്റ്റെപ്പിനി ഉപയോഗിച്ചു യാത്ര തുടരുന്നതുപോലെയേ ഉള്ളൂ ഇതും."

അലോഷ്യസ് വാദിച്ചു.

"പ്രാക്ടിക്കലാകുക. അല്ലേ?" സനൽ സംശയിച്ചു.

''യെസ്, അതിനെന്താണ് ഇത്ര തെറ്റ്?"

"തെറ്റും ശരിയും," സനൽ ചിരിച്ചു.

"നേരത്തേ ഞാൻ അങ്ങനെ ചില നിഗമനങ്ങൾ നടത്തിയിരുന്നു. ഇന്നവരുടെ ഇന്ന പ്രവൃത്തി ശരി. ഇന്നവരുടെ ഇന്ന പ്രവൃത്തി തെറ്റ്. പക്ഷേ, ഇപ്പോൾ ഞാൻ ഒന്നിനെയും അങ്ങനെ വിധിക്കുന്നില്ല. എല്ലാവർക്കും ശരികളുണ്ടാവും, തെറ്റുകളും. പക്ഷേ, എന്റെ ശരി ഇതാണെന്ന് ഞാൻ വിശ്വസിക്കുന്നു."

"ഏത്? ഇങ്ങനെ സ്മിതയെയോർത്ത് കണ്ണീരൊഴുക്കി ജീവിക്കുന്നതോ? ഇതാണോ തന്റെ ശരി? ഈ ശരികൊണ്ട് തനിക്ക് ജീവിതത്തിൽ സന്തോഷം ഉണ്ടാകുന്നുണ്ടോ? തന്റെ മക്കൾക്കു ജീവിതത്തിൽ സന്തോഷം ഉണ്ടാകുന്നുണ്ടോ? മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷം ഉണ്ടാക്കാൻ കഴിയാത്ത ഒന്നും നമ്മുടെ ശരികളല്ല, തെറ്റുകൾ മാത്രമാണ്."

''തർക്കിക്കാൻ ഞാനില്ല അലോഷി." സനൽ കീഴടങ്ങുന്ന മട്ടിലായിരുന്നു.

"പക്ഷേ, എല്ലാം എല്ലാവർക്കും ബാധകമല്ല. എല്ലാവരും ഒരുപോലെയാണെന്നു ധരിക്കുന്നതാണ് നമ്മുടെ പ്രശ്നം. എന്നാലും... തനിക്ക് തനിക്കെങ്ങനെ തോന്നിയെടോ എന്നോട്."

പെട്ടെന്ന് സനൽ വിങ്ങിപ്പൊട്ടി. അത്തരമൊരു പ്രതികരണം അലോഷ്യസ് പ്രതീക്ഷിച്ചിരുന്നതേയില്ല. രണ്ടാമതൊരു വിവാഹത്തെക്കുറിച്ച് പറയുമ്പോൾ സനൽ എതിർപ്പു പ്രകടിപ്പിക്കുമെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു. കാരണം, സനലിനെ അത്രത്തോളം അലോഷ്യസ് മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അതുതന്നെയായിരുന്നു സനലിന്റെ വേദനയും. എല്ലാവരോടും എല്ലാക്കാര്യങ്ങളും പറയാനാവില്ല. ആരോടും പറയാത്തത് ചിലരോടു മാത്രം പറയുമ്പോൾ നാം വിശ്വസിക്കുന്നത് അയാൾക്കു നമ്മെ മനസ്സിലാവും എന്നാണ്. അത്രയും സുതാര്യതയോടെ സ്വയം അനാവരണം ചെയ്യാത്തതുകൊണ്ടാണ് അത്. മറ്റാർക്കുമുമ്പിലും അനാവരണം ചെയ്യുന്നതുകൊണ്ടും. അങ്ങനെയുള്ളവർ പ്രതീക്ഷിക്കാത്തതുപോലെ പ്രതികരിച്ചു കഴിയുമ്പോൾ തകർന്നുപോകും. മനുഷ്യരിലുള്ള വിശ്വാസം നഷ്ടമാകും. സനൽ അത്തരമൊരു ആഘാതത്തിലായിരുന്നു. ഇതിനകം പലരും രണ്ടാം വിവാഹത്തെക്കുറിച്ച് നേരിട്ടോ അവ്യക്തമായോ ഒക്കെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. പലചരക്കുകച്ചവടക്കാരൻ മുതൽ അടുത്ത ചില ബന്ധുക്കൾവരെ. പക്ഷേ, അതിനെയെല്ലാം അവഗണിക്കാൻ സാധിച്ചിരുന്നു. അതൊന്നും തെല്ലുനേരത്തേക്കല്ലാതെ അലോസരപ്പെടുത്തിയിരുന്നുമില്ല. പക്ഷേ, അതുപോലെയല്ല അലോഷ്യസ്. സ്വന്തം ഹൃദയത്തിന്റെ ഒരു അറയിലായിരുന്നു അവനെ പ്രതിഷ്ഠിച്ചിരുന്നത്. ആ ആൾതന്നെയാണ് മറ്റെല്ലാവരെയുംപോലെ പ്രതികരിച്ചിരിക്കുന്നത്. മനുഷ്യരിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതുപോലെ സനലിനു തോന്നി. ആരോടെങ്കിലും എല്ലാം തുറന്നുപറയുമ്പോൾ ആശ്വാസം കിട്ടുമെന്നത് തെറ്റാണ്. ആരോടെങ്കിലും എല്ലാം തുറന്നുപറയുമ്പോൾ ഒന്നുകിൽ തെറ്റിദ്ധരിക്കപ്പെടും അല്ലെങ്കിൽ അപമാനിക്കപ്പെടും. ആരോടും പറയാതിരിക്കുക. ഇനി ചങ്കുപൊട്ടുകയാണെങ്കിൽ ക്രൂശിതന്റെ മുമ്പിൽ മാത്രം പറയുക. മറ്റൊരിടത്തേക്കും പകരപ്പെടുകയില്ലാത്ത ഒരേയൊരു വിശ്വസനീയകേന്ദ്രം അതുമാത്രമാണ്.

''സനൽ,'' അലോഷ്യസ് സനലിന്റെ തോളത്തു കൈവച്ചു.

"തന്നെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല തന്റെ ഈ വിഷമം കാണാൻ വയ്യാത്തോണ്ട് പറഞ്ഞതാ."

''മറ്റൊരു പെണ്ണും ഇക്കഴിഞ്ഞ ആയുസ്സിനിടയിൽ എന്റെ മനസ്സിൽ കടന്നുകൂടിയിട്ടില്ല. മറ്റൊരു പെണ്ണിനോടും എനിക്ക് സ്നേഹമോ ഭ്രമമോ തോന്നിയിട്ടില്ല. സ്വപ്നത്തിൽപോലും ഒരു പെണ്ണ് എന്റെ അരികിലേക്കു കടന്നുവന്നിട്ടില്ല, സ്മിതയല്ലാതെ...അന്നും ഇന്നും എന്നും സ്മിത മാത്രമേ എന്റെ ജീവിതത്തിലുണ്ടാവൂ. അതിന്റെ പേരിൽ എനിക്കെന്തു നഷ്ടം വന്നാലും..."

കുടിച്ചുതീർക്കാത്ത ഗ്ലാസ് കടക്കാരന്റെ മുമ്പിൽ കൊണ്ടുപോയി വച്ച് പണവും കൊടുത്തിട്ട് സനൽ തിരിഞ്ഞുനടന്നു.

''സനൽ നില്ക്ക്... ഞാൻ കൊണ്ടുപോയി വിടാം.. വണ്ടിയിൽ കയറ്.'' അലോഷ്യസ് വിളിച്ചുപറഞ്ഞു. പക്ഷേ, സനൽ ആ വിളിക്കു നിന്നില്ല. അയാൾ പുറംതിരിഞ്ഞു നടന്നുപോകുന്നത് വിഷമത്തോടെ അലോഷ്യസ് നോക്കിനിന്നു. *(തുടരും)*

# ഏഴു സ്വരങ്ങളും തഴുകിയുറങ്ങി



**മൂന്നു തലമുറകളുടെ ജീവിതത്തിൽ തേനും വയമ്പും ചാലിച്ച ഗാനരചയിതാവും കവിയുമായ ബിച്ചു തിരുമലയ്ക്ക് അന്ത്യാഭിവാദ്യം**



**സുനിൽ പാലാ**



ശ്രുതിയിൽനിന്നുയർന്ന നാദശലഭങ്ങളായിരുന്നു ബിച്ചു തിരുമലയുടെ പാട്ടുകൾ. ലളിതമധുരമായ ഗാനങ്ങൾ മലയാളിയുടെ കരളിൽ അമൃതമഴയായി വർഷിച്ച ബിച്ചു തിരുമല ഓർമകളിൽ. പക്ഷേ, അനശ്വരനാണ്.

കലാസാഹിത്യപാരമ്പര്യമുള്ള ഒരു കുടുംബത്തിലെ അംഗമായിരുന്നു ബി. ശിവശങ്കരൻ നായർ എന്ന ബിച്ചു തിരുമല. ഭാഷാപണ്ഡിതനായിരുന്ന പ്രൊഫ. സി.ഐ. ഗോപാലപിള്ളയുടെ കൊച്ചുമകനാണ്. ഗാനരചയിതാവാകാനായിരുന്നില്ല ബിച്ചുവിന് ആഗ്രഹം. സിനിമാസംവിധായകനാകാനാണ് ചെന്നൈയിലേക്കു വണ്ടികയറിയത്.

സി.ആർ.കെ. നായർ ഒരുക്കിയ 'ശബരിമല ശ്രീധർമശാസ്താ' എന്ന ചിത്രത്തിൽ സഹസംവിധായകനായിട്ടാണു തുടക്കം. പാട്ടെഴുതാനുള്ള കഴിവുണ്ടെന്നു മനസ്സിലാക്കിയ സി.ആർ.കെ. നായരാണ് 'ഭജഗോവിന്ദം' എന്ന ചിത്രത്തിൽ പാട്ടെഴുതിച്ചത്. അതൊരു നല്ല തുടക്കമായിരുന്നു.

ഗായിക സുശീലാദേവി സഹോദരിയായിരുന്നു. സുശീലാദേവിക്കു മത്സരങ്ങൾക്കു കവിതകളെഴുതിയാണ് ബിച്ചുവിന്റെ കാവ്യജീവിതം ആരംഭിച്ചത്. ഭജഗോവിന്ദത്തിൽ തുടങ്ങിയ ബിച്ചുവിനു പിന്നീട് തിരിഞ്ഞുനോക്കേണ്ടിവന്നില്ല. ആയിരക്കണക്കിനു ഗാനങ്ങൾ സിനിമയിലും നാടകങ്ങളിലും ആൽബങ്ങളിലുമായി ബിച്ചു ഒരുക്കി. വളരെ പ്രശസ്തമായ നിരവധി ക്രൈസ്തവഭക്തിഗാനങ്ങൾ ബിച്ചുവിന്റെതായുണ്ട്. ഇളയരാജ, കെ.പി. ഉമ്മർ, ജെറി അമൽദേവ്, ദക്ഷിണാമൂർത്തി, ദേവരാജൻ മാസ്റ്റർ, രവീന്ദ്രൻ, ഔസേപ്പച്ചൻ തുടങ്ങി പ്രഗല്ഭരായ മിക്ക സംഗീതസംവിധായകർക്കുമൊപ്പം ബിച്ചു പ്രവർത്തിച്ചു.

പതിനേഴു വർഷംമുമ്പ് തിരുമലയിലെ വീട്ടിൽ വച്ച് ബിച്ചു തിരുമലയെ കാണുമ്പോൾ ശാരീരികമായി ഏറെ അവശതയുണ്ടായിരുന്നു അദ്ദേഹത്തിന്. "ഞാൻ ജീവനോടെ കാണുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. ഈശ്വരൻ എനിക്ക് ജീവനും ജീവിതവും ഒരുപാട് ബോണസ്സായിത്തന്നു." അദ്ദേഹം പറഞ്ഞു.

1994 ൽ കെട്ടിടത്തിന്റെ മുകളിൽനിന്നു വീണുണ്ടായ അപകടത്തിന്റെ ആഘാതത്തിൽ നിന്ന് അപ്പോഴും മോചിതനാകാതിരുന്ന ബിച്ചു തിരുമല ഈശ്വരകൃപയ്ക്കു മുന്നിൽ ഒരുപാടു പ്രാർത്ഥനാമന്ത്രങ്ങൾ എഴുതിയ കൈകൾ കൂപ്പിനിന്നു.

"ഞാൻ സംഗീതം പഠിച്ചിട്ടുണ്ട്. ഒരുവിധം നന്നായി പാടുകയും ചെയ്യുമായിരുന്നു. അതുപോലെ ട്യൂൺ അനുസരിച്ചു പാട്ടെഴുതണമെന്ന രീതി വന്നപ്പോൾ എനിക്ക് ഒരുപാട് അവസരങ്ങൾ കിട്ടി."

തിരുമലയിലെ 'സുമതി'യിലിരുന്ന് തന്റെ പല പാട്ടുകൾ വന്ന വഴി വിവരിക്കുമ്പോൾ ആരോഗ്യത്തിന്റെ അവശതകൾക്കിടയിലും ആവേശത്തിന്റെ ലഹരിയിലായിരുന്നു ബിച്ചു തിരുമല.

'നീലജലാശയത്തിൽ ഹംസങ്ങൾ നീരാടും... ' എന്ന പ്രസിദ്ധമായ പാട്ടിന്റെ തുടക്കം കൊല്ലത്തെ നാടകസമിതിയുടെ 'നീലജലം' എന്ന നാടകത്തിന്റെ പേരിൽനിന്നാണ്. ഈ നീലജലം എന്ന പേര് ഓർത്തുവച്ചുകൊണ്ടാണ് പിന്നീട് നീലജലാശയത്തിൽ എഴുതിയതെന്ന് ബിച്ചു പറഞ്ഞു.

മണിച്ചിത്രത്താഴിലെ 'പഴന്തമിഴ്പാട്ടിഴയും...' എന്ന പാട്ടിലെ പഴന്തമിഴ് എന്ന പ്രയോഗം തമിഴ്നാട്ടിലെ 'പളംതമിൾ' എന്ന ഒരു ഹോട്ടലിന്റെ പേരിൽനിന്നാണു തുടങ്ങിയത്. തഞ്ചാവൂരിലേക്കുള്ള ഒരു യാത്രയ്ക്കിടെ ഭക്ഷണം കഴിക്കാൻ കയറിയ ഹോട്ടലിന്റെ പേരായിരുന്നു പളംതമിളെന്ന് ബിച്ചു സാർ പറഞ്ഞു. പിന്നീട് മണിച്ചിത്രത്താഴിനുവേണ്ടി പാട്ടെഴുതുമ്പോൾ ഈ പേര് മലയാളീകരിച്ച് 'പഴന്തമിഴ്' എന്നാക്കി.

പഴയ മദ്രാസിലെ ഹോട്ടൽ മുറിയിൽ കഴിയുമ്പോൾ ഒരു രാത്രി പുറത്തേക്കു നോക്കിയ ബിച്ചു രണ്ടു പറമ്പ് അപ്പുറത്തുള്ള ഒരു വാകമരം കണ്ടു. ഇതിനു സമീപത്തുകൂടി രാത്രി ഒൻപതു മണിയോടെ ഒരു പെൺകുട്ടി അതിനടുത്തുള്ള വീട്ടിലേക്കു കയറിപ്പോകുന്നതും കണ്ടു. അപ്പോൾ തോന്നിയ വരികളാണ് 'വാകപ്പൂമരം ചൂടും വാരിളം പൂങ്കുലയ്ക്കുള്ളിൽ..." എന്ന പ്രസിദ്ധമായ പാട്ട്.

പപ്പയുടെ സ്വന്തം അപ്പൂസിലെ 'ഓലത്തുമ്പത്തിരുന്നൂയലാടും ചെല്ലപ്പൈങ്കിളീ...... എന്റെ ബാലഗോപാലനെ എണ്ണതേപ്പിക്കുമ്പം പാടടീ...' എന്ന പ്രശസ്തമായ പാട്ട് സ്വന്തം കുടുംബത്തിലെ ഒരു കാഴ്ചയുടെ പ്രതിഫലനമാണെന്ന് അഭിമുഖത്തിനിടെ ബിച്ചു സാർ പറഞ്ഞു. കുട്ടിക്കാലത്തുതന്നെ മരിച്ചുപോയ അനുജൻ ബാലഗോപാലനെ അമ്മ എണ്ണതേച്ചു കുളിപ്പിക്കുന്ന ആ കാഴ്ച ഓർത്തെടുത്താണ് ഈ പാട്ടെഴുതിയതെന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ കൺകോണുകളിൽ നേരിയ ഒരു നനവു പടരുന്നതു കണ്ടു. തലമുറകളെ ആകർഷിച്ച നൂറുകണക്കിനു പാട്ടുകൾ ബിച്ചു തിരുമല കുറിച്ചിട്ടുണ്ട്.

ബിച്ചു തിരുമല അധികം കവിതകൾ എഴുതിയിട്ടില്ല. ഹൃദയം ദേവാലയം..., നക്ഷത്രദീപങ്ങൾ തെളിഞ്ഞു..., ഒറ്റക്കമ്പിനാദം..., വാകപ്പൂമരം... തുടങ്ങിയവ ബിച്ചു തിരുമലയുടെ ഉന്നത കാവ്യഭംഗിയുള്ള പാട്ടുകളാണ്.

സിനിമാഗാനങ്ങൾക്കൊപ്പം ആൽബം പാട്ടുകളും ഒരുപാടെഴുതി. 'വലംപിരിശംഖിൽ, ശങ്കരധ്യാനപ്രകാരം..., മാമാങ്കം പലകുറി കൊണ്ടാടി...' തുടങ്ങി, വസന്തഗീതങ്ങൾ, ഹൃദയാഞ്ജലി, ദീപം മകരദീപം തുടങ്ങിയ ആൽബങ്ങളിലെ പാട്ടുകൾ മലയാളികളുടെ ചുണ്ടിൽ എന്നുമുണ്ട്.

കാവ്യമധുരം പാട്ടുകൾക്കൊപ്പം പെട്ടെന്ന് ആരെയും ആകർഷിക്കുന്ന പാട്ടുകളും ഒരേ കൈവേഗത്തിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. 'സുന്ദരീ സുന്ദരീ ഒന്നൊരുങ്ങിവാ..., പടകാളി ചണ്ടിച്ചങ്കരി പോർക്കലി....' തുടങ്ങിയ അടിപൊളി പാട്ടുകളും ബിച്ചു തിരുമല എഴുതിയിട്ടുണ്ടെന്ന് ഓർക്കണം.

പ്രണയഗാനങ്ങളും വിരഹഗാനങ്ങളും ഹാസ്യഗാനങ്ങളും താരാട്ടുപാട്ടുകളുമൊക്കെ ഒരുപാടു കുറിച്ച കൈകളാണ് ബിച്ചു തിരുമലയുടേത്.

എൻ പൂവേ പൊൻപൂവേ..., കിലുകിൽ പമ്പരം..., ഓലത്തുമ്പത്തിരുന്നൂയലാടും..., തുടങ്ങിയ താരാട്ടുപാട്ടുകളും പെണ്ണിന്റെ ചെഞ്ചുണ്ടിൽ..., എൻ സ്വരം പൂവിടും..., ഓളങ്ങൾ താളം തല്ലുമ്പോൾ..., ഒരു മധുരക്കിനാവിൻ... തുടങ്ങിയ പ്രണയഗാനങ്ങളും മകളേ, പാതി മലരേ..., പാൽനിലാവിനും..., കളിപ്പാട്ടമായ് കൺമണീ... തുടങ്ങിയ വിരഹഗാനങ്ങളും, പച്ചക്കറിക്കായത്തട്ടിൽ..., ആളൊരുങ്ങി അരങ്ങൊരുങ്ങീ..., ഉണ്ണികളേ ഒരു കഥ പറയാം... തുടങ്ങിയ കുട്ടികളുടെ പാട്ടുകളും മലയാളി എങ്ങനെ മറക്കും! ഏഴു സ്വരങ്ങളെയും തഴുകിയുണർത്തിയ അക്ഷരപുണ്യമായിരുന്നൂ ഈ പാട്ടെഴുത്തുകാരന്റെ വരപ്രസാദം.

"മലയാളിയുടെ സാഹിത്യാസ്വാദനതലം വളരെ വലുതാണ്. മനോഹരങ്ങളായ എന്തിനെയും സ്വന്തമെന്നപോലെ മലയാളികൾ സ്വീകരിക്കും. എന്റെ ഗാനങ്ങളെ ഇരുകൈയും നീട്ടി മലയാളികൾ സ്വീകരിച്ചുവെന്നുള്ളത് ജീവിതത്തിലെ മഹാഭാഗ്യമായി ഞാൻ കണക്കാക്കുന്നു."

പതിനേഴു വർഷംമുമ്പ് നടത്തിയ അഭിമുഖത്തിന്റെ അവസാനം യാത്ര പറഞ്ഞിറങ്ങുമ്പോൾ ബിച്ചുസാർ പറഞ്ഞ വാക്കുകൾ ഇപ്പോഴും കാതിൽ മുഴങ്ങുകയാണ്. ആ വാക്കുകൾ അക്ഷരംപ്രതി ശരിയാണെന്നുള്ളത് ഈ നവംബർ 28 ന് തിരുമല വേട്ടമുക്കിലെ 'സുമതി' എന്ന വീട്ടിൽ ബിച്ചുസാറിന് അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയവരുടെ നീണ്ട നിര ഒന്നുകൂടി തെളിയിക്കുന്നു.

■




## നസ്രായന്റെ അമ്മ

ഗ്രന്ഥകർത്താ : ഫാ. റോയ് പാലാട്ടി സിഎംഐ
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ




ശിഷ്യത്വവഴിയിൽ യാത്ര ചെയ്യുന്നവർ മുറുകെപ്പിടിക്കേണ്ട കരമാണ് ആദർശശിഷ്യയായ പരിശുദ്ധ മറിയത്തിന്റേത് എന്ന് ഒരിക്കൽക്കൂടി ഓർമപ്പെടുത്തുകയാണീ ഗ്രന്ഥം. മാതൃഭക്തിയിൽ ആഴമായി വളരാനും വളർത്താനും ശ്രമിച്ചപ്പോൾ ധ്യാനമായും വിചിന്തനമായും പിറവിയെടുത്ത ഗ്രന്ഥം.

## തെക്കൻതിരുവിതാംകൂറിലെ പുരാതനക്രൈസ്തവർ

ഗ്രന്ഥകർത്താ : റവ. ഡോ. സി. വെള്ളരിങ്ങാട്ട്
പ്രസാധനം : ഡയോസിസ് ഓഫ് തക്കല
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ



തോമാശ്ലീഹാ തെളിച്ച വിശ്വാസദീപം കന്യാകുമാരിയിൽ ഒളിവിതറുമ്പോൾ ഇവിടുത്തെ മത-സാമൂഹിക-രാഷ്ട്രീയപശ്ചാത്തലം ഗ്രന്ഥകാരൻ സത്യസന്ധമായി വരച്ചുകാട്ടുന്നു. ഏഴരപ്പള്ളികളിൽ തിരുവിതാംകോടുള്ള അരപ്പള്ളിയെ ഇതിൽ പരാമർശിക്കുന്നു.

## കാനാട്ടുപാറയിലെ കാലിത്തൊഴുത്ത്

ഗ്രന്ഥകർത്താ : സന്തോഷ് മരിയസദനം
പ്രസാധനം : വീസി ബുക്സ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ




ഈ ഗ്രന്ഥം വായിക്കുന്നവരുടെയുള്ളിൽ രൂപപ്പെടുന്ന ബോധ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചാൽ സാമൂഹികജീവിതം കൂടുതൽ സുന്ദരമാകും. കാരണം, സമൂഹം തള്ളിക്കളയുന്നവരെ കൂടുതലറിയുമ്പോൾ അവരോടുള്ള നമ്മുടെ കാഴ്ചപ്പാടുകളും മാറും.

# ഓർമിക്കുമോ ഈ പ്രകൃതിപാഠങ്ങൾ?

25
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

**ബാ**ലാരിഷ്ടതകളുടെ ഒരു കാലം എല്ലാവർക്കുമുണ്ടാകും. അന്ന് മൂന്നു കുട്ടികളാണെനിക്ക്. രണ്ടും മൂന്നും വയസ്സിന്റെ വ്യത്യാസത്തിൽ. ഒരാൾക്കു ജലദോഷമോ പനിയോ വന്നാൽ എല്ലാവർക്കും പിടിക്കും. പിന്നെ ഓരോന്നിനെയും പെറുക്കി ഓടും, ഡോക്ടറുടെ അടുത്തേക്ക്. ഒന്നിന്റെ കഴിയുമ്പോൾ അടുത്തയാൾക്കു തുടങ്ങും. വീണ്ടും ഓട്ടം... അത്തരം സമയങ്ങളിൽ നമുക്കു വിശ്വാസമുള്ള ഒരു ഡോക്ടറുണ്ടാകുക എന്നതു വലിയ ആശ്വാസമാണ്. അന്ന് അങ്ങനെയുള്ള ഒരു ഡോക്ടറുമായി അടുപ്പമുണ്ടായിരുന്നു. അടുപ്പമെന്നു പറഞ്ഞാൽ കാഴ്ചപ്പാടുകളിലുള്ള ചില സാമ്യങ്ങൾ! പ്രത്യേകിച്ച് പരിസ്ഥിതിവിഷയങ്ങളിൽ. ആളൊരു പ്രകൃതിസ്നേഹിയാണ്. പാലാ ഗവൺമെന്റ് ഹോസ്പിറ്റലിൽനിന്ന് മെഡിക്കൽ സൂപ്രണ്ടായി റിട്ടയർ ചെയ്ത പ്രഗല്ഭനായ പീഡിയാട്രീഷ്യൻ, പേര് ഡോ. സെബാസ്റ്റ്യൻ ലൂക്കോസ്. ആവശ്യമില്ലാതെ മരുന്നു കുറിക്കാത്ത ഡോക്ടർ. അന്ന് 62-ാം വയസ്സിലും നന്നായി ഓടുന്ന ശീലമുള്ളയാളാണ്. ജീവിതശൈലീരോഗങ്ങളെക്കുറിച്ചു സ്കൂൾ വിദ്യാർത്ഥികൾക്ക് ആവേശത്തോടെ ക്ലാസ്സുകളെടുക്കും. ആ സമയത്തും ആരോഗ്യവിഷയങ്ങളെക്കുറിച്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾ അറ്റൻഡു ചെയ്യുന്ന ഒരു വിദ്യാർത്ഥിയുംകൂടിയായിരുന്നു ഡോക്ടർ.

മക്കളെ വിശദമായി പരിശോധിച്ചതിനുശേഷം തന്റെ പ്രിസ്ക്രിപ്ഷൻ ലറ്ററിൽ മഷിപ്പേനകൊണ്ടു മരുന്നു കുറിക്കും. എന്നിട്ട് ഉറച്ച ശബ്ദത്തോടെ പറയും; അടുത്ത തവണ വരുമ്പോൾ നിർബന്ധമായും ഈ ചീട്ടു കൊണ്ടുവരണമെന്ന്. സൂക്ഷിച്ചുവച്ചോണം. പഴയ ചീട്ട് കൊണ്ടുവന്നില്ലെങ്കിൽ ഡോക്ടറുടെ മൂഡ് മാറും, ദേഷ്യം വരും. അതുകൊണ്ട് മക്കളുടെ മരുന്നുകുറിപ്പുകൾ ഭാര്യ സൂക്ഷിച്ചുവയ്ക്കും. പലതും മറക്കുന്ന സ്വഭാവമുള്ള ഞാൻ ചീട്ടിന്റെ കാര്യം മറക്കാറില്ല. ചിലരുടെ ശാഠ്യങ്ങൾ ഇത്തരം ചില നന്മകൾ ജീവിതത്തിൽ കൊണ്ടുവരും എന്നതു പാഠമാണ്.

ഒരുനാൾ മോൾക്ക് അസുഖമായി. കൊച്ചിനെയുമെടുത്ത് ഡോക്ടറുടെ അടുക്കലെത്തി. ചീട്ടെടുത്ത്, നിവർത്തി ഡോക്ടറുടെ നേരേ നീട്ടിയപ്പോളാണ് അബദ്ധം മനസ്സിലായത്. കുറിച്ചുവച്ച മരുന്നുകൾക്കു താഴെ ഒഴിവുള്ള സ്ഥലത്തു മുഴുവൻ പേന കൊണ്ടു കുത്തിവരച്ചിരിക്കുന്നു. കുഞ്ഞുങ്ങളൊപ്പിച്ച വികൃതിയാണ്. ഡോക്ടർ തലയുയർത്തിയൊന്നു നോക്കി. ഗൗരവത്തോടെ, 'ശ്രദ്ധിക്കണം സാറേ' എന്നു പറഞ്ഞിട്ടു ചെയ്ത ഒരു പ്രവൃത്തിയുടെ വലുപ്പം പറയാനാണ് ഇത്രയുമൊരാമുഖം പറഞ്ഞുവച്ചത്.



ചീട്ടിന്റെ മറുപുറത്ത് സ്ഥലമുണ്ട്. അവിടെ മരുന്നു കുറിച്ചുതരുമെന്നു വിചാരിച്ചുനില്ക്കുമ്പോൾ, കുത്തിവരകൾക്കിടയിലൂടെ വളരെ ശാന്തമായി മരുന്നുകുറിച്ചുതന്നു!... വാക്കുകൾ കുരയ്ക്കുന്നു. എന്നാൽ, പ്രവൃത്തികൾ ഗർജിക്കുന്നു എന്ന വാക്യം ഓർമയിൽ തെളിഞ്ഞു. വരകൾക്കിടയിലൂടെ ഡോക്ടർ അന്നെഴുതിയ പ്രവൃത്തിക്കു പ്രകൃതിയോളംതന്നെ വലുപ്പമുണ്ടായിരുന്നു. പരിസ്ഥിതിസംരക്ഷണത്തിന്റെ ഒരു മഹത്തായ പാഠമാണ് ഡോക്ടറന്ന് പകർന്നുനൽകിയത്. ഡോക്ടർക്ക് ചെലവൊന്നുമില്ലാത്ത, മെഡിക്കൽ റെപ്രസന്റേറ്റീവ് നൽകുന്ന സൗജന്യസമ്മാനമായ ലറ്റർപാഡിന്റെ ഒരു പേജിനെപ്പോലും ദുർവ്യയം ചെയ്യാതിരിക്കാനുള്ള ഒരു കരുതൽ, ഒരു സൂക്ഷം, വിഭവ ഉപയോഗത്തിന്റെ മാഗ്നാക്കാർട്ടയായി ഇന്നും മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

പെറ്റമ്മയുടെ മുഖവും അന്നു മനസ്സിൽ തെളിഞ്ഞു. ബാല്യകാലത്ത് സ്കൂൾപഠനവേളയിൽ ഓരോ ആണ്ടവസാനവും വെക്കേഷൻവേളയിൽ അമ്മ പറയും, "മക്കളേ, നോട്ടുബുക്കുകളൊക്കെ എടുത്തു കൊണ്ടുവാ, ഒന്നു കാണട്ടെ"യെന്ന്. എഴുതാതെ മിച്ചം വന്ന പേജുകൾ അമ്മ ശ്രദ്ധയോടെ കീറിയെടുക്കും. എല്ലാം ചേർത്തുവച്ച് സൂചിയും നൂലുമുപയോഗിച്ച് തുന്നിക്കെട്ടി മനോഹരമായ ഒരൊറ്റ ബുക്കാക്കിത്തരും. എന്നിട്ടൊരു ചെറുചിരിയോടെ പറയും: അടുത്ത വർഷത്തെ പലവക ബുക്കാ. സൂക്ഷിച്ചുവച്ചോ. കുഞ്ഞുന്നാളിൽ അമ്മ പകർന്നേകിയ പ്രകൃതിപാഠങ്ങളുടെ അർത്ഥം അന്നു ഡോക്ടറുടെ മുന്നിൽ കുറേക്കൂടി മിഴിവാർന്നു തെളിഞ്ഞുകിട്ടി.

ഇത്തരം ചില കരുതലുകളുടെയും പുനരുപയോഗത്തിന്റെയും മാർഗങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് അന്യമായിത്തീരുന്നുണ്ടോ? ഇന്നു നമ്മുടെ കുട്ടികൾ എന്തുമാത്രം കടലാസുകളാണ് ദുർവ്യയം ചെയ്യുന്നത്! ധാരാളം പേജുകൾ ഉപയോഗിക്കാതെയും കുറച്ചുപേജുകൾ പാഴാക്കിക്കളഞ്ഞും പുതിയ ബുക്കുകളാവശ്യപ്പെടുന്ന ഒരു വലിച്ചെറിയൽ സംസ്കാരത്തിന്റെ പ്രതിനിധിയാണോ ഞാനും നീയും?

അനാവശ്യമായി ദുരുപയോഗിക്കപ്പെടുന്ന ഓരോ പേപ്പറും നൽകുന്ന ആഘാതം അനുഭവിക്കേണ്ടിവരുന്നത് വനമാണ്. അവിടെയുള്ള മുളങ്കാടുകളാണ് -പേപ്പറിന്റെ അസംസ്കൃതവസ്തു. ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും ധാരാളമായി ഉപയോഗിക്കുന്ന ഒരു വസ്തുവായി മാറിക്കഴിഞ്ഞു ടിഷ്യൂ പേപ്പർ.

ശുഭവാർത്തയുണ്ട്, ഡിജിറ്റൽയുഗത്തിൽ. ഓഫീസുകളെല്ലാം പേപ്പർലെസായി മാറുന്നു. അതിലൂടെ പുതിയ ചില പ്രശ്നങ്ങളുടെ തുടക്കംകുറിക്കുകയാണ് എന്നറിയാം. എങ്കിലും, ഒരു പേപ്പറിന്റെ വിവേകപൂർണമായ ഉപയോഗത്തിലൂടെ മാത്രം പോലും ഭൂമിയെ സുന്ദരവും ഹരിതാഭവുമാക്കാൻ സാധിക്കുമെന്ന നല്ല ചിന്ത പ്രിയ കൂട്ടുകാർ തിരിച്ചറിഞ്ഞെങ്കിൽ... സെബാസ്റ്റ്യൻ ഡോക്ടറെപ്പോലെ, കടലാസിനെ മാത്രമല്ല പ്രകൃതിവിഭവങ്ങളെയെല്ലാം സൂക്ഷിച്ചുപയോഗിക്കാനുള്ള മനസ്സുണ്ടാകട്ടെ.

വിശുദ്ധ ഫ്രാൻസീസ് അസ്സീസി മുന്നിലുണ്ട്. വാക്കുകളിങ്ങനെ തെളിയുന്നു:

എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക. അത്യാവശ്യമുണ്ടെങ്കിൽ മാത്രംവാക്കുകൾ ഉപയോഗിക്കുക.

പ്രവൃത്തികൾ ഗർജിച്ചുകൊണ്ടേയിരിക്കുന്നു.

■



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## വിദേശകാര്യമന്ത്രി

സമസ്തപദനിർമിതികൾ പലപ്പോഴും ക്ലേശകരമാണ്. പദങ്ങളെ ശ്രദ്ധയോടെ കൂട്ടിച്ചേർക്കണം. ഇല്ലെങ്കിൽ വിവക്ഷിതം അപ്പാടെ മാറിപ്പോകും. സ്വഭാഷയിലെ പദങ്ങൾ തമ്മിലും അന്യഭാഷാപദങ്ങൾതമ്മിലും സ്വഭാഷയിലെയും അന്യഭാഷയിലെയും പദങ്ങൾ പരസ്പരവും സമാസിക്കേണ്ടതായി വരാം. പൂർവ്വോത്തരപദങ്ങളുടെ ചേർച്ച അസുന്ദരമാകാതെ നോക്കിയാൽ മാത്രം പോരാ, അർത്ഥവ്യക്തതയും ഉണ്ടാകണം. ഇക്കാര്യത്തിൽ ഭാഷാപരിചയവും പദപരിചയവും അനിവാര്യമാണ്. പ്രയോഗപരിചയവും തുണയാകാം.

വിദേശമന്ത്രി, വിദേശകാര്യമന്ത്രി, വിദേശകാര്യവകുപ്പുമന്ത്രി - ഇങ്ങനെയൊക്കെ മാധ്യങ്ങളിൽ പ്രയോഗിച്ചു കാണാമല്ലോ. ഒറ്റനോട്ടത്തിൽ എല്ലാം ശരിയെന്നുതോന്നാം. എന്നാൽ, വിവക്ഷിതങ്ങൾക്ക് ഈഷദ്ഭേദങ്ങളുണ്ടെന്ന് നിപുണരായ വായനക്കാർ മനസ്സിലാക്കും. വിദേശമന്ത്രിയെ വിദേശത്തുള്ള മന്ത്രിയെന്നേ വിഗ്രഹിക്കാനാവൂ. വിദേശവകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രിയാവുകയില്ല. വിദേശമദ്യം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന മദ്യമാണല്ലോ. വിദേശകാര്യവകുപ്പുമന്ത്രി എന്നായാലും അർത്ഥം വ്യക്തമാകണമെന്നില്ല. കാരണം, മന്ത്രാലയവും (മന്ത്രികാര്യാലയം) വകുപ്പും (വിഭാഗം) ഒന്നല്ല. ഒരു മന്ത്രാലയത്തിന്റെ കീഴിൽ ഒന്നിലധികം വകുപ്പുകൾ ഉണ്ടാകും. അങ്ങനെയെങ്കിൽ വിദേശകാര്യമന്ത്രി എന്നെഴുതിയാൽ മൊഴിയും പൊരുളും ശുദ്ധമാകും. ഏകപദത്വപ്രതീതിക്കായി വിദേശകാര്യമന്ത്രി എന്നു ചേർത്തെഴുതണം. അകലമിട്ടെഴുതിയാൽ അർത്ഥക്ലേശത്തിനു വഴിവയ്ക്കും. ഡോ. ടി.ആർ. ശങ്കുണ്ണി വ്യക്തമാക്കുന്നു: "വിദേശകാര്യവകുപ്പുമന്ത്രി എന്നല്ലേ ശരിയായി പ്രയോഗിക്കേണ്ടത്? അതില്ലെങ്കിൽത്തന്നെ വിദേശകാര്യമന്ത്രി എന്നെങ്കിലും ഉപയോഗിക്കണം. അല്ലേ?... വിദേശകാര്യമന്ത്രി എന്നുതന്നെയാണ് പറയേണ്ടത്. വിദേശകാര്യവകുപ്പുമന്ത്രി എന്നു വേണ്ട; കാരണം, മന്ത്രാലയവും വകുപ്പും ഒന്നല്ല, ഒരു മന്ത്രാലയത്തിനു കീഴിൽ പല വകുപ്പുകളുണ്ടാകും." ഇന്ത്യ - ചൈന വിദേശകാര്യമന്ത്രിതല ചർച്ച എന്നെഴുതിയാൽ സമാസവും വിവക്ഷിതവും ശരിയാകും. ദിനംപ്രതി വാർത്താനിവേദനം ചെയ്യുന്ന മാധ്യമപ്രവർത്തകർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ശുദ്ധഗദ്യപരിപോഷണം അവരുടെ ധർമ്മമല്ലെങ്കിലും വായനവിഭവങ്ങൾ അലങ്കോലപ്പെടാതിരിക്കുമല്ലോ.

** ശങ്കുണ്ണി, ടി.ആർ., ഭാഷാപ്രയോഗത്തിലെ തെറ്റും ശരിയും, എച്ച്&സി ബുക്സ്, തൃശൂർ, 2012, പുറം - 46.*

ജാലകം

# കുട്ടികളെ ചേർത്തുനിർത്തൂ കുട്ടികളും ചേർന്നുനിൽക്കും



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.

**കൗ**മാരപ്രായത്തിൽ കുട്ടികളിൽ പലതരത്തിലുള്ള സ്വഭാവവ്യതിയാനങ്ങൾ ഉണ്ടാവാറുണ്ട്. അതിലൊന്നാണ് വിഷാദഭാവം. പ്രധാനമായും ഇവരെ അലട്ടുന്ന വിഷയം സമപ്രായത്തിലുള്ളവരുമായി ഇവർ തങ്ങളെ താരതമ്യം ചെയ്തുനോക്കുന്നു എന്നുള്ളതാണ്. അവർ കൂടുതൽ പഠിച്ചു, പ്രഫഷണൽ കോളജുകളിലും മറ്റും അഡ്മിഷൻ ലഭിച്ചു, വിദ്യാർത്ഥിവിസയിലും മറ്റും വിദേശങ്ങളിൽ വിവിധ കോഴ്സുകളിൽ പഠനാർഹത നേടി, സാമ്പത്തികമായ ഏറ്റക്കുറച്ചിലുകളാൽ തങ്ങൾക്ക് ഇത്തരം അവസരങ്ങൾ അന്യമായിപ്പോയി തുടങ്ങിയുള്ള ചിന്തകളാകും ഇക്കൂട്ടരെ വല്ലാതെ ഉലയ്ക്കുന്നത്. ഇത്തരം ചിന്തകൾ കുന്നുകൂടുമ്പോൾ ഒരുതരം നിസ്സംഗത ഇവരിൽ രൂപപ്പെട്ടുവന്നേക്കാം. പ്രോത്സാഹിപ്പിക്കാനും വീട്ടുകാർക്കു കഴിഞ്ഞെന്നു വരില്ല. ഇത്തരം പ്രശ്നങ്ങളിൽ തങ്ങളെ സഹായിക്കാൻ എതിർലിംഗത്തിൽപ്പെട്ട ഒരാൾക്കേ കഴിയൂവെന്ന് അവർ വിശ്വസിക്കുന്നു. ഇങ്ങനെയാരംഭിക്കുന്ന ബന്ധങ്ങൾ ആദ്യമൊക്കെ ആശ്വാസകരമായി ഇരുകൂട്ടർക്കും അനുഭവപ്പെട്ടേക്കാം. എന്നാൽ, ഈ പ്രായത്തിൽ ഒരുക്കിയെടുക്കുന്ന ഇത്തരമൊരു സാഹചര്യം ഒരു ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള പരിശീലനക്കളരിയല്ല. ഇതുകൊണ്ടുതന്നെയാണ് ഇത്തരം ഇടപെടലുകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പല പ്രേമബന്ധങ്ങളും പരാജയങ്ങളായും പരാതികളുടെ പരമ്പരകളായും തീരുന്നത്. കുടുംബപ്രശ്നങ്ങൾ ഈ സ്വാഭാവികവിഷാദത്തെ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു.

പല രക്ഷിതാക്കൾക്കും കുട്ടികളെ വരുതിയിലും നിയന്ത്രണത്തിലും നിർത്തി സ്നേഹിച്ചും പ്രോത്സാഹിപ്പിച്ചും വളർത്തിക്കൊണ്ടുപോകുവാൻ കഴിയുന്നില്ല. 'അവൻ അങ്ങനെയാ, ഇവൾ ഇങ്ങനെയാ' എന്നാണ് പലരും പരാതിക്കെട്ടുകൾ അഴിക്കാൻ തുടങ്ങുന്നത്. ചില മാതാപിതാക്കൾ അമിതമായി കുട്ടികളുടെ കാര്യങ്ങളിൽ ഇടപെട്ട് തീരുമാനങ്ങളെടുക്കുകയും ചെയ്യാറുണ്ട്. ഇത് കുട്ടികളെ സ്വാശ്രയബോധമില്ലാത്തവരാക്കി മാറ്റുന്നു. കുടുംബത്തിൽ വ്യക്തിസ്വാതന്ത്ര്യവും, തീരുമാനങ്ങളെടുക്കാനും പ്രശ്നങ്ങൾ പരിഹരിച്ചെടുക്കാനും തന്റേതായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനുള്ള അവസരങ്ങളും, ലഭ്യമല്ലാതെ വരുമ്പോൾ സഹപാഠികളോടും സഹവർത്തികളോടും ആഴത്തിലുള്ള ബന്ധങ്ങൾ ഉടലെടുക്കാറുണ്ട്; പ്രത്യേകിച്ചും പത്ത്, പ്ലസ് വൺ/ടു കാലഘട്ടങ്ങളിൽ ഇതു തന്മയത്വമായി കൈകാര്യം ചെയ്യുന്നതിൽ രക്ഷിതാക്കൾ ഏറെപ്പേരും പരാജയപ്പെടുകയാണ്.

രക്ഷാകർത്തൃത്വത്തെക്കുറിച്ച് രക്ഷിതാക്കളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. സാമാന്യ അറിവുകൾ പലർക്കുമുണ്ടാവാം. പക്ഷേ, കുട്ടികളുടെ പ്രായത്തിനു തക്ക സ്നേഹവും പരിചരണവും നൽകണമെന്നും ഏറ്റുമുട്ടലിലൂടെ ഏറ്റുവാങ്ങേണ്ടതല്ല കുട്ടികളിൽനിന്നു ലഭിക്കേണ്ട പ്രതികരണങ്ങളെന്നും പലരും തിരിച്ചറിയുന്നില്ല. 'ഞാൻ പറയുന്നതങ്ങ് അനുസരിച്ചാൽ മതി, എന്നെ പഠിപ്പിക്കാനും തിരുത്താനും വരേണ്ട' എന്ന മനോഭാവം മക്കളോടു കാണിക്കാതിരിക്കുന്നതാണു ബുദ്ധി. പല കാര്യങ്ങളിലും നാം ഏറെ പുരോഗമിച്ചുവെങ്കിലും കുട്ടികളുടെ വളർത്തലിൽ വേണ്ടത്ര രീതിയിൽ ശ്രദ്ധിച്ചുനീങ്ങാൻ പലർക്കും കഴിയുന്നില്ല. വൈകാരികപക്വതയിലേക്കു വളരാനുള്ള മാർഗനിർദേശങ്ങൾ മാന്യമായി പറഞ്ഞു ബോധ്യപ്പെടുത്തിക്കൊടുക്കാനും അതു സ്നേഹസമീപനത്തിലൂടെ പ്രായോഗികമാക്കിയെടുക്കാനും സാധിക്കണം. കൗൺസെലിങ്ങും ക്യാമ്പുകളും എല്ലാ വിഭാഗങ്ങളിലും സംഘടിപ്പിക്കുകയും കുട്ടികളെ നിർബന്ധമായും ഇവയിലൊക്കെ പങ്കെടുപ്പിക്കുകയും വേണം. ഇങ്ങനെ ക്രിയാത്മകമായ ഒരു ഇടപെടൽ കുട്ടികളുടെ കാര്യത്തിൽ ചെറുപ്രായംമുതൽ വളർത്തിയെടുക്കേണ്ടതുണ്ട്. കുട്ടികൾ കഴിവുള്ളവർതന്നെയാണ്. അവരുടെ നീക്കങ്ങളും ചെയ്തികളും അസ്ഥാനത്താവാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. സാഹചര്യങ്ങളുടെ സമ്മർദങ്ങളിൽ പെട്ടുപോവാതിരിക്കാൻ കുട്ടിയും ശ്രദ്ധിക്കണം.



ഓരോ കുടുംബത്തിലെയും സാഹചര്യങ്ങൾ വ്യത്യസ്തമാണ്. എന്നാൽ, എനിക്കും നന്നായി പഠിക്കാനും വളരാനും ജോലി തേടാനും അവസരങ്ങൾ വരുകതന്നെ ചെയ്യും, മറ്റുള്ളവർ ഏതു വഴിക്കും നീങ്ങട്ടെ എന്നു വിശ്വസിക്കുക. രക്ഷിതാക്കളെയും വേണ്ടപ്പെട്ടവരെയും അവരർഹിക്കുംവിധം മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന കുട്ടികൾ ആവശ്യമില്ലാത്ത ബന്ധങ്ങളിൽ ചെന്നു ചാടുകയില്ല. ഏതു പ്രതിസന്ധികളെയും നേരിടാനുള്ള കഴിവ് അവർ ആർജിച്ചെടുക്കുകയും ചെയ്യും. അതുപോലെ കുട്ടികളിൽ സ്വയംമതിപ്പ് വർദ്ധിപ്പിക്കാനും, ജീവിതപരിമിതികൾ മനസ്സിലാക്കാനും, ആശയവിനിമയം നടത്താനും, സമയക്രമീകരണങ്ങൾ പാലിക്കാനും, നല്ല ചിന്തകൾ അങ്കുരിപ്പിക്കാനും കുടുംബങ്ങളിൽത്തന്നെ പരിശീലനമുണ്ടാവണം. ■




# പരിസ്ഥിതിക്കായി പട നയിച്ച പർവതപുത്രി



ജോയിഷ് ജോസ്

**കു**നിഞ്ഞ ശിരസ്സല്ല, ഒരിക്കലും കുനിയാത്ത ശിരസ്സാണ് പെണ്ണിന്റെ സൗന്ദര്യമെന്നു തെളിയിച്ച ആഫ്രിക്കൽ വനിത വംഗാരി മാതായുടെ ആത്മകഥയാണ് 'തലകുനിക്കാതെ.'

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ കെനിയയുടെ പർവതപുത്രിയായി പ്രകൃതിയോടിണങ്ങി വളർന്ന ഒരു ഗോത്രവർഗ പെൺകുട്ടി കൊടുമുടിയോളം വളർന്നത് നമ്മുടെ പെൺകുട്ടികൾക്കും ഒരു മാതൃകയാണ്. തങ്ങളുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും കടയ്ക്കൽ കോടാലി വച്ചുകൊണ്ട് തങ്ങളുടെ ഹരിതസമൃദ്ധിയെയും ഗോത്രനന്മകളെയും ചൂഷണം ചെയ്യാൻ വന്ന അധീശശക്തികൾക്കെതിരേ ഒരു മനുഷ്യക്കോട്ട പണിത്, സ്വന്തം വീട്ടുവളപ്പിൽ മരം നട്ടുപിടിപ്പിച്ച് മരങ്ങളെയും മനുഷ്യരെയും" ഗ്രീൻ ബെൽറ്റ് എന്ന മഹാപ്രസ്ഥാനത്തിന്റെ, ഐക്യദാർഢ്യത്തിന്റെ, വംഗാരി മാതായുടെ ജീവിതകഥയാണിത്.

വംഗാരി മാതായ് എന്ന വംഗാരി മുത 1940 ഏപ്രിൽ ഒന്നിന് കെനിയയിലെ ഇഹിതെ എന്ന കൊച്ചുഗ്രാമത്തിലാണു ജനിച്ചത്. രണ്ടു വർഷം കഴിഞ്ഞപ്പോൾ അവളുടെ മാതാപിതാക്കൾ ജോലി തേടി റിഫ്റ്റ് വാലി എന്ന പ്രദേശത്തുള്ള ഒരു ഫാമിലേക്കു താമസം മാറ്റി. അവിടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യം കുറവാതിനാൽ വംഗാരിക്ക് എട്ടുവയസ്സുള്ളപ്പോൾ അവർ ഇഹിതെയിലേക്കു മടങ്ങിവന്നു. അവിടെ ഒരു പ്രൈമറി സ്കൂളിലാണ് വംഗാരിയുടെ വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നീട് സെന്റ് സിസിലിയ സ്കൂളിലും ലൊറേറ്റോ ഹൈസകൂളിലുമായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. പഠനത്തിൽ അതീവസമർത്ഥയായിരുന്നു വംഗാരി. അതുകൊണ്ടുതന്നെ ആഫ്രിക്കയിലെ ഏറ്റവും സമർത്ഥരായ 300 കുട്ടികൾക്ക് അമേരിക്കയിൽ പഠിക്കാൻ അവസരം ലഭിച്ചപ്പോൾ അവരിലൊരാൾ വംഗാരി മാതായ് ആയിരുന്നു. അവിടെ സെന്റ് സ്കൊളസ്റ്റിക് കോളജിൽനിന്നു ജീവശാസ്ത്രത്തിൽ ബിരുദവും പിറ്റ്സ്ബർഗ് യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദാനന്തരബിരുദവും നേടി.




അവിടെ പഠിക്കുമ്പോഴാണ് നഗരത്തെ വായുമലിനീകരണത്തിൽനിന്നു മുക്തമാക്കാനുള്ള ഏതാനും പരിസ്ഥിതിപ്രവർത്തകരുടെ ശ്രമം അവളുടെ കണ്ണിൽപ്പെടുന്നത്. വംഗാരി അവരുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടയായി. പഠനം പൂർത്തിയാക്കി കെനിയയിലെ നെയ്റോബിയിൽ തിരിച്ചെത്തി അവിടെ വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ഗവേഷണം ആരംഭിച്ചെങ്കിലും സ്ത്രീ എന്ന നിലയിലും കറുത്തവർഗക്കാരി എന്ന നിലയിലും വലിയ വിവേചനം അവർക്കു നേരിടേണ്ടിവന്നു.

ഗത്യന്തരമില്ലാതെ വംഗാരി ജർമ്മനിയിലേക്കു പോയി. അവിടെനിന്നു ഡോക്ടറേറ്റ് നേടി തിരികെ നെയ്റോബി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് ലക്ചററായി നിയമിതയായ വംഗാരി ഡോക്ടറേറ്റ് നേടിയ ആദ്യ കിഴക്കൻ ആഫ്രിക്കൻ വനിതയായിരുന്നു. പിന്നീട് യൂണിവേഴ്സിറ്റിയിലെ പല ഉന്നത പദവികളും അവർ അലങ്കരിച്ചു. പഠനത്തിലും ഉദ്യോഗത്തിലും ഉയരങ്ങൾ താണ്ടുന്നതോടൊപ്പം വംഗാരി പല സാമൂഹികപ്രവർത്തനങ്ങളിലും ഏർപ്പെട്ടു.

വർഗ-ലിംഗ വിവേചനങ്ങൾക്കെതിരേ അവർ ശക്തമായി പ്രതികരിച്ചു. സ്ത്രീകൾക്കു തുല്യപദവിക്കായി അവർ പല വേദികളിലും ശബ്ദമുയർത്തി. ഒപ്പംതന്നെ പരിസ്ഥിതിപ്രശ്നങ്ങളിലും ക്രിയാത്മകമായി ഇടപെട്ടു. 1973 ൽ കെനിയയിലെ റെഡ്ക്രോസ് സൊസൈറ്റി ഡയറക്ടറായി അവർ തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹികപ്രവർത്തനങ്ങളിൽ മുഴുകി നെയ്റോബിയുടെ ഉന്നമനത്തിനായി പരിശ്രമിക്കുമ്പോൾ വംഗാരി ഒരു സത്യം തിരിച്ചറിഞ്ഞു. പരിസ്ഥിതിക്കു സംഭവിച്ച അപചയമാണ് നെയ്റോബിയിലെ സാമൂഹിക പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനം. 'എൻവിറോ കെയർ' എന്ന ഒരു സ്ഥാപനം അവർ ആരംഭിച്ചു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്നതായിരുന്നു അവരുടെ ദൗത്യം. സാമ്പത്തിക പരാധീനതമൂലം ആ പദ്ധതി വലിയ വിജയം കണ്ടില്ലെങ്കിലും അവർ യു.എൻ. കോൺഫെറൻസിലേക്കു ക്ഷണിക്കപ്പെട്ടു.

തിരികെ നെയ്റോബിയിലെത്തിയ വംഗാരി നാഷണൽ കൗൺസിൽ ഓഫ് വുമൻ ഓഫ് കെനിയ (NCWK)യുമായി ബന്ധപ്പെട്ട് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടി പുനരാരംഭിച്ചു. അതാണ് ലോകശ്രദ്ധയാകർഷിച്ച 'ഗ്രീൻ ബെൽറ്റ് മൂവ്മെന്റ്' ആയി മാറിയത്. വിവാഹമോചനം അവരുടെ സാമ്പത്തികസ്ഥിതിയെ ദോഷമായി ബാധിച്ചെങ്കിലും അവർ തന്റെ ദൗത്യങ്ങൾ തുടർന്നുപോന്നു.

അവരുടെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ ലോകശ്രദ്ധ ആകർഷിച്ചുതുടങ്ങി. ഗ്രീൻ ബെൽറ്റ് മൂവ്മെന്റ് ആഫ്രിക്കയിലെങ്ങും പടർന്നുപന്തലിച്ചു. ഒപ്പംതന്നെ വംഗാരി രാഷ്ട്രീയ കാര്യങ്ങളിലും ഇടപെടാൻ തുടങ്ങി. അഭിപ്രായസ്വാതന്ത്ര്യത്തിന്മേലുള്ള ഗവണ്മെന്റിന്റെ കടന്നുകയറ്റത്തിനെതിരേ വംഗാരി ശബ്ദമുയർത്തി. ഒടുവിൽ അവർ പരിസ്ഥിതി-ഭൂവിഭവ സഹമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു.

തന്റെ പദവികളെല്ലാംതന്നെ പ്രകൃതിസംരക്ഷണത്തിനായി അവർ ഉപയോഗപ്പെടുത്തി. ആഫ്രിക്കയുടെ രാഷ്ട്രീയ-പരിസ്ഥിതിമേഖലകളിൽ വലിയ വിപ്ലവം സൃഷ്ടിക്കാൻ വംഗാരി മാതായിക്കു കഴിഞ്ഞു. തന്റെ പ്രവർത്തനങ്ങളിലൂടെ അവർ ലോകശ്രദ്ധ പിടിച്ചുപറ്റി. ഒടുവിൽ 2004 ൽ നൊബേൽ സമ്മാനം അവരെ തേടിയെത്തി. അനേകം രാഷ്ട്രങ്ങളും യൂണിവേഴ്സിറ്റികളും അവരെ ആദരിച്ചു. ഇന്ത്യാ ഗവണ്മെന്റിന്റെ 2006 ലെ ഇന്ദിരാഗാന്ധി സമാധാനപുരസ്കാരവും അവർക്കു ലഭിച്ചു. ■



## സിനിമ



ഉമ അഭിലാഷ്

സുരേഷ് ഗോപിയും രൺജി പണിക്കരും പ്രധാന വേഷത്തിൽ എത്തുന്ന, നിതിൻ രൺജി പണിക്കർ സംവിധാനം ചെയ്ത ഏറ്റവും പുതിയ ചിത്രമാണ് കാവൽ. സുരേഷ് ഗോപി രണ്ടാം വരവു നടത്തുന്ന ആക്ഷൻ മൂവി എന്ന നിലയിൽ പ്രേക്ഷകർ ഏറെ കാത്തിരുന്ന സിനിമകൂടിയാണിത്. കേരളത്തിലെ 220 തിയേറ്ററുകളിൽ കാവൽ റിലീസ് ചെയ്തിരുന്നു. 14 ജില്ലകളിലും ഫാൻസ് ഷോ സംഘടിപ്പിച്ചിരുന്നു. നിതിൻ രൺജി പണിക്കർ കസബയ്ക്കു ശേഷം സംവിധാനം ചെയ്ത സിനിമയാണ് കാവൽ. ഗുഡ്‌വിൽ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ജോബി ജോർജാണ് ചിത്രം നിർമിച്ചിരിക്കുന്നത്. രൺജി പണിക്കരും ചിത്രത്തിൽ ശ്രദ്ധേയമായ വേഷം കൈകാര്യം ചെയ്യുന്നുണ്ട്. സുരേഷ് കൃഷ്ണ, സന്തോഷ് കീഴാറ്റൂർ, ശങ്കർ രാമകൃഷ്ണൻ, ശ്രീജിത്ത് രവി, രാജേഷ് ശർമ, കിച്ചു ടെല്ലസ്, കണ്ണൻ രാജൻ പി. ദേവ് തുടങ്ങിയവർ ചിത്രത്തിൽ അണിനിരക്കുന്നു. ഛായാഗ്രഹണം നിഖിൽ എസ്. പ്രവീൺ നിർവഹിക്കുന്നു. കല ദിലീപ് നാഥും, മേക്കപ് പ്രദീപ് രംഗനുമാണ്.

സുരേഷ് ഗോപി ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ചിത്രമാണ് കാവൽ. രൺജി പണിക്കർ - സുരേഷ് ഗോപി കൂട്ടുകെട്ട് ചരിത്രം ആവർത്തിക്കുമെന്നാണു സിനിമ കണ്ടിറങ്ങുന്ന പ്രേഷകപ്രതികരണങ്ങൾ.

സുരേഷ് ഗോപി എന്ന നടനെ ആളുകൾ എത്രമാത്രം ഇഷ്ടപ്പെടുന്നുവെന്നതിന് അദ്ദേഹത്തിന്റെ ഇൻട്രോയിൽ കൈയടിച്ചും ആർപ്പുവിളിച്ചും സന്തോഷം പ്രകടിപ്പിക്കുന്ന ആരാധകർ തെളിവാണ്. കസബയുടെ പോരായ്മകൾ പുതിയ ചിത്രത്തിൽ പരിഹരിക്കപ്പെടുമ്പോഴും ദുർബലമായ, കണ്ടും കേട്ടും മടുത്ത ഒരു തിരക്കഥ എന്നൊരു പോരായ്മ കാവലിനുണ്ട്.

ഇൻട്രോ സീനിൽ ആകാശത്തു വട്ടമിട്ടു പറക്കുന്ന പരുന്തിനെ നോക്കി മീശ പിരിക്കുന്ന തമ്പാന്റെ കണ്ണുകളിൽ തിളയ്ക്കുന്ന രൗദ്രം കാണുമ്പോൾത്തന്നെ ചാരത്തിലെ കനൽ കെട്ടിട്ടില്ലെന്നു നമുക്കു മനസ്സിലാകും. കാവൽ ഹൈറേഞ്ചിൽ നടക്കുന്ന ഒരു കഥയാണ്. ഒരു കാലത്ത് ഒരു പ്രദേശം അടക്കിവാണിരുന്ന, പിന്നീടു ദാരിദ്ര്യത്തിലും പലിശക്കടങ്ങളിലും, ഭീഷണികൾക്കു മുമ്പിലും ജീവിതം വീർപ്പുമുട്ടുന്ന ആന്റണി(രൺജി പണിക്കർ)യിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ഓരോ ദിവസവും തന്റെ കുടുംബത്തെ രക്ഷിക്കാൻ കഴിയാതെ വിഷമിക്കുന്ന ആന്റണിക്കും കുടുബത്തിനും കാവലായി ഹൈറേഞ്ചിലേക്കു പോകുകയാണ് തമ്പാൻ (സുരേഷ് ഗോപി). നല്ലകാലത്ത് പൊലീസിനു ബദലായിനിന്ന് പാവപ്പെട്ടവർക്കായി ആന്റണി നടത്തിയ പോരാട്ടത്തിൽ കരുത്തായി കൂടെനിന്നവൻ. വളരെ പതുക്കെ ഇമോഷൻ രംഗങ്ങൾക്കു പ്രാധാന്യം കൊടുത്തു






മുമ്പോട്ടു പോകുന്ന സിനിമയാണ് കാവൽ.

പതിവ് സുരേഷ് ഗോപിച്ചിത്രം പ്രതീക്ഷിക്കുന്നവർക്ക് കാവൽ അല്പം നിരാശ നൽകും. തരക്കേടില്ലാത്ത നല്ലൊരു സിനിമ എന്നതിനപ്പുറം പുതിയ നിർവചനങ്ങളൊന്നും ചിത്രത്തിനു നല്കാൻ സാധിച്ചിട്ടില്ല. പ്രേക്ഷകർ സുരേഷ് ഗോപിയിൽനിന്നു പ്രതീക്ഷിക്കുന്നതുപോലുള്ള ആക്ഷൻ മൂവിയല്ല കാവൽ. ട്രെയ്‌ലറിൽനിന്നു മനസ്സിലാകുന്നതിന് അപ്പുറമൊന്നും സിനിമ കാണുമ്പോഴും ലഭിക്കുന്നില്ല. ശക്തമായ ഒരു തിരക്കഥയില്ല എന്നതുതന്നെയാണ് സിനിമയുടെ പ്രധാന പോരായ്മ. എന്നിരുന്നാലും, പ്രേക്ഷകരെ ആവേശം കൊള്ളിക്കുന്ന തീപ്പൊരി ഡയലോഗുകളും അഭിനയത്തിന്റെ സ്വതഃസിദ്ധമായ സുരേഷ് ഗോപി സ്റ്റൈലും ഈ സിനിമയിലും കാണാൻ കഴിയും. രംഗങ്ങളോടു ചേരുന്ന പാശ്ചാത്തലസംഗീതവും. അനാവശ്യമായ കുത്തിനിറയ്ക്കലുകളില്ലാത്ത, ആക്ഷൻരംഗങ്ങളുള്ള ഒരു സിനിമയെന്ന നിലയിൽ കാവൽ കൈയടി അർഹിക്കുന്നു. വലിയ പ്രതീക്ഷകൾ ഇല്ലാതെ കാണുകയാണെങ്കിൽ കൊടുത്ത പൈസ മുതലാക്കാൻ പറ്റുന്ന ശരാശരിക്കു മുകളിലുള്ള ഒരു സിനിമയാണ് കാവൽ.

■

# പൈങ്കിളിയോട്

കവിത

പ്രഫ. എ.ടി. എബ്രഹാം വാളനാട്ട്



വരികംബര വീഥി വിട്ടു നൽ-
പ്പരമാനന്ദദമിങ്ങു പൈങ്കിളീ,
സുരഭിസ്സുമ രാജി കണ്ടിടാം,
സ്ഫുരദോമൽ ഫലമാസ്വദിച്ചിടാം.

അറിവേറിന നിങ്കൽനിന്നുമൊ-
ട്ടറിയാൻ മർത്യനു സാധ്യമായിടാം.
നരബുദ്ധിയിലൂടെ കാണുകിൽ
തിരിയാ ജീവിതസത്യമേറെയും.

തലയാട്ടുവതെന്തു? മൽ ക്ഷണം
ഛലമെന്നോർത്തു തിരസ്കരിക്കയോ?
ചില ദുഷ്ടകിരാതരോടു നീ
തുലനം ചെയ്കയൊ സർവ പേരെയും?

അഥവാ പ്രിയരെപ്പിരിഞ്ഞിടാൻ
വ്യഥ തോന്നീടുകമൂലമോ സഖേ?
സതതം പിരിയാതെഴുന്നതാം
സ്ഥിതിയെ? ങ്ങുറ്റവരെങ്ങു പാരിതിൽ?

തൃണവും ചകിരിത്തുരുമ്പുമായ്-
പ്പണി തീർത്തീടിന നിന്റെ പഞ്ജരം
മണിമാളികകൾ നമിക്കുമാ-
റനവദ്യം, തവവേലയദ്ഭുതം

ചെറുതാമൊരു ചെമ്പുതുട്ടിൽനി-
ന്നൊരുവൻ മെല്ലെ ധനാഢ്യനായിടാം.
പരമാ മണിമേടയാർന്നവൻ
തെരുവാധാരവുമായി വന്നിടാം.

സ്വരമാധുരി ചേർന്ന നിൻമനോ-
ഹര നൈസർഗിക ഗീതകോർമികൾ
അരികത്തെത്തുകിലേതൊരാർത്തനും
ത്വരിതം ചെറ്റുകുളിർക്കുമുൾത്തടം.

ഹരിതോജ്ജ്വലമാവപുസ്സു സു-
ന്ദര രക്താധരമോടു ചേരവേ
ഒരു പച്ചില സസ്യശാഖമേൽ
വിരിയുന്നൂ സുമമെന്നു തോന്നിടും.

ശതജാതി നിറങ്ങൾ മാനവർ
വിതറീടുന്നധരത്തി, ലെങ്കിലും
സ്വതവേ തവ ചുണ്ടിനുള്ളതാ-
മിതരാദൃശ്യ മഹസ്സൊടൊക്കുമോ?

ചിരതാരുണി ചേർന്ന നിൻമനോ-
ഹരമാം ചെഞ്ചൊടി പുഞ്ചിരിക്കയോ,
ജരയും നരയും നിറഞ്ഞൊരീ
നരനേയോർത്തഥവാ ഹസിക്കയോ?

അതികോമളമംഗപുഷ്ടിയും
ശ്രുതിയാർജിച്ചൊരു വാഗ്വിലാസവും
ബത! പഞ്ജരമേറ്റിടുന്നു തേ,
മുതുകാന്തിഭ്രമിയല്ലയോ നരൻ?

ഒരുവന്റെ സുഖത്തിനായ് മ-
റ്റൊരുവൻ ബന്ധനമേവമേല്ക്കയാം
നിരുപദ്രവിയായിരിക്കിലും
നരനീചത്വ വിധേയനേവനും.

സ്ഥിരമങ്ങൊരു കോണുചേർന്നു പ-
ഞ്ജരമൊന്നിന്നകമസ്സ്വതന്ത്രനായ്
മരുവുമ്പൊഴുമാമുഖത്തെഴും
ചാരിതാർത്ഥ്യം മനുജന്നു പാഠമാം.

ശമദായകനായ നീ ക്ഷണാൽ
ദ്രുമശാഖോന്മുഖമായ് പറക്കവേ
മമ ഹൃത്തിലുദിപ്പു വേഗമി-
ക്ഷമയെശ്ശിഷ്ടർ വിടുന്നൊരോർമ്മകൾ.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 36 Date of Publication 2 December 2021
Annual Subscription Rate ₹300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

## പാലാ ടൗൺ കപ്പേളയിൽ

# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

## 2021 ഡിസംബർ 8 -ാം തീയതി ബുധനാഴ്ച



ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കപ്പേളയിൽ പരിശുദ്ധ അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ ഡിസംബർ 1 മുതൽ 9 വരെ തീയതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുന്നു. പ്രധാന തിരുനാൾ ഡിസംബർ 8 ന് ആചരിക്കും. അമ്മയുടെ അനുഗ്രഹങ്ങളുടെ കരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയ നിർവൃതിയുടെ നിമിഷങ്ങളാണ്.

സ്വർഗവാതിലോളം മുട്ടിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. മനോഹരമായ ഈ ശിലാഗോപുരം ആരിലും അനുഭൂതിയുളവാക്കും. പരിശുദ്ധ അമലോദ്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തി നിൽക്കുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ, അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും.

പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻ പള്ളി എന്നീ മൂന്ന് ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിക്കുന്നത്. ഡിസംബർ 8 ജൂബിലിത്തിരുനാൾ അനുഗ്രഹവർഷത്തിന്റെ ദിനമായി മാതാവിന്റെ ഭക്തർ കാണുന്നു. കൊവിഡ്മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചാണ് തിരുക്കർമ്മങ്ങൾ നടത്തുന്നത്.

തിരുനാൾ ദിവസം കുരിശുപള്ളിക്കപ്പേളയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നാനാജാതിമതസ്ഥർ എത്തിച്ചേരുന്നു. മാതാവിന്റെ അനുഗ്രഹംവാങ്ങി സംതൃപ്തിയോടെ അവർ മടങ്ങിപ്പോകുന്നു. അഭയംതേടി... ആശ്വാസം തേടി... മാതൃസന്നിധിയിലെത്തുന്ന തന്റെ ഭക്തരെ അമ്മ കൈവെടിയാറില്ല... ഒരിക്കലും!

- ജോയി മുത്തോലി

### തിരുക്കർമ്മങ്ങൾ

**ഡിസംബർ - 8**

6.00 am വി. കുർബാന, സന്ദേശം, ലദീഞ്ഞ്
7.15 am വി. കുർബാന, സന്ദേശം
10.45 am ആഘോഷമായ വി. കുർബാന, സന്ദേശം - മാർ ജേക്കബ് മുരിക്കൻ
2.00. pm, 4.00. pm വി. കുർബാന, ലദീഞ്ഞ്
5.45 pm പ്രദക്ഷിണം
9.15 pm സമാപനപ്രാർത്ഥന

തത്സമയസംപ്രേഷണം
Trias Media Pala cathedral

തിരുനാൾ ആശംസകൾ!
ഭക്തജനങ്ങൾക്കു സ്വാഗതം
ലിസി ഹോട്ടൽ
ടൗൺ ഹാളിനു സമീപം, പാലാ
Mob: 9400613778
പാഴ്സൽ സൗകര്യം ലഭ്യമാണ്

തിരുനാൾ ആശംസകൾ!
നാലാം വയസ്സിലേക്ക്...
GRAND OFFER
10% to 30 %
i test optics



Opp. Cherupushpam Hospital
Thodupuzha Road, PALA
Ph: 9188282526, 9188292526
ഞങ്ങളുടെ സവിശേഷതകൾ
• കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന
• ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയ്മുകളും ലെൻസുകളും മിതമായ നിരക്കിൽ
• രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം.
• വിശാലമായ പാർക്കിംഗ് സൗകര്യം.

മൂന്നരപ്പതിറ്റാണ്ടിന്റെ വിശ്വസ്തത !
സിൻസിയർ ബുക്സ് & സ്റ്റേഷനറി
ടൗൺ ഹാൾ, പാലാ, Ph: 048222- 211157, 9447231238
(കേന്ദ്ര- സംസ്ഥാനസർക്കാർ പ്രസിദ്ധീകരണങ്ങളുടെ അംഗീകൃതവിതരണക്കാർ)
സ്കൂൾ- കോളജ് ടെക്സ്റ്റ്ബുക്കുകൾ, ഗൈഡുകൾ, ഇംഗ്ലീഷ് മലയാളം സ്റ്റോറികൾ, നോവലുകൾ, ഗവ. പ്രസിദ്ധീകരണങ്ങൾ, ഡയറികൾ, കലണ്ടറുകൾ, കുട്ടികൾക്കുള്ള ഗിഫ്റ്റ് ഐറ്റംസ്... റൈറ്റിംഗ് മെറ്റീരിയൽസ്, ബ്ലാക് &വൈറ്റ് ബോർഡുകൾ, കാസിയോ കാൽക്കുലേറ്റർ, പ്ലാസ്റ്റിക് പേപ്പർ, ഫയൽ ഐറ്റംസ്, അക്കൗണ്ട് ബുക്കുകൾ, രജിസ്റ്ററുകൾ, ഗ്ലോബ്, മാപ്പുകൾ, ചാർട്ട് പേപ്പറുകൾ, നോട്ടുബുക്കുകൾ, ഗിഫ്റ്റ് പേനകൾ, മനോരമ, മാതൃഭൂമി, പ്രസിദ്ധീകരണങ്ങൾ...
ഞങ്ങളോടു സഹകരിച്ചുകൊണ്ടിരിക്കുന്ന ഏവർക്കും നന്ദിയുടെ നറുമലരുകൾ!

തിരുനാളാശംസകൾ!



മണീസ് ടെയ്‌ലേഴ്സ്
ന്യൂ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്
റിവർവ്യൂ റോഡ്, പാലാ Phone: 9447145789
എല്ലാവിധ ജെന്റ്സ് വർക്കുകൾക്കും സമീപിക്കുക...
Prop: പി.ജി. മണി, പാലാ

ജൂബിലിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!
പി. ഡി. ജോർജ് & സൺസ്
പൂവേലിൽ
കവീക്കുന്ന് - പാലാ
PHONE: 9447037247




ജൂബിലിത്തിരുനാൾ ആശംസകൾ!
ചെറുവള്ളിൽ സ്റ്റോഴ്സ്
ടൗൺ ബസ്സ്റ്റാൻഡിനു സമീപം, പാലാ
Ph: 04822- 212360(Shop), 212016, 205429 (Res)
അരി, പലചരക്ക്, കാലിത്തീറ്റ, ബിരിയാണി ഐറ്റംസ്, സ്പൈസസ്, സ്റ്റേഷനറി etc...

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org